# അഭിനന്ദനങ്ങൾ

# പ്രാർത്ഥനാശംസകൾ



തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയായി

നിയമിതനായിരിക്കുന്ന അഭിവന്ദ്യ

## മാർ ജോർജ് ഞരളക്കാട്ട് പിതാവിന്

മാനന്തവാടി രൂപതാ കുടുംബത്തിന്റെ

അഭിനന്ദനങ്ങളും പ്രാർത്ഥനാനിർഭരമായ

വിജയാശംസകളും.

## തലശ്ശേരി രൂപതയുടെ നിയുക്ത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോർജ് ഞരളക്കാട്ട് പിതാവിന് അഭിനന്ദനങ്ങൾ, പ്രാർത്ഥനാശംസകൾ

മാനന്തവാടി രൂപതാംഗവും മാനന്തവാടി രൂപതയുടെ ആരംഭം മുതൽ രൂപതയുടെ വിവിധ സേവനരംഗങ്ങളിൽ ത്യാഗപൂർവ്വം അതുല്യ സേവനം കാഴ്ചവച്ച, അജപാലന രംഗത്ത് ഏറെ പരിചയ സമ്പന്നനും മണ്ഡ്യ രൂപതയുടെ പ്രഥമ മെത്രാനുമായ മാർ ജോർജ് ഞരളക്കാട്ട് 2014 ആഗസ്റ്റ് 29 മുതൽ തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയായി നിയമിക്കപ്പെട്ടിരിക്കുന്നതിൽ മാനന്തവാടി രൂപത ഏറെ സന്തോഷിക്കുകയും അഭിമാനിക്കുകയും നിയുക്തമെത്രാപ്പോലീത്തായ്ക്ക് എല്ലാവിധ അനുമോദനാശംസകളും നേരുകയും ചെയ്യുന്നു. തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്തയായ അഭിവന്ദ്യ ജോർജ് വലിയമറ്റം പിതാവ് വിരമിക്കുന്ന ഒഴിവിലേയ്ക്കാണ് ഞരളക്കാട്ട് പിതാവ് നിയമിതനായത്. ഒക്ടോബർ 30-ന് രാവിലെ 9.30 നാണ് സ്ഥാനാരോഹണം.

കോതമംഗലം രൂപതയിൽപ്പെട്ട കലയന്താനി ഇടവകയിൽ 1946 ജൂൺ 3 നാണ് അദ്ദേഹം ജനിച്ചത്. പരേതനായ ഞരളക്കാട്ട് വർക്കി, മേരി എന്നിവരാണ് അദ്ദേഹത്തിന്റെ മാതാപിതാക്കൾ. അദ്ദേഹത്തിന്റെ ഏക സഹോദരൻ പീറ്ററും കുടുംബവും നടവയലിൽ താമസിക്കുന്നു. ഏകസഹോദരി എൽസമ്മ അമ്പലത്തിങ്കൽ ദ്വാരകയിലും. മാർ ജോർജ് ഞരളക്കാട്ട് എൽ.പി., യു.പി. വിദ്യാഭ്യാസം ആരക്കുഴിയിൽ നടത്തി. 1960-ൽ അദ്ദേഹത്തിന്റെ കുടുംബം നടവയലിലേയ്ക്ക് കുടിയേറി. അതിനാൽ ഹൈസ്കൂൾ വിദ്യാഭ്യാസം നടവയൽ സെന്റ് തോമസ് ഹൈസ്കൂളിലാണ് നടത്തിയത്. പിന്നീട് അദ്ദേഹം മൈസൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.എ. കരസ്ഥമാക്കി.

1963 മുതൽ 1965 വരെ അദ്ദേഹം തലശ്ശേരി രൂപതാ മൈനർ സെമിനാരിയിൽ പഠിച്ചു. തുടർന്ന് തത്വശാസ്ത്ര

ദൈവശാസ്ത്ര പഠനങ്ങൾ ആലുവാ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ പൂർത്തിയാക്കി. 1971 ഡിസംബർ 20-ാം തീയതി തലശ്ശേരി മെത്രാനായിരുന്ന അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിൽ നിന്നും വൈദിക പട്ടം സ്വീകരിച്ചു. പിന്നീട് അദ്ദേഹം 1983 സെപ്റ്റംബർ മുതൽ 1986 ഡിസംബർ വരെയുള്ള കാലഘട്ടത്തിൽ റോമിലെ പൊന്തി ഫിക്കൽ സലേഷ്യൻ യൂണിവേഴ്സിറ്റിയിൽ നിന്ന് മതബോധ നത്തിൽ ലൈസൻഷ്യേറ്റ് കരസ്ഥമാക്കി.

പൗരോഹിത്യ സ്വീകരണശേഷം തലശ്ശേരി അതിരൂപത യിലെ കണിച്ചാർ ഇടവകയിലാണ് അദ്ദേഹം അസ്തേന്തിയായി സേവനം ആരംഭിച്ചത്. (1972 മെയ് മുതൽ 1973 ഏപ്രിൽ വരെ) തുടർന്ന് 1973 ഏപ്രിൽ മുതൽ 1975 മെയ് വരെ അരിഞ്ചേർമല, കണിയാമ്പറ്റ ഇടവകകളുടെ വികാരിയായും, 1975 മെയ് മുതൽ 1977 ജനുവരി 7 വരെ വഞ്ഞോട് വികാരിയായും സേവനമനു ഷ്ഠിച്ചശേഷം 1977 ജനുവരി മുതൽ 1983 സെപ്റ്റംബർ വരെ രൂപതാ മിഷൻലീഗിന്റെ ഡയറക്ടറായും, മതബോധനത്തിന്റെ അസി. ഡയറക്ടറായും സേവനമനുഷ്ഠിച്ചു. പിന്നീട് 1987 ജനുവരി മുതൽ 1994 മെയ് മാസം വരെ രൂപത പാസ്റ്ററൽ സെന്ററിന്റെയും മതബോധനത്തിന്റെയും ഡയറക്ടറായി സേവനം ചെയ്തു. 1994 മെയ് മുതൽ 1997 മാർച്ച് വരെ രൂപതാ പ്രൊക്യുറേറ്ററും ആറാട്ടുതറ ഇടവക വികാരിയുമായി സേവ നമനുഷ്ഠിച്ച അദ്ദേഹം 1997 മാർച്ച് 1 മുതൽ 2003 ഏപ്രിൽ 22 വരെ രൂപതയുടെ വികാരി ജനറാളായി സേവനമനുഷ്ഠിച്ചു. അഭിവന്ദ്യ എമ്മാനുവേൽ പോത്തനാമുഴി പിതാവിന്റെ മരണ ശേഷം 2003 ഏപ്രിൽ 23 മുതൽ 2004 മെയ് 15 വരെ രൂപത യുടെ അഡ്മിനിസ്ട്രേറ്ററായും സേവനം അനുഷ്ഠിച്ചു. പിന്നീട് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിനോടൊപ്പം 2004 മെയ് മാസം മുതൽ 2006 മെയ് മാസം വരെ രൂപതാ വികാരി ജനറാ ളായി സേവനം തുടർന്നു. ഇതിനിടയിൽ 1997 മാർച്ച് 1 മുതൽ 2006 മെയ് 15 വരെ രൂപതയുടെ ഏക കോളേജായ മേരിമാതാ

ആർട്സ് ആന്റ് സയൻസ് കോളേജിന്റെ മാനേജരായിരുന്നു. 2006 മെയ് മാസം മുതൽ 2008 മെയ് മാസം വരെ നിലമ്പൂർ ഫൊറോന പള്ളിയുടെ വികാരിയായും റീജിയണൽ നവീകരണ പ്രസ്ഥാനത്തിന്റെ ഡയറക്ടറുമായി സേവനമനുഷ്ഠിച്ച ശേഷം 2008 മെയ് മാസം മുതൽ, മാനന്തവാടി രൂപതയിൽ നിന്നും വിഭജിച്ച് കർണ്ണാടകയിൽ സ്ഥാപിതമായ സീറോ മലബാർ രൂപതയായ ഭദ്രാവതിയുടെ പ്രഥമ വികാരി ജനറാളായി അഭിവന്ദ്യ അരുമച്ചാടത്ത് പിതാവിനോടൊപ്പം സേവനമനുഷ്ഠിച്ചു. 2010 ജനുവരി 18 ന് പുതിയതായി രൂപം കൊണ്ട മണ്ഡ്യ രൂപതയുടെ പ്രഥമ മെത്രാനായി നിയമിതനായ പിതാവ് അവിടെ വളരെ സ്തുത്യർഹമായ സേവനങ്ങൾ കാഴ്ചവയ്ക്കുന്നതിനിടയിലാണ് തലശ്ശേരി അതിരൂപതാ മെത്രാപോലീത്തയായി നിയമിതനായത്.

4 മെത്രാന്മാരോടൊപ്പം രൂപതാ കേന്ദ്രങ്ങളിലും, ദീർഘകാലം സംഘടന, മതബോധനരംഗങ്ങളിലും, ഇടവകകളിലും നാലുവർഷത്തിലേറെ മണ്ഡ്യരൂപതയുടെ മെത്രാനായും സേവനം ചെയ്യാൻ ഭാഗ്യം ലഭിച്ച മാർ ജോർജ് ഞരളക്കാട്ടിന്റെ വലിയ അനുഭവസമ്പത്ത് തലശ്ശേരി അതിരൂപതയുടെ ഇടയനെന്ന നിലയിലുള്ള അദ്ദേഹത്തിന്റെ അജപാലന പ്രവർത്തനങ്ങൾ എളുപ്പമാക്കി തീർക്കുമെന്നതിന് സംശയമില്ല. തലശ്ശേരി രൂപതയിലെയും അനേകം വൈദികരേയും സമർപ്പിതരെയും ദൈവജനത്തേയും വ്യക്തിപരമായി പേരുചൊല്ലി വിളിക്കാൻ മാത്രം പരിചയമുള്ള മാർ ജോർജ് ഞരളക്കാട്ട് പിതാവിന്റെ ഈ സ്ഥാനലബ്ദിയിൽ മാനന്തവാടി രൂപത മുഴുവന്റേയും ഹൃദയം നിറഞ്ഞ സന്തോഷം ഒരിക്കൽകൂടി അറിയിക്കുകയും മാനന്തവാടി രൂപത മുഴുവന്റേയും പ്രാർത്ഥനാ നിർഭരമായ ആശംസകൾ നേരുകയും ചെയ്യുന്നു.

• • • •

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 05 ഒക്ടോബർ–2014 ലക്കം 10**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


സർക്കുലർ ................................................................ 05

സർക്കുലർ ................................................................ 07

പ്രാർത്ഥനാദിനം ........................................................ 12

കുർബാനയിലെ വീഞ്ഞ്................................................ 16

കേരള സഭയുടെ പശ്ചാത്തലത്തിൽ ക്രൈസ്തവ കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികൾ ................. 20

വിട്ടുകൊടുക്കരുത് അവരെ, ലഹരിക്ക്..................... 27

ഒരു രാജകീയ കിരീടം ............................................. 30

രൂപതാകച്ചേരി വാർത്തകൾ ..................................... 35

പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് ............................ 37

ലഹരിവിമുക്ത വർഷാചരണം ................................ 40

മതബോധനരംഗം ..................................................... 49

ചെറുപുഷ്പമിഷൻലീഗ് ............................................. 51

*Department of Youth Ministry* .................................... 56

കെ.സി.വൈ.എം. ..................................................... 58

കുടുംബപ്രേഷിതത്വം ................................................ 69

സീയോൻ വാർത്തകൾ ............................................ 73

വിൻസെന്റ് ഡി പോൾ സൊസൈറ്റി ....................... 76

സാമൂഹ്യ സേവനരംഗം (WSSS) ................................. 80

കേരള ലേബർ മൂവ്മെന്റ് ........................................ 84

റേഡിയോ മാറ്റൊലി ................................................ 85

*Mary Matha Arts & Science College* .............................. 87

*CEADOM* വിദ്യാഭ്യാസ മേഖല ....................................... 88

അറിയിപ്പുകൾ ........................................................... 91

പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ................................... 92

ബിഷപ്സ് പ്രോഗ്രാം ................................................. 93

# സർക്കുലർ

***Circular Letter No. 12/2014***
***Prot. No. 16360/2014***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നമുക്കേവർക്കും ഏറെ സന്തോഷം നൽകുന്ന ഒരു വാർത്തയായിരുന്നല്ലോ നമ്മുടെ അതിരൂപതയായ തലശ്ശേരിയുടെ മെത്രാപ്പോലീത്താ ആയി കർണ്ണാടകത്തിലെ മണ്ഡ്യ രൂപതയുടെ മെത്രാൻ അഭിവന്ദ്യ ജോർജ് ഞരളക്കാട്ട് പിതാവ് നിയമിതനായ വിവരം. ഓഗസ്റ്റ് 18 മുതൽ 30 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച് ബിഷപ്പിന്റെ കാര്യാലയത്തിൽ ചേർന്ന സീറോ മലബാർ മെത്രാൻ സിനഡാണ് സഭാ നിയമപ്രകാരം അദ്ദേഹത്തെ തെരഞ്ഞെടുത്തത്. പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പയുടെ അംഗീകാരത്തോടെ തെരഞ്ഞെടുപ്പ് വിവരം അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പ് ഓഗസ്റ്റ് 29 ന് വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 3.30 ന് അദ്ദേഹത്തിന്റെ കാര്യാലയത്തിൽ വച്ച് പരസ്യപ്പെടുത്തി.

തലശ്ശേരി അതിരൂപതയ്ക്ക് വേണ്ടി വൈദികനായ അഭിവന്ദ്യ ഞരളക്കാട്ട് പിതാവ് മാനന്തവാടി രൂപത സ്ഥാപിതമായപ്പോൾ അവിടെ ചേരുകയായിരുന്നു. കാരണം അദ്ദേഹത്തിന്റെ പിതൃഭവനം മാനന്തവാടി രൂപതയിലെ നടവയൽ ഇടവകയിലാണ്. പല തലങ്ങളിലുള്ള തന്റെ ശുശ്രൂഷയിലൂടെ മാനന്തവാടി രൂപതയുടെ വളർച്ചയിൽ നിർണ്ണായകമായ പങ്ക് അദ്ദേഹം വഹിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ആ ശുശ്രൂഷകളെ നന്ദിപൂർവ്വം ഓർക്കുന്നു. പിന്നീട് ഭദ്രാവതി രൂപത സ്ഥാപിതമായപ്പോൾ അതിന്റെ പ്രോട്ടോ സിഞ്ചെല്ലൂസ് എന്ന നിലയിലും അദ്ദേഹം ശുശ്രൂഷ ചെയ്തു. അവിടെ ആയിരുന്നപ്പോഴാണ് മണ്ഡ്യയിൽ നിയമിതനായത്. പുതിയ നിയമനത്തോടെ നമ്മുടെ അതിരൂപതാ മെത്രാപ്പോലീത്താ എന്ന നിലയിൽ അദ്ദേഹത്തിന്റെ സേവനം നമുക്ക് ലഭ്യമാകുന്നു.

ഇത്തരുണത്തിൽ തലശ്ശേരി അതിരൂപതയ്ക്കും അതിന്റെ അഭിനവ ഇടയനായ അഭിവന്ദ്യ ഞരളക്കാട്ട് ജോർജ് പിതാവിനും ഭാവുകങ്ങളും ആശംസകളും ദൈവാനുഗ്രഹവും നേരാം. തലശ്ശേരി അതിരൂപതയ്ക്കും തലശ്ശേരിയുടെ സാമന്തരൂപതകളായ മാനന്തവാടി,

താമരശ്ശേരി, ബെൽത്തങ്ങാടി, ഭദ്രാവതി, മണ്ഡ്യ എന്നീ രൂപതകളിലെ ദൈവജനത്തിനും അവരുടെ ആദ്ധ്യാത്മികവും ഭൗതീകവുമായ വളർച്ചയ്ക്കും പുരോഗതിക്കും പുതിയ മെത്രാപ്പോലീത്തായുടെ നിയമനം നിമിത്തമാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. അതുപോലെ അഭിവന്ദ്യ ഞരളക്കാട്ട് പിതാവിന് ആയുരാരോഗ്യങ്ങൾ നേരുകയും ചെയ്യാം.

ഒക്ടോബർ മാസം 30-ന് വ്യാഴാഴ്ച രാവിലെ 9.30 ന് തലശ്ശേരി കത്തീഡ്രൽ ദേവാലയാങ്കണത്തിലാണ് അദ്ദേഹത്തിന്റെ സ്ഥാനാരോഹണച്ചടങ്ങുകൾ നടക്കുന്നത്. നമ്മുടെ രൂപതയിൽ നിന്ന് ഔദ്യോഗികമായി ഒരു സംഘം ചടങ്ങുകളിൽ പങ്കെടുക്കുന്നതാണ്. അതോടൊപ്പം സാധിക്കുന്നിടത്തോളം പേർ നമ്മുടെ രൂപതയിൽ നിന്ന് പങ്കെടുക്കാൻ ശ്രമിക്കണം എന്ന് അഭ്യർത്ഥിക്കുന്നു. സ്ഥാനാരോഹണ ചടങ്ങുകളിൽ പങ്കെടുക്കുന്നവരുടെ എണ്ണം ഓരോ ഇടവകയിലെയും ബഹു. വികാരിയച്ചന്മാർ ശേഖരിക്കുകയും ഒക്ടോബർ 15-ന് മുൻപായി മാനന്തവാടി രൂപതാ വികാരി ജനറാളച്ചനെയോ ചാൻസലറച്ചനെയോ അറിയിക്കുക കൂടി ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. ഇക്കാര്യം തലശ്ശേരിയിൽ നിന്ന് പ്രത്യേകം അറിയിച്ചിട്ടുണ്ട്. അവർക്ക് എണ്ണം മുൻകൂട്ടി ലഭിക്കേണ്ടതിനാണിത്. നമ്മുടെ രൂപതയിൽ നിന്ന് പങ്കെടുക്കുന്ന എല്ലാവരും രൂപതാകേന്ദ്രത്തിൽ നിന്ന് തയ്യാറാക്കിതരുന്ന ബാഡ്ജ് ധരിക്കേണ്ടതാണ്. ഇവിടെ ലഭിക്കുന്ന എണ്ണം അനുസരിച്ചുള്ള ബാഡ്ജുകളേ തയ്യാറാക്കുകയുള്ളൂ. ഒക്ടോബർ 20-ാം തീയതിക്കും 25-ാം തീയതിക്കുമിടയിൽ രൂപതാ കേന്ദ്രത്തിൽ നിന്ന് ബാഡ്ജുകൾ കൈപ്പറ്റാവുന്നതാണ്. ബഹു. വികാരിയച്ചന്മാർ ഇക്കാര്യം ശ്രദ്ധിക്കുമല്ലോ. കർത്താവിന്റെ കൃപ നിങ്ങളോടു കൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2014 സെപ്റ്റംബർ മാസം 20 ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2014 ഒക്ടോബർ മാസം 5-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 11/2014***
***Prot. No. 16351/2014***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ഇടവകതിരുനാളുകളെപ്പറ്റി തീരുമാനിക്കാൻ നമ്മുടെ ഇടവകകളിൽ പൊതുയോഗങ്ങളിലും പാരിഷ് കൗൺസിലുകളിലും ചർച്ചകൾ സജീവമാകുന്ന കാലമാണല്ലോ ഒക്ടോബർ – നവംബർ മാസങ്ങൾ. തിരുനാളുകളുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷങ്ങളിൽ നിങ്ങൾക്ക് ഞാൻ പല നിർദ്ദേശങ്ങളും നൽകിയിരുന്നു. പല ഇടവകകളിലും അക്കാര്യങ്ങൾ വളരെ ഗൗരവമായി ചർച്ച ചെയ്യുകയും തദനുസാരം തീരുമാനങ്ങൾ എടുത്ത് നടപ്പാക്കിത്തുടങ്ങുകയും ചെയ്തിട്ടുണ്ട് എന്നത് ഏറെ ശുഭോദർക്കമായ കാര്യമാണ്. എന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ താൽപ്പര്യം കാണിക്കുന്ന ബഹുമാനപ്പെട്ട വികാരിയച്ചന്മാരേയും അവരോടൊപ്പം പ്രവർത്തിക്കുന്ന ഇടവക ഭരണസമിതി അംഗങ്ങളേയും സമർപ്പിത സമൂഹങ്ങളേയും പ്രത്യേകം അനുമോദിക്കുകയും നന്ദി പറയുകയും അവരെയെല്ലാം കർത്താവിന്റെ കൃപയ്ക്കായി സമർപ്പിക്കുകയും ചെയ്യുന്നു. ശേഷിക്കുന്നവർ എത്രയുംവേഗം അപ്രകാരം ചെയ്യും എന്ന് ഞാൻ പ്രത്യാശിക്കുന്നു.

ക്രൈസ്തവ വിശ്വാസത്തിനുവേണ്ടി ജീവൻ ത്യജിച്ചവരുടെ ഓർമ്മദിനങ്ങളുടെ ആചരണമാണ് ഇന്നത്തെ രീതിയിലുള്ള വിശുദ്ധരുടെ തിരുനാളാഘോഷങ്ങളായി രൂപാന്തരപ്പെട്ടത്. സ്വന്തം ജീവൻ രക്ഷിക്കുവാൻ ആഗ്രഹിക്കുന്നവൻ അത് നഷ്ടപ്പെടുത്തും; എന്നാൽ ആരെങ്കിലും എനിക്കുവേണ്ടി സ്വജീവൻ നഷ്ടപ്പെടുത്തിയാൽ അവനത് കണ്ടെത്തും (മത്താ 16:25) എന്ന കർതൃവചനം ജീവിച്ചവർ എന്ന അർത്ഥത്തിൽ രക്തസാക്ഷികളുടെ മരണദിനങ്ങൾ സ്വർഗ്ഗത്തിലുള്ള അവരുടെ ജനന ദിവസങ്ങളായി കണക്കാക്കി ആദിമക്രൈസ്തവർ ഓർമ്മിക്കുകയായിരുന്നു. തങ്ങളോരോരുത്തരും അപ്രകാരം ആ വിശ്വാസം ജീവിക്കണം എന്ന ആ ആചരണങ്ങൾ ആദിമക്രൈസ്തവരെ ഓർമ്മപ്പെടുത്തി. ക്രമേണ വന്ദകന്മാർ എന്ന് സഭയിൽ അറിയ

പ്പെട്ടിരുന്നവരുടെ മരണദിനങ്ങളും ഇപ്രകാരം ആചരിക്കാൻ തുടങ്ങി. ക്രിസ്തുവിലുള്ള വിശ്വാസം ധീരോദാത്തമായി ജീവിച്ച് മരിച്ചവരെയാണ് വന്ദകന്മാർ എന്ന ഗണത്തിൽപെടുത്തിയിരുന്നത്. കാലക്രമത്തിൽ വിശുദ്ധരെന്നു വിളിക്കപ്പെട്ട എല്ലാവരുടേയും മരണദിനങ്ങൾ ഇപ്രകാരം ആചരിക്കപ്പെടാൻ തുടങ്ങി.

തിരുനാളുകൾ ഒരിക്കലും ആഘോഷമായ സദ്യ അനുഭവിക്കാനുള്ള ദിവസമോ കലാമേളകൾ അരങ്ങേറാനുള്ള അവസരമോ സാമൂഹ്യ ഒന്നുചേരലിനുള്ള വേളയോ ആയിരുന്നില്ല. പ്രത്യുത, തികച്ചും ആദ്ധ്യാത്മികമായ ഒരു ലക്ഷ്യമാണ് അതിനുണ്ടായിരുന്നത്. ഈ ആദ്ധ്യാത്മിക ലക്ഷ്യം എന്തെന്ന് ഏറ്റവും നന്നായി പ്രതിഫലിപ്പിക്കുന്ന ഒന്നാണ് തിരുനാളുകളോടനുബന്ധിച്ച് നടത്തുന്ന പ്രദക്ഷിണങ്ങൾ.

രണ്ട് കാര്യങ്ങളാണ് പ്രധാനമായും നിങ്ങളെ ഞാൻ നിരന്തരം ഓർമ്മപ്പെടുത്തിക്കൊണ്ടിരുന്നത്. ഒന്ന് നമ്മുടെ തിരുനാളാഘോഷങ്ങൾ നഷ്ടപ്പെട്ടുപോയ അവയുടെ ആദ്ധ്യാത്മിക മാനം വീണ്ടെടുക്കണം. രണ്ട്, ആഘോഷങ്ങളും ആർഭാടങ്ങളും കുറച്ച് അവയ്ക്ക് ചെലവാക്കാൻ ഉദ്ദേശിച്ച പണത്തിന്റെ ഒരംശമെങ്കിലും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കണം. ഇത് എന്റെമാത്രം ഒരു ആശയമല്ല. കേരള കത്തോലിക്കാ മെത്രാൻസമിതി ഒന്നടങ്കം തന്നിട്ടുള്ള നിർദ്ദേശങ്ങളാണ്. 2010 ജൂൺ 8 മുതൽ 10 വരെ എറണാകുളത്ത് നടന്ന കേരള കത്തോലിക്കാ മെത്രാൻ സമിതിയിൽ നടന്ന ചർച്ചകളുടെ പശ്ചാത്തലത്തിലാണ് ആ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. ഇക്കാര്യങ്ങൾ കഴിഞ്ഞ വർഷങ്ങളിലെല്ലാം ഞാൻ ആവർത്തിച്ചിട്ടുമുണ്ട്.

തിരുനാളുകളുടെ വാണിജ്യവത്ക്കരണം, കച്ചവടസ്ഥാപനങ്ങൾ ചെയ്യുന്നതുപോലെ വലിയപരസ്യ ബോർഡുകൾ സ്ഥാപിച്ച് ആളുകളെ ആകർഷിക്കൽ, റോഡ് വക്കിലുള്ള കപ്പേളകളിലും കുരിശടികളിലും മറ്റും ഗതാഗതം തടസ്സപ്പെടുത്തിക്കൊണ്ടുള്ള ആഘോഷങ്ങളും പ്രദക്ഷിണങ്ങളും, തിരുനാളിന് ചെലവാകുന്ന പണത്തിൽ ഒരുഭാഗം ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് മാറ്റിവയ്ക്കേണ്ടുന്നതിന്റെ ആവശ്യകത, അക്രൈസ്തവമായ ചടങ്ങുകൾ തിരുനാളാഘോഷങ്ങളുടെ ഭാഗമാക്കുന്ന തെറ്റായ രീതി, പള്ളിയുടെ പാവനതയ്ക്കും ക്രൈസ്തമൂല്യങ്ങൾക്കും ചേരാത്ത കലാപരിപാടികളും മറ്റും പള്ളിപ്പരിസരങ്ങളിൽ അവതരിപ്പിക്കുന്നതിലെ അപാകത, രാവേറിയും പരിപാടികൾ നീണ്ട് പോകുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ, ആഘോഷത്തിന്റെ കൊഴുപ്പ് കൂട്ടാൻ ഒന്നിലധികം മെത്രാന്മാരെ ക്ഷണിക്കുന്നരീതി, മറ്റിടവകകളിൽ നിന്ന് കുരിശ്, കുട തുടങ്ങിയവ കടം വാങ്ങി ഉപയോഗിക്കുന്ന പതിവ്, തിരുനാൾ പ്രദക്ഷിണങ്ങൾ സാംസ്കാരിക ഘോഷയാ

ത്രയിലേക്ക് അധഃപതിക്കുന്ന പ്രവണത, കരിമരുന്ന് പ്രയോഗത്തിലെ അശ്രദ്ധയും അപകടങ്ങളും, തുടങ്ങിയ വിഷയങ്ങളിലാണ് ഇപ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്. അവയിലേയ്ക്ക് ഒരിക്കൽകൂടി നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കുകയാണ്. ഇത് നിങ്ങളിൽ ചിലർക്കെങ്കിലും അലോസരം ഉണ്ടാക്കിയെന്ന് വരാം. എന്നാൽ അവ നിരന്തരം നിങ്ങളെ ഓർമ്മപ്പെടുത്തേണ്ടത് എന്റെ കടമയായി ഞാൻ കരുതുന്നു. നിരന്തരം ഓർമ്മപ്പെടുത്തിയതിന്റെ ഫലമായി തെർമോക്കോളിന്റേയും പ്ലാസ്റ്റിക്കിന്റേയും ഉപയോഗത്തിൽ വന്ന കുറവും അതിന്റെ നന്മകളും ഇത്തരുണത്തിൽ എല്ലാവരും ഓർക്കുന്നത് നന്നായിരിക്കും. അസാധ്യമെന്ന് തോന്നിയ കാര്യം നിങ്ങളുടെ സഹകരണമുണ്ടായപ്പോൾ സാധിതമായി. എനിക്കതിൽ വളരെ ചാരിതാർത്ഥ്യമുണ്ട്. തിരുനാളുകളുടെ കാര്യത്തിലും ഇതുപോലെ തന്നെ മാറ്റങ്ങൾ വരുത്താൻ നമുക്ക് കഴിയും.

വിശുദ്ധരുടെ തിരുനാളുകൾ അവർ ജീവിച്ച വിശ്വാസ ജീവിതത്തിന്റെ പ്രഘോഷണവും അവരുടെ ജീവിതമാതൃക അനുകരിക്കാനുള്ള ക്ഷണവുമാണ്. ആ അവസരങ്ങൾ കേവലം ഭൗതികമായി സന്തോഷിക്കാനുള്ള അവസരങ്ങളല്ല. തിരുനാളിന് കാരണഭൂതരായ വിശുദ്ധരുടെ വിശുദ്ധിക്ക് നിദാനമായ കാര്യങ്ങളാണ് ഓരോ തിരുനാളിലും നിഴലിക്കേണ്ടത്. ഉദാഹരണമായി വി. അൽഫോൻസാമ്മയുടെ തിരുനാൾ ചടങ്ങുകൾ ആ വിശുദ്ധ സഹനത്തിന് കൊടുത്ത പ്രാധാന്യം എടുത്ത് കാണിക്കുന്നതും സഹനത്തെ ക്രിസ്തീയമായി സ്വീകരിക്കാൻ വിശ്വാസികളെ പ്രാപ്തരാക്കുന്നതുമാകണം. ഒരു വർഷത്തെ തിരുനാളാഘോഷത്തിനുശേഷം അടുത്ത വർഷത്തെ ആഘോഷംവരെയുള്ള കാലഘട്ടത്തിൽ ആ വിശുദ്ധയുടെ ജീവിതത്തെ അനുകരിച്ച് സഹനത്തെ സ്വീകരിക്കാനുള്ള പ്രചോദനം ലഭ്യമാകുന്നു എന്ന് ഉറപ്പു വരുത്തുക.  അതല്ലെങ്കിൽ വിശുദ്ധർ കേവലം ഉദ്ദിഷ്ടകാര്യങ്ങൾ വാങ്ങിത്തരുന്നവരും ഇടവകയുടെ സാമ്പത്തിക വരവിന് കാണമാകുന്നവരും മാത്രമായി അധഃപതിക്കും. ഇന്നത്തെ തിരുനാളാഘോഷങ്ങളിലേയ്ക്ക് വിശുദ്ധർ കടന്നു വരുകയാണെങ്കിൽ അവർ അവയെ എങ്ങനെ സ്വീകരിക്കും എന്ന് സങ്കൽപ്പിച്ച് നോക്കാവുന്നതാണ്.

തിരുനാളുകളോടനുബന്ധിച്ച് നടത്തപ്പെടുന്ന പ്രദക്ഷിണങ്ങളാണ് നമ്മുടെ സജീവപരിഗണനയ്ക്ക് വിധേയമാകേണ്ട മറ്റൊരു വിഷയം. കേരളം ഒന്നാകെ ഒരു പട്ടണമായിമാറിക്കഴിഞ്ഞു. എങ്കിലും നമ്മുടെ റോഡുകൾ ഇന്നും പഴയ ഗ്രാമീണ ശൈലിയിലുള്ളതാണ്. ഈ റോഡുകളിലൂടെ അത്യാധുനിക വാഹനങ്ങൾ ചീറിപ്പായുകയും മനുഷ്യരും മൃഗങ്ങളും മറ്റും യാതൊരു ശ്രദ്ധയുമില്ലാതെ നടന്നുപോകുകയും ചെയ്യു

ന്നുണ്ട്. അതിനിടയിലൂടെ പ്രദക്ഷിണങ്ങൾ കടന്നു പോകുമ്പോൾ ഉണ്ടാകുന്ന വൈഷമ്യങ്ങളും അതിൽ പതിയിരിക്കുന്ന അപകടങ്ങളും കണ്ടില്ലെന്ന് നടിക്കുന്നത് ശരിയല്ല. ജാതി-മത-സഹിഷ്ണത കുറയുകയും പരസ്പരസ്പർദ്ധ കൂടിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ ഇത്തരം പ്രദക്ഷിണങ്ങൾ പരസ്പരസഹിഷ്ണത ഇനിയും കുറയ്ക്കാനും സ്പർദ്ധവീണ്ടും വർദ്ധിപ്പിക്കാനും മാത്രമേ ഉപകരിക്കുകയുള്ളു എന്ന് നാം ഓർക്കണം. നമ്മുടെ പ്രദക്ഷിണങ്ങൾ ശക്തിപ്രകടനങ്ങളല്ല. എങ്കിലും രാഷ്ട്രീയ ശക്തിപ്രകടനങ്ങൾ കണ്ട് ശീലിച്ചവർക്ക് അങ്ങനെയേ അവ അനുഭവപ്പെടുകയുള്ളു. ഒരു സമൂഹം എന്ന നിലയിലും മതമെന്ന നിലയിലും നമ്മുടെ നിലനിൽപ്പിന് തന്നെ ഭീഷണിയായേക്കാവുന്ന വലിയൊരു അപകടം അതിൽ പതിയിരിപ്പുണ്ട്. കാരണം ശക്തിപ്രകടനം ശക്തികുറഞ്ഞവരിൽ അസൂയയും ഭയവും ജനിപ്പിക്കുകയും തൽഫലമായി നമ്മൾ ഉദ്ദേശിക്കാത്ത പ്രത്യാഘാദങ്ങൾ ഉണ്ടാവുകയും ചെയ്തേക്കാം. ഈ വസ്തുത നമ്മൾ കാണാതിരിക്കരുത്.

കാണികളെ കൂട്ടാനുള്ള സാംസ്കാരിക ഘോഷയാത്രകളുമല്ല പ്രദക്ഷിണങ്ങൾ. അതുകൊണ്ട് തന്നെ ചെണ്ട-ബാൻഡ്-ശിങ്കാരിമേളക്കാരുടെ നീണ്ടനിരകൾക്കും പ്രച്ഛന്നവേഷക്കാർക്കും ഒന്നും അവിടെ പ്രസക്തിയുമില്ല. നമ്മുടെ പ്രദക്ഷിണങ്ങളുടെ പിന്നിലുള്ള ആദ്ധ്യാത്മിക കാഴ്ചപ്പാടിനെപ്പറ്റി മുമ്പൊരിക്കൽ ഞാൻ നിങ്ങൾക്ക് എഴുതിയിരുന്നത് ഒരിക്കൽകൂടി ഓർമ്മപ്പെടുത്തട്ടെ. കുരിശിൽ മരിച്ച് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ അനുയാത്ര ചെയ്ത് സ്വർഗ്ഗത്തിലേയ്ക്കു പ്രവേശനം നേടാനുള്ള ഒരു തീർത്ഥയാത്രയാണ് വിശ്വാസജീവിതം എന്ന് നമ്മെ ഓർമ്മപ്പെടുത്തുന്ന കർമ്മമാണ് നമ്മുടെ പ്രദക്ഷിണങ്ങൾ. ഏറ്റവും മുമ്പേ വഹിക്കപ്പെടുന്ന മരക്കുരിശ് നമ്മെ ഓർമ്മപ്പെടുത്തുന്നത് കുരിശിൽ മരിച്ച് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെയാണ്. അവിടുത്തെ അനുയാത്ര ചെയ്ത ഒരു വ്യക്തിയുടെ ഓർമ്മയാണ് തിരുനാളിൽ ആചരിക്കുന്നത് എന്നാണ് പ്രദക്ഷിണത്തിൽ വഹിക്കപ്പെടുന്ന രൂപവും തിരുശേഷിപ്പും നമ്മോട് വിളിച്ചോതുന്നത്. പ്രദക്ഷിണങ്ങൾക്ക് നമ്മുടെ പൂർവ്വികർ കൊടുത്തിരുന്ന ഈ ആദ്ധ്യാത്മികാർത്ഥം കൈമോശം വരാതെ നാം ശ്രദ്ധിക്കണം.

ആകാശവിസ്മയം എന്ന പേരിൽ പുറംവാതിലിലൂടെ കടന്ന് വന്നിരിക്കുന്ന വെടിക്കെട്ടിന്റേയും കരിമരുന്ന് പ്രയോഗത്തിന്റേയും കാര്യത്തിലും നമുക്കൊരു ശ്രദ്ധ ഉണ്ടാകണം. ബന്ദ് മാറി ഹർത്താൽ വന്നപ്പോഴുള്ള അവസ്ഥാ വിശേഷമാണ് ഇവിടെ സംജാതമായിരിക്കുന്നത്. ഫലത്തിൽ രണ്ടും ഒന്ന് തന്നെയാണല്ലോ. കരിമരുന്ന് പ്രയോഗത്തിൽ

പതിയിരിക്കുന്ന ശബ്ദമലിനീകരണവും അന്തരീക്ഷ മലിനീകരണവും അപകടവും നമ്മുടെ സവിശേഷ ശ്രദ്ധയ്ക്ക് വിഷയമാകണം. ഇവ യൊന്നും നിസ്സാരവത്ക്കരിക്കേണ്ട വിഷയങ്ങളല്ല. അവയെ നമ്മുടെ നില നിൽപ്പിന്റെ വിഷയങ്ങളായി മനസ്സിലാക്കണം.

ഓരോ വർഷവും തിരുനാളുകൾക്ക് ചെലവാക്കാൻ ഉദ്ദേശിക്കുന്ന തുകയുടെ അഞ്ച് ശതമാനമെങ്കിലും രൂപതയുടെ വിദ്യാഭ്യാസ നിധി യിലേയ്ക്ക് തരുന്ന കാര്യം പരിഗണിക്കണം എന്ന് മുൻപ് നിങ്ങളോട് ഞാൻ പറഞ്ഞിട്ടുള്ളത് ഈ വർഷവും ആവർത്തിക്കുകയാണ്. ഒട്ടു മിക്ക ഇടവകകളിലും ജീവകാരുണ്യ പ്രവർത്തനത്തിന് ധനസമാഹരണം നട ത്തുന്നുണ്ടെന്നും ധാരാളം ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തു ന്നുണ്ട് എന്നുമുള്ള വസ്തുത മറന്നുകൊണ്ടല്ല ഞാനിത് എഴുതുന്നത്. ഇവിടെ നമ്മൾ ഓർക്കേണ്ടത് വിധവയുടെ കൊച്ചുകാശിനെയാണ്. നമ്മുടെ മിച്ചത്തിൽ നിന്നല്ല, പ്രത്യുത നമ്മുടെ അത്യാവശ്യത്തിൽ നിന്ന് നാം ജീവകാരുണ്യപ്രവർത്തനം നടത്താനാണ് കർത്താവ് ആവശ്യപ്പെ ടുന്നത്. മുൻ വർഷങ്ങളിലേതുപോലെ ഈ വർഷവും തിരുനാളിന് വകയിരുത്തുന്ന തുകയുടെ അഞ്ച് ശതമാനമെങ്കിലും രൂപതാ വിദ്യാ ഭ്യാസ നിധിയിലേയ്ക്ക് നിങ്ങൾ സംഭാവന ചെയ്യണം എന്ന് അഭ്യർത്ഥി ക്കുന്നു. അത് ലഭിക്കുന്ന കുട്ടികൾ നിങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കു കയും നിങ്ങളെ ദൈവം അനുഗ്രഹിക്കുകയും ചെയ്യും. അങ്ങനെ നമ്മുടെ തിരുനാളാഘോഷങ്ങൾ ക്രൈസ്തവ വിശ്വാസത്തിന്റെ പ്രഘോഷ ണവും അതിലേയ്ക്കുള്ള ക്ഷണവുമാകട്ടെ. കർത്താവിന്റെ കൃപ നിങ്ങ ളേവരോടും കൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2014 സെപ്റ്റംബർ മാസം 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2014 ഒക്ടോബർ മാസം 12-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# പ്രാർത്ഥനാദിനം

## മെത്രാന്മാരുടെ സിനഡിന്റെ 3–ാം അസാധാരണ സമ്മേളനത്തിന്റെ വിജയത്തിന്
## 2014 സെപ്തംബർ 28 ഞായർ

2014 സെപ്തംബർ 28–ാം തീയതി ഞായറാഴ്ച മെത്രാന്മാരുടെ സിനഡിന്റെ 3–ാം അസാധാരണ സമ്മേളനത്തിനുവേണ്ടിയുള്ള പ്രാർത്ഥ നയ്ക്കായി മാറ്റിവച്ചിരിക്കുന്നു. ആ സമ്മേളനം ഒക്ടോബർ 5 മുതൽ 19 വരെയായിരിക്കും. സമ്മേളനവിഷയം ''കുടുംബങ്ങൾ നേരിടുന്ന അജ പാലനപരമായ വെല്ലുവിളികൾ: സുവിശേഷവത്കരണത്തിന്റെ സാഹ ചര്യത്തിൽ'' എന്നതാണ്.

പ്രാദേശികസഭകളും ഇടവകസമൂഹങ്ങളും സന്ന്യസ്തരുടെ സ്ഥാപനങ്ങളും സംഘടനകളും പ്രസ്ഥാനങ്ങളും കുർബാനയുടെ സമ യത്തും ലിറ്റർജിപരമായ മറ്റ് അനുഷ്ഠാനങ്ങളിലും ഈ നിയോഗ ത്തോടെ പ്രാർത്ഥിക്കാൻ ക്ഷണിക്കപ്പെട്ടിരിക്കുന്നു. സമ്മേളനത്തിനു മുമ്പുള്ള ദിവസങ്ങളിലും സമ്മേളനം നടക്കുന്ന ദിവസങ്ങളിലും അപ്ര കാരം പ്രാർത്ഥിക്കണം. വിശ്വാസികൾ വ്യക്തിപരമായും, പ്രത്യേകിച്ച് എല്ലാ കുടുംബങ്ങളിലും, ഈ പ്രാർത്ഥനകളിൽ പങ്കുചേരാൻ ക്ഷണിക്ക പ്പെട്ടിരിക്കുന്നു.

ഫ്രാൻസിസ് മാർപാപ്പാ രചിച്ച ''സിനഡിനുവേണ്ടി തിരുക്കുടും ബത്തോടുള്ള പ്രാർത്ഥന'' എല്ലാകുടുംബങ്ങളിലും ചൊല്ലാൻ നിർദ്ദേ ശിക്കപ്പെട്ടിട്ടുണ്ട്. വിശുദ്ധ കുർബാനയിൽ വിശ്വാസികളുടെ പ്രാർത്ഥന യിൽ / മധ്യസ്ഥപ്രാർത്ഥനയിൽ താഴെപ്പറയുന്ന നിയോഗങ്ങൾ ഉൾപ്പെ ടുത്തണം. സെപ്തംബർ 28–ലെ കുർബാനയിൽ അവ ഉൾപ്പെടുത്തണം. അന്നത്തെ കാനോന നമസ്കാരത്തിലെ റംശാ പ്രാർത്ഥനയിലും അവ ഉൾപ്പെടുത്തണം. സിനഡിന്റെ സമ്മേളനകാലത്ത് കൊന്തനമസ്കാരം നടത്തുകയും വേണം.

## താഴെകൊടുത്തിരിക്കുന്ന പ്രാർത്ഥന കുടുംബങ്ങളിൽ
## സന്ധ്യാ പ്രാർത്ഥനാ സമയത്ത് ചൊല്ലേണ്ടതാണ്

### I. സിനഡിനുവേണ്ടി തിരുക്കുടുംബത്തോടുള്ള പ്രാർത്ഥന

ഈശോ മറിയം യൗസേപ്പേ, നിങ്ങളിലുള്ള യഥാർത്ഥ സ്നേഹ ത്തിന്റെ പ്രഭയെക്കുറിച്ച് ഞങ്ങൾ ധ്യാനിക്കുന്നു. ആത്മധൈര്യത്തോടെ ഞങ്ങൾ നിങ്ങളിലേക്കു തിരിയുന്നു.

നസ്രസ്സിലെ തിരുക്കുടുംബമേ, ഞങ്ങളുടെ കുടുംബങ്ങൾ ഐക്യത്തിന്റെയും പ്രാർത്ഥനയുടെയും കേന്ദ്രങ്ങളും സുവിശേഷത്തിന്റെ യഥാർത്ഥവിദ്യാലയങ്ങളും ചെറിയ ഗൃഹസഭകളുമാകാൻ അനുഗ്രഹിക്കണമേ.

നസ്രസ്സിലെ തിരുക്കുടുംബമേ, കുടുംബങ്ങൾ ഇനി മേൽ ഒരിക്കലും അക്രമവും പരിത്യജിക്കലും വിഭജനവും അനുഭവിക്കാൻ ഇടയാകാതിരിക്കട്ടെ. ദ്രോഹിക്കപ്പെട്ടവരും ഉതപ്പിന് വിധേയരാക്കപ്പെട്ടവരും ആശ്വാസവും സൗഖ്യവും എളുപ്പത്തിൽ കണ്ടെത്താൻ ഇടയാകട്ടെ.

നസ്രസ്സിലെ തിരുക്കുടുംബമേ, കുടുംബത്തിന്റെ പവിത്രതയും അലംഘനീയതയും ദൈവികപദ്ധതിയിൽ അതിനുള്ള സൗന്ദര്യവും ഒരിക്കൽക്കൂടി ഞങ്ങളെ ഓർമ്മിപ്പിക്കാൻ ആസന്നമായിരിക്കുന്ന മെത്രാന്മാരുടെ സമ്മേളനം കാരണമാകട്ടെ.

ഈശോ മറിയം യൗസേപ്പേ, കരുണാപൂർവം ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ. ആമ്മേൻ

## താഴെ വരുന്ന കാറോസൂസാ ഒക്ടോബർ 5 മുതൽ 19 വരെയുള്ള ഞായറാഴ്ച കുർബാനയിൽ ചൊല്ലേണം

### II. വിശ്വാസികളുടെ പ്രാർത്ഥന/മധ്യസ്ഥപ്രാർത്ഥന

സ്നേഹത്തിൽ സഭയുടെ അധ്യക്ഷനായിരിക്കാൻ അങ്ങ് ഞങ്ങളുടെ പരി. പിതാവ് ഫ്രാൻസീസ് പാപ്പായെ വിളിച്ചുവല്ലോ. മെത്രാൻ സംഘത്തിന്റെയും മുഴുവൻ ദൈവജനത്തിന്റെയും കൂട്ടായ്മയ്ക്കായുള്ള സേവനത്തിൽ ശുശ്രൂഷ ചെയ്യാൻ അദ്ദേഹത്തെ സഹായിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ

കർത്താവിന്റെ പരിശുദ്ധാത്മാവ് സിനഡിൽ പങ്കെടുക്കുന്ന എല്ലാവരുടേയും ഹൃദയങ്ങളെ പ്രകാശിപ്പിക്കട്ടെ. കുടുംബം നേരിടുന്ന വെല്ലുവിളികളെ ദൈവികപദ്ധതിയോടുള്ള വിശ്വസ്തതയിൽ സഭ പ്രതികരിക്കാൻ ഇടയാകണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു:

കർത്താവേ, ........

ദൈവികപദ്ധതി പ്രകാരം സമൂഹത്തിന്റെ മൗലികഘടകമെന്ന നിലയിൽ കുടുംബത്തിന്റെ മൂല്യം അംഗീകരിക്കുന്നവയും പ്രയാസങ്ങളിൽ കുടുംബങ്ങളെ സഹായിക്കുന്നവയുമായ പദ്ധതികൾ നടപ്പിലാക്കാൻ എല്ലാ രാഷ്ട്രീയ നേതാക്കളേയും പരിശുദ്ധാത്മാവ് പ്രചോദിപ്പിക്കുന്നതിനായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കർത്താവേ, ........

ഭാര്യാഭർത്താക്കന്മാരുടെ ഐക്യത്തെ തന്റെ സാന്നിധ്യം കൊണ്ട് മുദ്രവച്ച കർത്താവ് നമ്മുടെ കുടുംബങ്ങളെ നസ്രസ്സിലെ കുടുംബത്തിന്റെ മാതൃകയിൽ പ്രാർത്ഥനയുടെ ശാലകളും ജീവന്റെയും സ്നേഹത്തിന്റെയും തീവ്രതയുള്ള സമൂഹങ്ങളുമാക്കുവാൻവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കർത്താവേ, ........

ക്ഷമിക്കലിലേക്കും അനുരഞ്ജനത്തിലേക്കുമുള്ള യാത്രയിൽ ധാരണയും ക്ഷമയും പ്രദർശിപ്പിക്കുന്ന സഭയുടെ മാതൃത്വപരമായ ശ്രദ്ധയിലൂടെയും താത്പര്യത്തിലൂടെയും കരുണാസമ്പന്നനായ കർത്താവ് എല്ലാ ഭാര്യാ ഭർത്താക്കന്മാരിലും സന്നിഹിതനായിരിക്കാൻവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കർത്താവേ, ........

സുവിശേഷത്തെപ്രതി മാതൃദേശം വിട്ടു പലായനം ചെയ്യാൻ നിർബന്ധിക്കപ്പെട്ട എല്ലാ കുടുംബങ്ങളേയും മറിയത്തോടും യൗസേപ്പിനോടുംകൂടെ വിപ്രവാസം അനുഭവിച്ച കർത്താവ് തന്റെ കൃപകൊണ്ട് ആശ്വസിപ്പിക്കുന്നതിനും അവർക്ക് സാഹോദര്യപരമായ സ്നേഹത്തിന്റെയും മാനുഷികമായ ഐക്യദാർഢ്യത്തിന്റെയും വഴികൾ തുറന്നുകൊടുക്കുന്നതിനും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കർത്താവേ, ........

വൃദ്ധരായ ശിമയോൻ, അന്ന എന്നിവരാൽ ദേവാലയത്തിൽ വച്ചു സ്വീകരിക്കപ്പെട്ട കർത്താവ് ഞങ്ങളുടെ വല്ല്യപ്പന്മാരേയും വല്ല്യമ്മമാരേയും വിവേകമുള്ള സഹകാരികളാക്കട്ടെ. കുട്ടികൾക്കു വിശ്വാസം പകർന്നു നല്കാനും വളർത്താനും അവർ മാതാപിതാക്കളോടു സഹകരിക്കുന്നവരാകാൻ ഞങ്ങൾപ്രാർത്ഥിക്കുന്നു.

കർത്താവേ, ........

തന്റെ പരസ്യശുശ്രൂഷയിൽ കുട്ടികളെ സ്വാഗതം ചെയ്യുകയും സ്വർഗ്ഗരാജ്യത്തിലേക്ക് പ്രവേശിക്കുന്നവരുടെ മാതൃകകളായി കുട്ടികളെ കാണിക്കുകയും ചെയ്ത ജീവന്റെ കർത്താവ് ഗർഭസ്ഥജീവനോടുള്ള ആദരവുണ്ടാകാൻ പ്രചോദിപ്പിക്കുന്നതിനും ജീവനോടുള്ള ക്രൈസ്തവവീക്ഷണത്തിന് അനുസൃതമായി കുട്ടികളെ വളർത്താനുള്ള പദ്ധതികൾ ഉണ്ടാകാൻ ഇടയാകുന്നതിനും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കർത്താവേ, ........

കാനായിലെ കല്യാണത്തെ പവിത്രീകരിച്ച കർത്താവ് ദൈവിക പദ്ധതിയനുസരിച്ച് കുടുംബത്തിനുള്ള വിശുദ്ധിയുടെ സൗന്ദര്യവും അലംഘനീയതയും യുവജനങ്ങൾ കണ്ടെത്താൻ പ്രേരിപ്പിക്കുന്നതിനും വിവാഹത്തിനു തയ്യാറാകുന്നവരെ സഹായിക്കുന്നതിനുംവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കർത്താവേ, ........

**നമുക്ക് പ്രാർത്ഥിക്കാം**

തന്റെ കരവേലയെ ഒരിക്കലും ഉപേക്ഷിക്കാത്ത ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ. സഭ തന്റെ സിനഡുയാത്ര തുടങ്ങുന്ന ഈ സന്ദർഭത്തിൽ സഭയെ പ്രകാശിപ്പിക്കുവാൻ അവിടത്തെ പുത്രന്റെ പരിശുദ്ധാത്മാവിനെ അയയ്ക്കണമേ. നസ്രസിലെ തിരുക്കുടുംബത്തിൽ പ്രശോഭിച്ച യഥാർത്ഥ സ്നേഹത്തിന്റെ പ്രഭയെക്കുറിച്ച് സഭ ധ്യാനിക്കാൻ ഇടയാകട്ടെ. ഇന്നത്തെ ലോകത്തിലെ വെല്ലുവിളികളോട് ധീരതയോടും കാരുണ്യത്തോടുംകൂടി പ്രത്യുത്തരിക്കുന്നതിന് സ്വാതന്ത്ര്യവും അനുസരണവും പഠിക്കുവാൻ ഇടയാകുകയും ചെയ്യട്ടെ.

*പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം*
*കൊച്ചി – 682 025/23.09.2014/Ref: 2885/K 35/OL/KCBC/DS*

# കുർബാനയിലെ വീഞ്ഞ്

ഡി ബാബു പോൾ

പള്ളിയെ വെള്ളാപ്പള്ളി പരിഹസിച്ചപ്പോൾ കഥയറിയാത്തവർ മാത്രമായിരിക്കും ആസ്വദിച്ചിരിക്കുക. എങ്കിലും പള്ളിയും വീഞ്ഞും തമ്മിൽ എന്താണ് ബന്ധം എന്ന് അറിയുന്നത് മലയാളിയുടെ പൊതു വിജ്ഞാനത്തിന് അനുപേഷണീയമാണ് എന്ന് തെളിഞ്ഞിരിക്കുന്നു.

ഈജിപ്തിലെ ഫറവോ രാജാക്കന്മാർ വീഞ്ഞ് ഉപയോഗിച്ചിരുന്നു എന്നതിന് തെളിവുണ്ടെങ്കിലും ക്രിസ്തുവിന് 1100 സംവത്സരങ്ങൾക്ക് മുമ്പ് ഫിനീഷ്യരും നാലു നൂറ്റാണ്ടുകൾ കഴിഞ്ഞ് യവനരും ഉപ യോഗിക്കാൻ തുടങ്ങിയതോടെയാണ് വീഞ്ഞിന്റെ കഥ തുടങ്ങുന്നത്. 'ദി വേൾഡ് അറ്റ്ലസ് ഓഫ് വൈൻ' എന്ന പുസ്തകം ഒട്ടും മുഷി യാതെ വായിക്കാവുന്നതാണ്, താല്പര്യമുള്ളവർക്ക്. ശേഷം ജനം ക്രിസ്തുവിന്റെ തലമുറയിൽ യവന-റോമൻ സ്വാധീനതയിൽ പലസ്തീൻ നാട്ടിലെ യഹൂദന്മാർക്കും വീഞ്ഞ് സ്വീകാര്യമായി എന്നറി ഞ്ഞാൽ മതി സാമാന്യ വിജ്ഞാനത്തിന്.

ക്രിസ്തുവിന്റെ മുന്നോടിയായി വാഴ്ത്തപ്പെടുന്ന സ്നാപകയോഹ ന്നാൻ നാസീർവ്രതം സ്വീകരിക്കുകയും മദ്യം ഉപയോഗിക്കാതിരിക്കു കയും ചെയ്തു. ശ്രീയേശു സാമൂഹികമര്യാദകളിൽനിന്ന് അകന്നുനി ന്നില്ല. അതുകൊണ്ട് ശ്രീയേശു വീഞ്ഞ് കഴിച്ചിട്ടുണ്ടാവണം. ഭക്ഷ്യപേ യങ്ങൾ നിർവചിക്കുന്നതിന് അതീതമായ ആദ്ധ്യാത്മികതയാണല്ലോ അവിടുന്ന് പഠിപ്പിച്ചത്.

യഹൂദനായി ജനിച്ച്, യഹൂദനായി ജീവിച്ച്. യഹൂദനായി മരിച്ച ക്രിസ്തു യഹൂദന്മാരുടെ ആചാരമനുസരിച്ചുള്ള പെസഹാ ആചരിച്ചി രുന്നു. അറസ്റ്റ് ചെയ്യപ്പെടുന്നതിന്റെ തലേന്ന് താൻ പെസഹാ ആചരി ക്കുമ്പോൾ വിശുദ്ധ കുർബാന എന്ന അനുഷ്ഠാനം സ്ഥാപിച്ചു എന്ന താണ് ആർജിതവിജ്ഞാനം. പെസഹാ മേശയിൽ യഹൂദന്മാർക്ക് വീഞ്ഞ് ആചാരത്തിന്റെ ഭാഗമായിരുന്നു. അങ്ങനെയാണ് വീഞ്ഞ് കുർബാനയിൽ കടന്നുവരുന്നത് (വീഞ്ഞിന് പകരം മുന്തിരിച്ചാറും പച്ച വെള്ളവും ഉപയോഗിച്ചിരുന്നത് പിറകേ പറയാം). അതുകൊണ്ട് യഹൂ ദരുടെ പെസഹാ എന്തായിരുന്നു എന്നാണ് ആദ്യം നാം അന്വേഷിക്കേ ണ്ടത്.

പൂർവ്വപിതാവായ യാക്കോബിന്റെ മകൻ ഫറവോയുടെ ദിവാൻജി ആയിരുന്ന കാലത്ത് ഈജിപ്തിൽ കുടിയേറിയ ഇസ്രായേൽ ജനം പിൽക്കാലത്ത് പീഡിപ്പിക്കപ്പെട്ടു. മോശ ആയിരുന്നു അവരെ വിമോചിപ്പിച്ചത്. ആ കഥകൾ ബൈബിളിന്റെ പഴയനിയമത്തിൽ പുറപ്പാട് പുസ്തകത്തിൽ വായിക്കാം. അവർ ഈജിപ്തിൽ കഴിച്ച അവസാനത്തെ ഭക്ഷണത്തിന്റെ ഓർമ്മയാണ് പെസഹാ.

പെരുന്നാളിന്റെ തലേന്ന് യരുശലേം ദേവാലയത്തിൽ അജബലി. ആട്ടിൻകുട്ടിയെ അറക്കുന്നത് ആരാധകൻതന്നെ. ചിന്തപ്പെടുന്ന രക്തം സ്വർണ്ണത്തളികകളിൽ ശേഖരിക്കുന്നതും ബലിപീഠത്തിൽ അർപ്പിക്കുന്നതും പുരോഹിതന്മാർ. ജഢം തീയിലിട്ട് വേണം പാകം ചെയ്യാൻ. ഒപ്പം മറ്റ് ചിലതുകൂടെ വേണം പെസഹായുടെ ചടങ്ങുകൾക്ക്. പുളിപ്പില്ലാത്ത അപ്പം (മാവ് പുളിപ്പിച്ചെടുക്കാൻ നേരം ഇല്ലാതെ പലായനം ചെയ്ത സന്ധ്യയിലെ ഭക്ഷണത്തിന്റെ ഓർമ്മ), ഒരു കോപ്പ ഉപ്പുനീര് (ഈജിപ്തിൽ ഒഴുകിയ കണ്ണീരിന്റെയും മറികടന്ന ചെങ്കടലിന്റെയും പ്രതീകം), കയ്പ്പൻ മുള്ളങ്കി, ഉവർച്ചീര, ചിക്കറി തുടങ്ങി ഈജിപ്തിലെ കയ്പേറിയ ജീവിതാനുഭവങ്ങളുടെ പ്രതീകമായ ചില പച്ചക്കറികൾ, ഷാരോസെത്ത് എന്നൊരു ചമ്മന്തി (ആപ്പിൾ, ഈന്തപ്പഴം, മാതളം, അണ്ടിപ്പരിപ്പ്, ഇലവർങ്ഗം എന്നിവ ചേർത്ത് ഉണ്ടാക്കിയിരുന്നത്; ചുവപ്പുനിറം പീഡനകാലത്ത് ഇഷ്ടിക നിർമിച്ചതിന്റെ ഓർമ), നാല് കപ്പ് വീഞ്ഞ്.

നാല് കപ്പ് ഈശ്വരന്റെ നാല് വാഗ്ദാനങ്ങളുടെ സൂചകം. പുറപ്പാട് പുസ്തകത്തിൽ കാണുന്ന രണ്ടു വാക്യങ്ങളിൽ (6:6, 7) ഈ വാഗ്ദാനങ്ങൾ കാണാം. വീഞ്ഞിൽ 3:2 എന്ന അനുപാതത്തിൽ വെള്ളം ചേർത്ത് വീര്യം കുറച്ച് കൊള്ളണം.

ക്രിസ്തു അവസാനത്തെ അത്താഴം കഴിച്ചപ്പോൾ തന്റെ ആത്മബലിയോടെ മൃഗബലി അവസാനിക്കുന്നതായി പ്രഖ്യാപിച്ചു. അപ്പത്തെ തന്റെ ശരീരമായും വീഞ്ഞിനെ രക്തമായും വിളംബരം ചെയ്തു. ക്രിസ്ത്യാനികളുടെ കുർബാന ഈ സംഭവത്തെയാണ് പിൻപറ്റുന്നത്. അതുകൊണ്ടാണ് വീഞ്ഞ് കൂടാതെ കുർബാനയില്ല എന്നൊക്കെ പറയുന്നത്.

വീഞ്ഞ് ചുവപ്പുനിറത്തിൽ ഉള്ളതും മുന്തിരിയിൽ നിന്ന് ഉണ്ടാക്കിയതും ആയിരിക്കണം. പശ്ചിമരാജ്യങ്ങളിൽ വെള്ളവീഞ്ഞ് (വൈറ്റ് വൈൻ) ഉപയോഗിക്കുന്ന വിഭാഗങ്ങളും റോമൻ കത്തോലിക്കാ രൂപതകളും ഉണ്ട് എന്നത് ശരിതന്നെ. എന്നാൽ, അത് പ്രോത്സാഹിപ്പിക്കപ്പെ

ടുന്നില്ല. നിറം ചുവപ്പായാൽ മാത്രം പോര. ചെറിയിൽ നിന്ന് നിർമ്മിക്കുന്ന വീഞ്ഞിന് കൂടുതൽ ചുവപ്പുണ്ട്. എന്നാൽ മുന്തിരിയുടെ വീഞ്ഞു തന്നെ വേണം എന്ന് സഭ നിഷ്കർഷിക്കുന്നു. ബൈബിളിൽ 'മുന്തിരി വള്ളിയുടെ അനുഭവം' എന്ന് പെസഹാനാളിൽ ക്രിസ്തു പറഞ്ഞതാണ് ഇതിന് അടിസ്ഥാനം.

ബിവറേജ് കോർപ്പറേഷന്റെ വല്ല ഔട്ട്ലറ്റിലും പോയി വാങ്ങിയ സാധനം ഉപയോഗിക്കാൻ സഭ അനുവദിക്കുന്നില്ല. എട്ടുമുതൽ ഇരുപതുവരെ ശതമാനം വീര്യം ഉണ്ടാകാം. എന്നാൽ, 'വിനാഗിരിയാവാതെ' എന്നും മറ്റും നിയമങ്ങളിൽ പറയുന്നുണ്ട്. അതേസമയം, വീഞ്ഞിനോട് അലർജിയുള്ള വൈദികർക്കും മദ്യാസക്തിക്ക് ചികിത്സ കഴിഞ്ഞ കത്തനാരന്മാർക്കും ഒക്കെ വേറെ വ്യവസ്ഥകൾ ഉണ്ടുതാനും.

ആദിമ നൂറ്റാണ്ടുകളിൽ വീഞ്ഞിന് പകരം വെള്ളം ഉപയോഗിച്ചിരുന്നതായി ചില അപ്പൊക്രീഫൽ രചനകളിൽ (യോഹന്നാന്റെ നടപടികൾ, പൗലോസിന്റെ നടപടികൾ, പത്രോസിന്റെ നടപടികൾ) കാണാം. തോമായുടെ നടപടികൾ എന്ന കൃതിയിലും ഗ്രീക്ക് ഭാഷയിൽ വീഞ്ഞ് എന്ന് കാണുന്നില്ല എന്ന് ജോൺ ഡേവിഡ്സൺ 'യേശുവിന്റെ സുവിശേഷം' എന്ന കൃതിയിൽ പറയുന്നുണ്ട്. എന്നാൽ, സഭയുടെ ഔദ്യോഗിക നിലപാട് മുന്തിരിങ്ങയിൽ നിന്ന് ഉണ്ടാക്കുന്നതും ചുവന്നനിറം ഉള്ളതും നേരിയതോതിൽ പുളിച്ചതുമായ വീഞ്ഞുതന്നെ ഉപയോഗിക്കണം എന്നാണ്.

ഉണക്കമുന്തിരി വെള്ളത്തിലിട്ട് കുതിർത്തെടുത്തശേഷം പിറ്റേന്ന് പിഴിഞ്ഞെടുക്കുന്ന രീതി കേരളത്തിൽ ഉണ്ടായിരുന്നു. എന്റെ ബാല്യകാലത്തുപോലും അത് കപ്യാരുടെ ജോലിയിൽപ്പെട്ടിരുന്നു. നിത്യവും കുർബാന ചൊല്ലുന്ന രീതി കേരളത്തിലും വ്യാപകമായപ്പോൾ അത് അപ്രായോഗികമായി എന്നതാണ് സത്യം. പോർച്ചുഗീസുകാർ വന്നതിനു ശേഷമാണ് ഈ മാറ്റം ഉണ്ടായത്. അതുവരെ നിത്യവും വീഞ്ഞ് വേണ്ടിയിരുന്നില്ലല്ലോ. ബെനഡിക്ട് മാർപാപ്പ കർദ്ദിനാൾ ആയിരുന്ന കാലത്ത് പുറപ്പെടുവിച്ച കൃത്യമായ നിബന്ധനകളാണ് റോമൻ കത്തോലിക്കാ സഭയിൽ ഇപ്പോൾ നിയാമകം.

കുടിച്ച് പൂസാവുന്ന പരിപാടിയല്ല കുർബാന എന്നറിയണം. കാസയിൽ കൊള്ളുന്നത് പരമാവധി 150 മില്ലിയാണ്. അതിന്റെ നാല്പത് ശതമാനം വെള്ളം വേണം. അതായത് 90 മില്ലി വീര്യം കുറഞ്ഞ വീഞ്ഞും 60 മില്ലി പച്ചവെള്ളവും (ചൂടുവെള്ളത്തിന്റെ വകുപ്പ് വേറെ; തത്ക്കാലം അത് വിടാം) ആണ് ഒരു കുർബാനയിൽ ആകെ ഉപയോ

ഗിക്കുന്നത്. പൗരസ്ത്യപാരമ്പര്യത്തിൽ ഇൻടിങ്ഷൻ (Intinction) എന്ന സമ്പ്രദായത്തിലാണ് ഈ 'പ്രസാദം' വിതരണം ചെയ്യുന്നത്. അപ്പവും വീഞ്ഞും ചേർത്ത് കൊടുക്കണം എന്നർത്ഥം. അപ്പം വീഞ്ഞിൽ ഒന്ന് നനച്ചിട്ട് കൊടുക്കുക. ചില പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങൾ ഒരിക്കൽ ഉപയോഗിച്ച് വലിച്ചെറിയാവുന്ന കുഞ്ഞൻ കപ്പുകൾ പ്രയോഗത്തിൽ വരിത്തിയിട്ടുണ്ട്. എന്തുതന്നെയായാലും നാഴിയുരിപ്പാലുകൊണ്ട് നാടാകെ കല്യാണം എന്നതാണ് മട്ട്. ഇതൊന്നും അറിയാതെയാണ് പള്ളിക്ക് ഡിസ്റ്റിലറി ഉണ്ട് എന്നും കുർബാന ഒരുതരം കള്ളുകച്ചവടമാണ് എന്നും ചിലർ തട്ടിമൂളിക്കുന്നത്.

കുർബാന ഒരു കൂദാശയാണ്. അദൃശ്യകൃപകളുടെ ദൃശ്യമാധ്യമം എന്നതാണ് കൂദാശയുടെ നിർവചനം. അതിന്റെ അടിസ്ഥാനം ക്രിസ്തുവിന്റെ തിരുവത്താഴമാണ്. സുവിശേഷങ്ങൾ എഴുതപ്പെടുന്നതിനുമുമ്പ് പൗലോസ്, കൊറിന്ത്യയിലെ വിശ്വാസികൾക്ക് എഴുതിയപ്പോൾ 'പാനപാത്രം' എന്നാണ് പ്രയോഗിച്ചത്. എന്നാൽ, സുവിശേഷത്തിൽ 'ഇനി ഞാൻ മുന്തിരിനീര് കഴിക്കയില്ല' എന്ന് ക്രിസ്തു പറഞ്ഞതായി കാണാം. അതുകൊണ്ട് പച്ചവെള്ളം വെച്ച് കുർബാന ചൊല്ലിയാൽ അത് കുർബാന ആവുകയില്ല.

സത്യത്തിൽ മദ്യനിരോധനത്തിന്റെ പശ്ചാത്തലത്തിൽ ചർച്ച ചെയ്യേണ്ട വിഷയമേയല്ല കുർബാനയിലെ വീഞ്ഞ്. ഇംഗ്ലീഷിൽ അൾട്രാ ക്രെപിഡേറിയൻ എന്നൊരു പ്രയോഗമുണ്ട്. അവനവന് വിവരമില്ലാത്ത കാര്യങ്ങളെക്കുറിച്ച് ഓരോന്ന് തട്ടിമൂളിക്കുന്നതിനെയാണ് ആ വാക്ക് സൂചിപ്പിക്കുന്നത്. പണ്ട്, ഒരു ചെരിപ്പ്കുത്തി ഉണ്ടായിരുന്നു. അലക്സാണ്ടർ ചക്രവർത്തിയുടെ ഒരു ചിത്രത്തിൽ കലാകാരൻ വരച്ചതരം ചെരിപ്പ് ധരിച്ചാൽ കുതിരപ്പുറത്ത് കയറാനാവുകയില്ല എന്ന് അയാൾ പറഞ്ഞത് കലാകാരൻ അംഗീകരിച്ചപ്പോൾ ചെരിപ്പുകുത്തി ചിത്രത്തിന്റെ ഗുണദോഷവിചാരം തുടങ്ങി. അപ്പോൾ കലാകാരൻ പറഞ്ഞു: "ചെരിപ്പുകുത്തീ, നീ ചെരിപ്പിന്റെ മേലോട്ട് നോക്കണ്ട". "നെ സുത്തോർ അൾട്രാ ക്രെപിഡാം" എന്ന് മൂലത്തിൽ. വെള്ളവും തേങ്ങാപ്പാലും ഒന്നും വെച്ച് കളിക്കാനുള്ളതല്ല ഒരു മതവിഭാഗം ഈശ്വരകല്പ്പിതമായി കാണുന്ന ആരാധനാനുഷ്ഠാനം.

*കടപ്പാട്: മാതൃഭൂമി 2014 സെപ്റ്റംബർ 16 ചൊവ്വ*

# കേരള സഭയുടെ പശ്ചാത്തലത്തിൽ ക്രൈസ്തവ കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികൾ

**ഫാ. ഡോ. അഗസ്റ്റിൻ കല്ലേലി**

കത്തോലിക്കാ സഭയുടെ പ്രബോധനമനുസരിച്ച് സുവിശേഷവത്കരണ ദൗത്യത്തിൽ കുടുംബത്തിന് സുപ്രധാനമായ പങ്കുവഹിക്കുവാനുണ്ട്. രണ്ട് ഉദാഹരണങ്ങൾ ഇത് വെളിവാക്കുന്നു. ഒന്നാമതായി കുടുംബത്തെ 'ഗാർഹികസഭ'യായിട്ടാണ് അവതരിപ്പിക്കുന്നത്. സഭ ക്രിസ്തുവിനെ അനുഗമിക്കുന്നവരുടെ കൂട്ടായ്മയാണെങ്കിൽ കുടുംബം ഈ കൂട്ടായ്മയുടെ ചെറിയ പതിപ്പാണ്. ക്രിസ്തുവിൽ വെളിപ്പെടുത്തപ്പെട്ട ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ കുടുംബത്തിനുള്ള സ്ഥാനത്തെയാണ് ഗാർഹിക സഭയെന്ന പ്രയോഗം സൂചിപ്പിക്കുന്നത്. രണ്ടാമതായി ക്രിസ്ത്യാനികൾ തമ്മിൽ നടത്തുന്ന വിവാഹത്തെ കൂദാശയായി സഭ കണക്കാക്കുന്നു. വിവാഹത്തിന് ക്രിസ്തു-സഭ ബന്ധത്തിന്റെ അടയാളമായിത്തീരുവാനുള്ള സാദ്ധ്യതയുണ്ടെന്ന് സഭ പഠിപ്പിക്കുന്നു. അപ്രകാരം വിവാഹിതർ ക്രിസ്തുവിൽ സമർപ്പിതരും അവിടുത്തെ ശിഷ്യത്വത്തിൽ പ്രത്യേകമാംവിധത്തിൽ പങ്കുചേരുന്നവരുമാണ്. എന്നാൽ നമ്മുടെ കേരളസഭയിലെ കുടുംബങ്ങൾ തങ്ങളുടെ സുവിശേഷവത്കരണ ദൗത്യത്തിൽ ഏറെ വെല്ലുവിളികൾ നേരിടുന്നു. അവയുടെ കാരണങ്ങൾ മനസ്സിലാക്കി അവയെ വിലയിരുത്തുന്നത് നമ്മുടെ സഭയുടെ ദൈവരാജ്യ സാക്ഷാത്കാര ദൗത്യത്തെ കൂടുതൽ ഫലപ്രദമാക്കും.

**വെല്ലുവിളികൾ:** കുടുംബത്തിന്റെ അടിസ്ഥാന സഭാദൗത്യമായ വിശ്വാസകൈമാറ്റത്തിൽ ക്ഷതം സംഭവിച്ചിട്ടുണ്ട്. മക്കളിൽ ക്രിസ്തുവിശ്വാസം ആഴമായി വേരുപാകാൻ കുടുംബങ്ങൾക്ക് കഴിയാതെ പോകുന്നു. ആത്മീയമൂല്യങ്ങൾ പകരുന്നതിൽ കുടുംബം പരാജയപ്പെടുന്നു. മാതാപിതാക്കൾ മക്കളെ മതബോധനത്തിന് ഇടവകയിലേക്ക് പറഞ്ഞുവിടുന്നുവെങ്കിലും അത് കേവലം ഒരു ഘടനയായി കാണുകയും വിദ്യാഭ്യാസ വിഷയങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മുൻഗണന കുറഞ്ഞുപോവുകയും ചെയ്യുന്നു. മക്കളുടെ ആത്മീയ വളർച്ചയേക്കാൾ ശാരീരികവും ബൗദ്ധികവുമായ വളർച്ചയ്ക്കു വേണ്ടിയാണ് മാതാപിതാക്കൾ അവരുടെ സമയവും സമ്പത്തും കഴിവുകളും ഉപയോഗിക്കുന്നത്. കുട്ടികളെ വിശ്വാസത്തിൽ വളർത്തേണ്ട ചുമതല ഇടവക സമൂഹത്തെ ഏൽപിച്ച് മാതാപിതാക്കൾ പിന്നോട്ടു

മാറിനിൽക്കുന്ന ദൃശ്യം സാധാരണമാണ്. അനുദിന ജീവിതത്തെ വിശ്വാസവുമായി ബന്ധിപ്പിക്കുന്നതിൽ നമ്മുടെ കുടുംബങ്ങൾ പരാജയപ്പെടുന്നു.

രണ്ടാമതായി ഇടവകയാകുന്ന വിശ്വാസ സമൂഹത്തെ ആത്മീയമായി വളർത്തുവാൻ കുടുംബങ്ങൾക്ക് കഴിയുന്നില്ല. ഇടവകയുടെ ആത്മീയ അഭിവൃദ്ധിക്കുവേണ്ടി തങ്ങളുടെ കഴിവുകളും സമയവും മാറ്റിവയ്ക്കാൻ കഴിയുന്ന കുടുംബങ്ങൾ അഞ്ച് ശതമാനത്തിൽ കൂടുമോയെന്ന് നാം ഭയപ്പെടണം. ഇടവകയിലെ ഭക്തസംഘടനകളെല്ലാം ശോഷണത്തിന്റെ വക്കിലാണ്. കുടുംബയൂണിറ്റ് സമ്മേളനങ്ങളിൽ കുടുംബങ്ങളുടെ സാന്നിദ്ധ്യം പലയിടത്തും വളരെ ശുഷ്കമാണ്. ആഘോഷങ്ങളിലും ഭൗതികനേട്ടങ്ങളിലും സഭാ സ്നേഹം ഒതുങ്ങിപ്പോകുന്നില്ലേ. നാലുപേരെ അറിയിച്ചുള്ള പെരുനാളുകളിലും നേർച്ചയൂട്ടിലുമാണ് ജനത്തിന്റെ ശ്രദ്ധ. മാതാവിന്റെ ഗ്രോട്ടോ പണിയാൻ അഞ്ച് ലക്ഷം കൊടുത്ത കുടുംബത്തിൽ കൊന്ത ചൊല്ലാൻ വിമുഖതയുണ്ടെന്നറിയുമ്പോഴാണ് നമ്മുടെ ശോചനീയാവസ്ഥ വെളിവാകുന്നത്. ബഹുഭൂരിഭാഗം വിശ്വാസികളുടെ സഭാ പങ്കാളിത്തം കൂദാശകളുടെ നാമമാത്ര സ്വീകരണത്തിലും സാമ്പത്തിക സഹായത്തിലും ഒതുങ്ങുന്നു.

മൂന്നാമതായി കുടുംബങ്ങളിൽ ദൈവവിളികൾ പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല. സമൂഹത്തിൽ സാംസ്കാരികമായും സാമ്പത്തികമായും മുന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്ന് സന്ന്യസ്ത, വൈദിക ജീവിതത്തിലേക്ക് പ്രവേശിക്കുന്നവരുടെ എണ്ണത്തിൽ ഗണ്യമായ കുറവു വന്നിട്ടുണ്ട്. പല സന്യാസിനി സഭകളുടെയും സന്ന്യാസാർത്ഥികളെ തേടിയുള്ള യാത്ര ഫലരഹിതമാവുകയാണ്. ചില കുഞ്ഞുങ്ങൾ ഈ ജീവിതത്തോടു താത്പര്യം പ്രകടിപ്പിച്ചാലും മാതാപിതാക്കൾ നിരുത്സാഹപ്പെടുത്തുകയാണ്. തങ്ങളുടെ മക്കളുടെ ഭാവി ഭൗതികമായി സുരക്ഷിതമായിരിക്കണമെന്ന് മാതാപിതാക്കൾ ആഗ്രഹിക്കുമ്പോൾ യഥാർത്ഥ ആത്മീയമൂല്യങ്ങളെ തിരസ്കരിക്കുന്നു. തങ്ങളുടെ മകൻ അല്ലെങ്കിൽ മകൾ തന്റെ ജീവിതത്തിലൂടെ അനേകം മക്കൾക്ക് താങ്ങും തണലുമായി അധരങ്ങളിൽ സുവിശേഷവും കരങ്ങളിൽ പരസ്നേഹ പ്രവൃത്തിയും ഹൃദയത്തിൽ ദൈവസ്നേഹവുമായി ജീവിക്കുന്നതു കാണുവാൻ എത്ര മാതാപിതാക്കൾ കൊതിക്കുന്നു? അത് കാണുമ്പോൾ എത്ര മാതാപിതാക്കൾ അഭിമാനിക്കുന്നു. വിവാഹത്തെപോലും ദൈവത്തിന്റെ വിളിയായി സ്വീകരിക്കാൻ പല മക്കൾക്കും സാധിക്കുന്നില്ല എന്നതും സത്യമാണ്.

നാലാമതായി, നമ്മുടെ ഇടവകയാകുന്ന സഭാസമൂഹത്തിൽ ശുശ്രൂഷ ചെയ്യുന്നവർ കേവലം വ്യക്തികളായിട്ടാണ് അതു ചെയ്യുന്നത്. ഒരു ദമ്പതിയായിട്ടോ ഒരു കുടുംബമായിട്ടോ ഇടവക സമൂഹത്തിൽ ശുശ്രൂഷ ചെയ്യുന്നവർ വളരെ ചുരുക്കമാണ്. നമ്മുടെ ഇടവകയിലെ പാരിഷ് കൗൺസിൽ തുടങ്ങി എല്ലാ നേതൃസ്ഥാനങ്ങളും വ്യക്തി കേന്ദ്രീകൃതമാണ്. ഇത്തരത്തിൽ വരുന്ന വ്യക്തികളെ അപഗ്രഥിച്ചുകഴിഞ്ഞാൽ മനസ്സിലാകുന്ന വലിയൊരു സത്യമുണ്ട്. ഇവരിൽ കുറേപേർ കുടുംബത്തിൽ ഊഷ്മളമായ ബന്ധങ്ങൾ വളർത്തിയെടുക്കുന്നവരല്ല. കുടുംബത്തിൽ നിറയുന്ന സ്നേഹത്തിന്റെ ബഹിർസ്ഫുരണമല്ല ഇവരുടെ ഇടവക ശുശ്രൂഷ. അധികാരത്തിനും പ്രശസ്തിക്കും രാഷ്ട്രീയമായ നേട്ടങ്ങൾക്കും വേണ്ടി ഈ രംഗത്തേയ്ക്ക് കടന്നുവരുന്നവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്ന് തോന്നുന്നു. മാത്രമല്ല കുടുംബങ്ങളിലെ വിള്ളലുകളിൽ നിന്ന് രക്ഷപെടുവാൻ വേണ്ടി ഇടവക ശുശ്രൂഷയിലേക്കും ആത്മീയ രംഗത്തേക്കും തിരിയുന്നവരുണ്ട്. കുടുംബത്തിൽനിന്നു രക്ഷപ്പെടുവാൻ വഴികൾ തേടുമ്പോൾ ഇടവക ശുശ്രൂഷ തെരഞ്ഞെടുക്കുന്നത് തമ്മിൽ ഭേദമാണെങ്കിലും, ചൈതന്യമില്ലാത്ത ശുശ്രൂഷയായി അവ അധപതിക്കുന്നു. ഇങ്ങനെയുള്ളവരുടെ നേതൃത്വത്തിൽ സഭ ആത്മീയമായി ക്ഷയിക്കും. നല്ല കുടുംബബന്ധങ്ങൾ ഉള്ളവർ അതിന്റെ സ്വാഭാവികമായ പരിണാമത്തിൽ ഇടവക ശുശ്രൂഷ ചെയ്യാൻ ഉള്ളുകൊണ്ട് താത്പര്യപ്പെടുന്നുവെങ്കിലും സഹപ്രവർത്തകരായി വരുന്നവരുടെ സംസ്കാരശൂന്യമായ പെരുമാറ്റങ്ങൾക്ക് സാക്ഷ്യം വഹിക്കേണ്ടതു കൊണ്ടും ചിലപ്പോൾ അതിനു ഇരയായിത്തീരേണ്ടതുകൊണ്ടും അവർ അതിൽനിന്നു മാറിനിൽക്കുന്ന പ്രവണതയും നമ്മുടെ പല ഇടവകകളിലുമുണ്ട്.

അഞ്ചാമതായി, ഗാർഹികസഭയായ കുടുംബത്തിൽ ആത്മീയ അന്തരീക്ഷം കുറഞ്ഞ് വരുന്നു. ആധുനിക മാധ്യമങ്ങൾ മുഴക്കുന്ന കാക്കകോകിലങ്ങൾ കാരണം പ്രായമായവർക്കുപോലും പള്ളിമണിയുടെ സ്വരം കേൾക്കാനാകുന്നില്ല. പരമ്പരാഗതമായി കുടുംബത്തിലെ ആത്മീയ വളർച്ച ഉറപ്പുവരുത്തിയിരുന്ന കുടുംബപ്രാർത്ഥന ഇന്നു കുറഞ്ഞുവരുന്നു. മക്കൾക്കും മാതാപിതാക്കൾക്കും ഒരുമിച്ച് പ്രാർത്ഥിക്കുവാനുള്ള താത്പര്യവും അവസരങ്ങളും കുറഞ്ഞുവരുന്നു. ഒരുമിച്ചുള്ള കുടുംബപ്രാർത്ഥന ആനന്ദകരമായി കുടുംബാംഗങ്ങൾക്ക് അനുഭവപ്പെടുന്നില്ല. നിസ്സാര കാരണങ്ങളുടെ പേരിൽ അത് ഒഴിവാക്കാനുള്ള വെമ്പൽ ശക്തമാണ്. നേരത്തേക്കാൾ ക്രിസ്തീയ പ്രസിദ്ധീകരണങ്ങൾ കൂടിയിട്ടുണ്ടെങ്കിലും അവ വേണ്ടത്ര വിധത്തിൽ പ്രയോജനപ്പെടുത്തുന്നതിൽ ഇനിയും കുടുംബാംഗങ്ങൾ മുന്നോട്ടുവന്നിട്ടില്ല.

ആറാമതായി, കുടുംബത്തിനു സഭാത്മക വ്യക്തിത്വം നഷ്ടപ്പെട്ടു. കുടുംബം സഭാമാതാവിന്റെ അടിസ്ഥാന കോശമാണെന്ന സത്യം മറന്ന് സഭയെ അപരനായി കണ്ട് പലപ്പോഴും മെത്രാന്മാരുടെയും വൈദിക രുടെയും സന്യസ്തരുടെയും ഒരു ഓർഗനൈസേഷൻ ആയി ചിത്രീക രിച്ച് വിമർശനം നടത്തുന്ന കുടുംബങ്ങളുടെ എണ്ണം വർദ്ധിക്കുന്നു. സഭാ സമൂഹത്തിൽ അംഗമായിരിക്കുന്നതിൽ അഭിമാനം കൊള്ളാൻ അവർക്കാകുന്നില്ല. സഭയെ കരിതേച്ച് കാണിക്കുവാൻ കിട്ടുന്ന സന്ദർഭ ങ്ങൾ നഷ്ടപ്പെടാതെ ചിലർ സൂക്ഷിക്കുന്നുണ്ട്. കുടുംബത്തിന്റെ ചർച്ചാ വേദികളിൽ സഭാസ്നേഹത്തിനു നിരക്കാത്ത വിധത്തിൽ സംസാരി ക്കുന്നവർ ധാരാളമാണ്. സഭ ചെയ്യുന്ന നന്മകൾ മക്കൾക്ക് ചൂണ്ടിക്കാ ണിച്ചുകൊടുക്കാതെ തെറ്റുകൾ മാത്രം സംസാരവിഷയമാക്കുമ്പോൾ കുഞ്ഞുങ്ങളിൽ സഭാസ്നേഹം കുറയുമെന്ന കാര്യത്തിൽ സംശയമി ല്ലല്ലോ.

ഏഴാമതായി, കുടുംബത്തിന്റെ സുവിശേഷവത്കരണ ദൗത്യം പരാജയപ്പെടുന്നതിന്റെ ഒരു തെളിവാണ് വർദ്ധിച്ചുവരുന്ന മിശ്രവിവാഹം (ക്രൈസ്തവരും അക്രൈസ്തവരും തമ്മിൽ). യുവമനസ്സുകളിൽ പ്രണയം കയറിക്കൂടുമ്പോൾ വിശ്വാസസത്യങ്ങൾക്ക് പ്രാധാന്യം ഇല്ലാ തായി. വിശ്വാസം ഏതായാലെന്താ സ്നേഹം അതല്ലേ ശ്രേഷ്ഠം. വിവാ ഹത്തിൽ ദൈവവിശ്വാസത്തിനും സഭാംഗത്വത്തിനും സ്ഥാനമുണ്ടോ യെന്നു ചോദിച്ചാൽ ഈ ചോദ്യം തന്നെ അസ്ഥാനത്താണെന്ന് ചിന്തി ക്കുന്നവർ വർദ്ധിക്കുന്നു. ക്രൈസ്തവരായ മാതാപിതാക്കളുടെ വിവാ ഹജീവിതം ഒരു കൂദാശയാണെങ്കിലും അതിന്റെ തനതാത്മകത മക്കൾക്കു മനസ്സിലാകുന്നില്ല. ക്രിസ്തുവിലുള്ള വിശ്വാസംവഴി രക്ഷ യിലേക്ക് വരേണ്ട യുവാവ്/യുവതി വിശ്വാസം ത്യജിച്ച് മറ്റു വിശ്വാസ ങ്ങളിലേയ്ക്ക് ചേക്കേറുമ്പോൾ നിസ്സഹായതയോടെ നോക്കി നിൽക്കാനേ അവരെ വളർത്തിയ മാതാപിതാക്കൾക്ക് ആകുന്നുള്ളൂ.

എട്ടാമതായി, സഭയെ ഒരു മാർഗനിർദ്ദേശികയായി കാണുന്ന കുടുംബങ്ങളുടെ എണ്ണം അപകടകരമാംവിധത്തിൽ ചുരുങ്ങുന്നു. സഭ യുടെ പഠനങ്ങളോ നിർദ്ദേശങ്ങളോ ഉൾക്കൊള്ളാതെ കലഹത്തിൽ കഴി യുന്ന കുടുംബങ്ങൾ വർദ്ധിക്കുന്നു. വ്യവഹാരങ്ങൾക്ക് സഭയെ സമീ പിക്കുന്നതിനേക്കാൾ സിവിൽ കോടതിയുടെ വഴികൾ തേടുന്നവർ ധാരാ ളമാണ്. ബഹുഭൂരിഭാഗം കുടുംബങ്ങളും സഭയുടെ സഹായം തേടു മെങ്കിലും, സഭയുടെ ഇടപെടലുകൾ ഒരു പാർട്ടിയെങ്കിലും സ്വീകരി ക്കാതെ വരുമ്പോൾ സിവിൽ കോടതി മാത്രമാണ് ശരണമെന്നു കരു തുന്നവരുണ്ട്. സഭയുടെ അനുശാസനകളെ തള്ളിക്കളയുന്നവർ ഒരു ചർച്ചയ്ക്കുപോലും തയ്യാറാകുന്നില്ല.

ഒമ്പതാമതായി, മക്കളുടെ എണ്ണത്തിൽ വന്നിരിക്കുന്ന ഗണ്യമായ കുറവ് ക്രിസ്തീയ കുടുംബത്തിന്റെ പരാജയത്തെ വിളിച്ചറിയിക്കുന്നു. സ്നേഹം ജീവന്റെ സമൃദ്ധിയിലേക്ക് നയിക്കുന്നില്ല. ആയതിനാൽ സഭയിൽ അംഗങ്ങൾ കുറയുന്നു. മാത്രമല്ല ശുശ്രൂഷകരും. മാതാപിതാക്കൾ ഈ ലോകത്തെ ഭയപ്പെടുന്നതിനാൽ കൂടുതൽ കുഞ്ഞുങ്ങൾക്ക് ജന്മം നൽകാൻ അവർ വൈമനസ്യം പ്രകടിപ്പിക്കുന്നു. ദൈവം ദാനമായി തരുമെങ്കിലും കഷ്ടപ്പെടുന്നത് നമ്മളല്ലേ. സ്നേഹത്തിന്റെ ധാരാളിത്തം മക്കളുടെ മുമ്പിൽ കൺതുറന്നിരിക്കുമ്പോഴും ജീവന്റെ നേരെ മിഴി പൂട്ടുന്നത് വിരോധാഭാസമാണ്.

പത്താമതായി, കുടുംബബന്ധങ്ങളിൽ വർദ്ധിച്ചുവരുന്ന വിള്ളലുകൾ കുടുംബത്തിന്റെ പരാജയത്തെ സൂചിപ്പിക്കുന്നു. സ്നേഹത്തിൽ ഒന്നായി ക്രിസ്തുവിനു സാക്ഷ്യം വഹിക്കേണ്ടവരായ കുടുംബാംഗങ്ങൾ പരസ്പരം കലഹിച്ച് ജീവിക്കുന്നതുവഴി കുടുംബാംഗങ്ങൾക്ക് പോലും ക്രിസ്തുവിന്റെ സുവിശേഷം അറിയാൻ കഴിയാതെ പോകുന്നു.

പതിനൊന്നാമതായി, കുടുംബം പരോപകാര പ്രവൃത്തികളിൽ ഏർപ്പെടുന്നതിലും അയൽവാസികൾക്ക് സ്നേഹത്തിന്റെ ശുശ്രൂഷ ചെയ്യുന്നതിലും കുറവുവന്നിട്ടില്ലേയെന്ന് നാം സംശയിക്കണം. സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന കുടുംബങ്ങൾ സാമൂഹിക നന്മ ലക്ഷ്യം വച്ച് പ്രവർത്തിക്കുന്നുവെങ്കിലും, വെറും സാമ്പത്തിക ദാനത്തിൽ മാത്രം ഇതിനെ കാണുന്നവരുണ്ട്. ഇതിനു കുടുംബത്തിലെ കൂട്ടായ്മയുമായി ബന്ധമില്ല. കുടുംബത്തേയും സമൂഹത്തേയും രണ്ടു തരത്തിൽ കാണുന്നവർ ഏറെയാണ്. ജോലി ചെയ്യുന്നിടത്ത് കൈക്കൂലി വാങ്ങി അമിതമായി പണം സമ്പാദിക്കുമ്പോൾ സ്വന്തം മക്കൾക്ക് ആർഭാടമായി ജീവിക്കാൻ പണം പങ്കുവയ്ക്കുന്ന മാതാപിതാക്കളുണ്ട്. ക്രിസ്തീയ കുടുംബത്തിൽ വളരുന്നവർ സാമൂഹികരംഗത്ത് മൂല്യാധിഷ്ഠിത ജീവിതത്തിന് മാതൃകയാണെന്ന് പറയാൻ കഴിയില്ല.

ചുരുക്കത്തിൽ, നമ്മുടെ കുടുംബങ്ങൾ ഗാർഹികസഭയാകാൻ ഏറെ വെല്ലുവിളികൾ നേരിടുന്നു.

**അടിസ്ഥാനകാരണങ്ങൾ**

**സാമൂഹികം**

1. കൃഷിസംസ്കാരം വാണിജ്യ സംസ്കാരത്തിന് വഴി തുറന്നപ്പോൾ മൂല്യവ്യവസ്ഥിതിയിൽ കാതലായ മാറ്റം വന്നു. മൂല്യത്തിന്റെ സത്തയേക്കാൾ അതിന്റെ വ്യക്തിഗത പ്രയോജനത്തിന് പ്രാധാന്യം കൈവന്നു.
2. രാജ്യത്തിന്റെ നയങ്ങളും നിയമങ്ങളും കുടുംബങ്ങളെ ദോഷകര

മായി സ്വാധീനിക്കുന്നു. ഉദാ. വിവാഹമോചനം, ഗർഭച്ഛിദ്രം, അണു കുടുംബം, മിശ്രവിവാഹം എന്നിവയെ രാജ്യം നിയമാനുസൃതമാക്കി.

3. മതനിരപേക്ഷതയും ഇതരമതകാഴ്ചപ്പാടുകളും ക്രിസ്തീയ കുടുംബത്തിന്റെ സുവിശേഷവത്കരണത്തെ ദോഷകരമായി ബാധിക്കുന്നു. മതമേതായാലും മനുഷ്യൻ നന്നായാൽ മതിയെന്ന ചിന്തയും, മറ്റു മതങ്ങളിലെ വ്യത്യസ്ത മൂല്യവ്യവസ്ഥിതികളും, ആധുനിക മാധ്യമങ്ങളിലൂടെയുള്ള ഭൗതികവത്കരണവും, ജനാധിപത്യ രീതികളും ക്രിസ്തീയ കുടുംബങ്ങൾക്ക് വെല്ലുവിളികൾ ഉയർത്തുന്നു.
4. മന:ശാസ്ത്രപഠനങ്ങളുടെ ആവിർഭാവം വ്യക്തിയുടെയും വിവാഹത്തിന്റെയും ആരോഗ്യത്തിന് പുതിയ നിർവ്വചനങ്ങൾ നൽകി. ലൈംഗികതയ്ക്ക് പുത്തൻവ്യാഖ്യാനങ്ങൾ നൽകി. വിവാഹം പരമ്പരാഗതമായ ചില ജോലികൾ ചെയ്യാനുള്ളതല്ലായെന്നും വ്യക്തിപരമായി വളരാനുള്ളതാണെന്നുമുള്ള ചിന്ത ശക്തമായി.
5. ഉയർന്ന വിദ്യാഭ്യാസവും സാമ്പത്തിക ഭദ്രതയും സ്ത്രീക്കു നൽകുന്ന സ്വതന്ത്ര്യത്തിൽ കൂടുംബബന്ധങ്ങളുടെ ഘടനയ്ക്കു മാറ്റം വന്നു.
6. നഗരത്തിലേക്കും വിദേശത്തേയ്ക്കുമുള്ള കുടിയേറ്റം വഴി കുടുംബാംഗങ്ങൾ തമ്മിലും വിശ്വാസി സമൂഹവുമായും അകൽച്ച ഉടലെടുക്കുന്നു.
7. ലൈംഗീകതയുടെ കമ്പോളവത്കരണം കുടുംബത്തിന്റേയും വിവാഹത്തിന്റേയും മഹത്വത്തിന് മങ്ങലേല്പിച്ചു.
8. മറ്റു സംസ്കാരങ്ങളുടെ അധിനിവേശവും, വ്യത്യസ്ത സമീപനങ്ങളും മൂലം 'ശരി'യെക്കുറിച്ചുള്ള പൊതുധാരണ ക്രിസ്തീയ കുടുംബങ്ങൾക്കു നഷ്ടപ്പെട്ടു.

**സഭാത്മകം**

1. സഭ തന്റെ അജപാലന ശുശ്രൂഷയിൽ കുടുംബത്തിന് വേണ്ടത്ര പരിഗണന നൽകുന്നില്ല. കുടുംബകേന്ദ്രീകൃത അജപാലന ശുശ്രൂഷ ഇനിയും സഭയിൽ സജീവമല്ല. സഭാസമൂഹങ്ങൾക്ക് നേതൃത്വം നൽകുന്ന വൈദികർക്ക് ഈ രംഗത്ത് വേണ്ടത്ര പരിശീലനം ലഭിക്കുന്നില്ല.
2. സഭയുടെ സ്ഥാപനവത്കരണം സഭ ഒരു കുടുംബമാണെന്ന കാഴ്ചപ്പാടിന് കോട്ടം വരുത്തി. ദൈവികവരങ്ങൾ മുതൽ വിദ്യാഭ്യാസം, ആതുരശുശ്രൂഷ, സാമ്പത്തിക ഭദ്രത എന്നിവ വരെ നൽകുന്ന ഒരു 'കോർപ്പറേറ്റ്' ആയി സഭയെ കാണുന്നവർ ധാരാളമുണ്ട്. വിശ്വാസികളുടെ കൂട്ടായ്മയെ വളർത്താനുതകുന്ന ഘടനകളും സംഘടന

കളും ശുഷ്കിച്ചു പോയത് സഭയുടെ സ്ഥാപനമുഖത്തിന് തെളിവാണ്.

3. സഭാപഠനങ്ങൾ വേണ്ടത്ര രീതിയിൽ കുടുംബത്തിന്റെ അനുഭവസമ്പത്ത് ഉൾക്കൊള്ളാത്തതിനാൽ അവയുടെ ഭാഷ കുടുംബങ്ങൾക്ക് മനസ്സിലാകുന്നില്ല. ഉദാഹരണം – കുടുംബാസൂത്രണ മാർഗങ്ങളുടെ ഉപയോഗം, ഐ.വി.എഫ്.ചികിത്സ, എന്നിവയെ സംബന്ധിച്ചുള്ള പഠനങ്ങളും വിവാഹമോചിതരോടുള്ള സമീപനരീതിയും ഏറെ കുടുംബങ്ങൾ തള്ളിക്കളയുന്നു. ആദ്ധ്യാത്മികതയെ കുടുംബകേന്ദ്രീകൃതമായി അവതരിപ്പിക്കുവാൻ ഇനിയും സഭയ്ക്കു കഴിഞ്ഞിട്ടില്ല. പാശ്ചാത്യ പഞ്ചാത്തലത്തിൽ വത്തിക്കാൻ രൂപപ്പെടുത്തുന്ന പഠനങ്ങളെ നമ്മുടെ പശ്ചാത്തലത്തിൽ പുനർവ്യാഖ്യാനം ചെയ്യുവാൻ നമ്മുടെ സഭ വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല.
4. സഭയുടെ ചരിത്രത്തിൽ വിവാഹത്തെ രണ്ടാംതരമായി കണ്ടതിന്റെ നിഴലുകൾ ഇപ്പോഴും കുടുംബത്തെ പിന്തുടരുന്നു. വിവാഹിതരെ സമർപ്പിതരുടെ ഗണത്തിൽപ്പെടുത്തുവാനോ ദൈവവിളി ക്യാമ്പിൽ ചേർക്കുവാനോ സാധിച്ചിട്ടില്ല. ഇപ്പോഴും അവർ കേവലം അല്മായർ മാത്രമാണ്. വിവാഹവും ക്രൈസ്തവ വിശ്വാസവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ജനത്തിനു ബോധ്യം പകരുവാൻ കഴിയുന്ന പരിശീലന പരിപാടികളോ കൂട്ടായ്മകളോ വേണ്ടത്ര ഇല്ല. വിവാഹമെന്ന കൂദാശയുടെ നൈയ്യാമികവും ധാർമ്മികവുമായ വശങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം നൽകുന്നത്.
5. ക്രിസ്തൂകേന്ദ്രീകൃതമല്ലാത്ത വിശ്വാസാചാരങ്ങളും അനുഷ്ഠാനങ്ങളും കുടുംബങ്ങളെ ക്രിസ്തു രഹസ്യത്തിൽ നിന്നും അകറ്റുന്നു.
6. ശാസ്ത്രത്തിന്റെ ഉൾക്കാഴ്ചകളോടും സാമൂഹികമാറ്റങ്ങളോടും ആരോഗ്യകരമായി സംവദിക്കുവാൻ സഭയ്ക്ക് കഴിയാത്തതുകൊണ്ട് ആധുനികകുടുംബം സഭയുടെ പാതയിൽനിന്ന് അകലുന്നു.

മുകളിൽ പറഞ്ഞ കാരണങ്ങളെ ഗൗരവമായി പരിഗണിച്ച് രൂപപ്പെടുത്തുന്ന അജപാലന പദ്ധതിക്ക് മാത്രമേ കുടുംബങ്ങളെ ശക്തീകരിക്കുവാൻ സാധിക്കൂ. പലപ്പോഴും ഈ രംഗത്ത് നടത്തുന്ന ചർച്ചകൾ കേവലം ഉപരിപ്ലവമായതിനാൽ വേണ്ടത്ര ഫലം ഉണ്ടാക്കുന്നില്ല. കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികളെ ഗൗരവമായി പരിഗണിച്ചുകൊണ്ട് മെത്രാന്മാരുടെ ആഗോള സിനഡ് വിളിച്ച് ചേർക്കുവാൻ മനസ് കാണിച്ച ഫ്രാൻസീസ് മാർപാപ്പയുടെ മനോഭാവം നാം മാതൃകയാക്കണം. പ്രശ്നങ്ങൾ പരിഹരിക്കുവാൻ മാർഗങ്ങൾ നിർദ്ദേശിക്കുന്നതിനു മുമ്പ് പ്രശ്നങ്ങൾ എന്താണെന്ന് കണ്ണു തുറന്ന് കാണാം. അപ്പോൾ അവയെ

പരിഹരിക്കുവാൻ ഉൾവെളിച്ചം ലഭിക്കും. ഈ ലേഖനത്തിൽ നടത്തിയിരിക്കുന്ന വിമർശനാത്മകമായ വിലയിരുത്തലുകളുടെ അർത്ഥം കുടുംബങ്ങളെല്ലാം നാശത്തിന്റെ വക്കിലാണെന്നല്ല. ക്രൈസ്തവകുടുംബങ്ങളിലെ നന്മയെ ഒട്ടും വിലകുറച്ച് കാണുവാൻ ആഗ്രഹിക്കുന്നില്ല. എങ്കിലും ഈ വിലയിരുത്തലുകൾ ക്രിയാത്മകമായ ചർച്ചയ്ക്ക് ഉപകാരപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

*കടപ്പാട്: സത്യദീപം 2014 ജൂൺ 26-ജൂലൈ 2,*
*പുസ്തകം 87/ലക്കം 45*

---

## വിട്ടുകൊടുക്കരുത് അവരെ, ലഹരിക്ക്

പുതിയ അധ്യയനവർഷം തുടങ്ങി മാസങ്ങൾ പലതു കഴിഞ്ഞു. മുപ്പതു ലക്ഷത്തോളം വിദ്യാർത്ഥികളാണ് ദിവസവും ഇന്ന് സംസ്ഥാനത്തെ സ്കൂളുകളിലെത്തുന്നത്. നഴ്സറി ക്ലാസുകൾ മുതൽ പ്ലസ് ടു വരെയുള്ള ഈ വിദ്യാർത്ഥികൾ ഒരുപക്ഷേ, മറ്റൊരു സംസ്ഥാനത്തുമില്ലാത്തവിധം അറിവിന്റെ അക്ഷര മുറ്റങ്ങളിൽ അച്ചടക്കത്തിന്റെയും ചിട്ടയായ പഠനത്തിന്റെയും ചിത്രമാണ് കാഴ്ച വയ്ക്കുന്നത്. പുസ്തകങ്ങളിൽ നിന്നു മാത്രമല്ല, ചുറ്റുപാടുകളിൽ നിന്നും അറിവു നേടാനുള്ള വ്യാപകമായ ശ്രമങ്ങളും നമ്മുടെ വിദ്യാലയങ്ങളിൽ നടക്കുന്നുണ്ട്.

മുമ്പെങ്ങും ഇല്ലാതിരുന്ന തോതിൽ പരിസ്ഥിതി ബോധവും ശുചിത്വചിന്തയും സാമൂഹിക പ്രതിബദ്ധതയും കുട്ടികളിൽ വളർത്താനുള്ള സംഘടിത ശ്രമങ്ങൾ ഓരോ സ്കൂളിലും നടക്കുന്നത് മറ്റു സംസ്ഥാനങ്ങൾക്കു പോലും മാതൃക നൽകുന്ന നല്ല പാഠങ്ങളാണ്. അക്ഷരങ്ങളിൽ നിന്നുള്ള അറിവിനൊപ്പം അപരനിലേക്കു ഇറങ്ങിച്ചെല്ലാനുള്ള പൗരബോധത്തിന്റെ ഹരിശ്രീയും കുരുന്നു മനസ്സുകളിൽ രേഖപ്പെടുത്താൻ നമ്മുടെ അധ്യാപക സമൂഹവും സന്നദ്ധ പ്രസ്ഥാനങ്ങളും സർക്കാർ ഏജൻസികളും നടത്തുന്ന ശ്രമങ്ങൾ വിലയേറിയതുതന്നെ.

എങ്കിലും, നമ്മെ ആശങ്കപ്പെടുത്തുന്നതും ഭയപ്പെടുത്തുന്നതുമായ ചില കാര്യങ്ങളും കാണാതിരുന്നുകൂടാ. അത് സ്കൂൾ വിദ്യാർത്ഥികളിലും കോളേജുകളിലും ഇവയുടെയൊക്കെ പരിസരങ്ങളിലും വ്യാപകമായിക്കൊണ്ടിരിക്കുന്ന ലഹരി വസ്തുക്കളുടെ ലഭ്യതയും ദുരുപയോഗവുമാണ്. മാതാപിതാക്കളും പൊതുസമൂഹവും ഇക്കാര്യത്തിന്റെ വ്യാപ്തിയേയും അടിയന്തര സ്വഭാവത്തെയും പറ്റി വേണ്ടത്രബോധവാന്മാരാണോ എന്നു സംശയിക്കണം.

ഈ പശ്ചാത്തലത്തിലാണ് സ്കൂളുകളും സ്കൂൾ പരിസരങ്ങളും ലഹരി വിമുക്തമാക്കാൻ സംസ്ഥാന സർക്കാർ ആരംഭിച്ചിട്ടുള്ള 'ശുചിത്വ വിദ്യാലയം, സുരക്ഷിത വിദ്യാലയം' എന്ന പദ്ധതിയുടെ പ്രസക്തിയേറുന്നത്. വിദ്യാലയങ്ങളിൽ നിന്ന് വിവിധ തരത്തിലുള്ള ലഹരി വസ്തുക്കളെ പടികടത്തുകയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഇതു സാധിക്കാൻ അധ്യാപകരും പി.ടി.എ.കളും പോലീസും പൊതുജനങ്ങളും സന്നദ്ധസംഘടനാ പ്രവർത്തകരും ചേർന്നുള്ള സംഘടിത ശ്രമങ്ങൾക്കേ കഴിയൂ എന്ന തിരിച്ചറിവാണ് ഇവിടെ സുപ്രധാനം.

കേരളത്തിൽ മദ്യത്തിനൊപ്പം വളർന്നു പന്തലിച്ച് വേരോടി നിൽക്കുകയാണ് ലഹരി ഉപയോഗവും. ലഹരി വസ്തുക്കൾ പിടികൂടിയതിന്റെ വാർത്തകളില്ലാതെ ഒരൊറ്റ ദിവസം പോലും കടന്നു പോകുന്നില്ല. പണ്ടൊക്കെ കഞ്ചാവും ഭാംഗും മറ്റുമായിരുന്നു ലഹരിക്കായി പലരും ഉപയോഗിച്ചിരുന്നതെങ്കിൽ, ഇന്ന് അത്യാധുനിക രീതിയിലുള്ള ലഹരി വസ്തുക്കൾ നഗരങ്ങളിലെയും നാട്ടിൻപുറങ്ങളിലെയും പെട്ടിക്കടകളിൽപോലും സുലഭമായിരിക്കുന്നു.

ഓരോ ദിവസം കഴിയുന്തോറും കുട്ടികൾക്കും യുവാക്കൾക്കും ആവശ്യമായ തോതിൽ ആകർഷകമായ രീതികളിൽ പുതിയ ലഹരി വസ്തുക്കൾ മാർക്കറ്റിലെത്തിക്കുന്ന മാഫിയകൾ നമ്മുടെ വിദ്യാലയങ്ങളെ നീരാളിപ്പിടിത്തത്തിൽ വരിഞ്ഞു മുറുക്കുകയാണ്. മിഠായികളായും 'വട്ടുഗുളിക' കളായും പേനരൂപത്തിലും പെൻസിൽ ആകൃതിയിലും രാസവസ്തുക്കളായും വൈറ്റനറുകളായും റിബൺ രൂപത്തിലുമൊക്കെ നമുക്ക് സങ്കല്പിക്കാവുന്നതിലും അപ്പുറം ഭാവനാപൂർണമായാണ് ലഹരിവസ്തുക്കളുടെ പുതിയ അവതാരങ്ങൾ. കുത്തിവച്ച് ശരീരത്തിൽ പടർത്തുന്ന ലഹരി പഴയ രീതികളും നിലവിൽ ഉണ്ട്. മെഡിക്കൽ ഷോപ്പുകളിൽ നിന്നു വിദ്യാർത്ഥികൾക്ക് സിറിഞ്ച് വിൽക്കരുതെന്ന സർക്കാർ ഉത്തരവ് ഇറക്കികഴിഞ്ഞു.

നിഷ്കളങ്കരായ വിദ്യാർത്ഥികളെ ലക്ഷ്യമാക്കി ലഹരി വസ്തുക്കൾ വിദ്യാലയ പരിസരങ്ങളിൽ എത്തിച്ചുകൊടുക്കുന്ന വലിയ ശൃംഖലയുണ്ട്. ഇതിൽ അന്യസംസ്ഥാന തൊഴിലാളികളിലെ ഒരു വിഭാഗം ഉൾപ്പെടെ ചില ചെറുകിട വ്യാപാരികളും ചുമട്ടു തൊഴിലാളികളും ഡ്രൈവർമാരുമൊക്കെ കണ്ണികളാണെന്നും ലഹരി വിപണിയുടെ പിന്നാമ്പുറ അന്വേഷണങ്ങൾ വ്യക്തമാക്കുന്നു. ചുരുക്കത്തിൽ നാളത്തെ പ്രതീക്ഷകളായ നമ്മുടെ മക്കളെ ലഹരിക്കും മയക്കു മരുന്നിനും മദ്യത്തിനും അതുവഴി സർവ്വവിധ സാമൂഹിക തിന്മകൾക്കും അടിമകളാക്കാനുള്ള കച്ചവട താൽപര്യങ്ങളുടെ സംഘടിതവും വ്യാപകവുമായ ശ്രമങ്ങളാണ് വിദ്യാലയ പരിസരങ്ങളിൽ നടക്കുന്നത്.

ലഹരിക്കടിമയാകുന്ന വിദ്യാർത്ഥികളുടെ പഠനം മുരടിക്കുകയും ആരോഗ്യം ക്ഷയിക്കുകയും ചെയ്യുന്നുവെന്നതുമാത്രമല്ല, ഇവിടെ പ്രശ്നം. ലഹരി വസ്തുക്കൾ വാങ്ങാൻ പണമില്ലാതെ വരുമ്പോൾ, കുട്ടികൾ പോലും മോഷണത്തിനും കൊലപാതകത്തിനും കവർച്ചയ്ക്കും തയ്യാറാവുന്ന ഭയാനകമായ സ്ഥിതിവിശേഷവുമുണ്ട്. കുട്ടികുറ്റവാളികളുടെ എണ്ണം പ്രതിദിനം വർദ്ധിച്ചുവരുന്നതിന്റെ പിന്നിലെ കാരണം വേറെയെങ്ങും അന്വേഷിക്കണ്ട.

ഈ സാഹചര്യത്തിൽ കുട്ടികളെ ഏറ്റവും വലിയ സമ്പത്തും ദൈവദാനവുമായി കരുതുന്നവർക്ക് നമുക്കു ചുറ്റിലും നടക്കുന്ന ലഹരി അധിനിവേശങ്ങൾ കണ്ടില്ലെന്നു നടിക്കാനാവില്ല. മക്കളെ അവർക്കു വേണ്ടതൊക്കെ ഒരു കുറവുമില്ലാതെ വാങ്ങിച്ചു കൊടുത്തു വിദ്യാലയങ്ങളിലേക്ക് അയച്ചു കഴിഞ്ഞാൽ എല്ലാം ഭദ്രമാണെന്നു കരുതിയിരിക്കാൻ അവരുടെ ഭാവിയിൽ പ്രതീക്ഷയുള്ള ഒരു രക്ഷിതാവിനും കഴിയില്ല. കുട്ടികളുടെ പ്രവേശനത്തിനും ഫീസിനും വസ്ത്രത്തിനും ഭക്ഷണത്തിനും യാത്രയ്ക്കും വേണ്ടിയുള്ള പണം കണ്ടെത്താനുള്ള അതേ വ്യഗ്രതയോടെ തന്നെ, അവർ സ്കൂളിലെത്തിയാൽ എന്തു ചെയ്യുന്നുവെന്ന് നിരന്തരം ശ്രദ്ധിക്കാനും മാതാപിതാക്കൾ തയ്യാറാവണം. വീട്ടിൽ നിന്നു മക്കൾ പോയി കഴിഞ്ഞാൽ ഇനിയെല്ലാം അധ്യാപകർ നോക്കിക്കൊള്ളും എന്ന ചിന്ത അപകടകരമാണെന്ന് വിശദീകരിക്കേണ്ടതില്ല. കഴുകക്കണ്ണുകളോടെ കുട്ടികളെ പലവിധത്തിലും ചതിക്കുഴികളിൽ വീഴ്ത്താനും ചൂഷണം ചെയ്യാനും വലയൊരുക്കിയിരിക്കുന്ന ലഹരിയുടെയും മദ്യത്തിന്റെയും ലൈംഗിക ചൂഷണത്തിന്റെയും ഏജന്റുമാർ കുട്ടികളുടെ ഓരോ ചുവടുവയ്പും നിരീക്ഷിച്ച് സ്കൂൾ പരിസരങ്ങളിലുണ്ടെന്ന കാര്യം മറക്കരുത്.

കുട്ടികളിലൂടെ തന്നെയാണ് ഇവയുടെയൊക്കെ വലയിലേക്ക് കൂടുതൽ കുട്ടികളെ ദുരന്തത്തിന്റെ ഏജന്റുമാർ ആകർഷിക്കുക. അതിനവർ ഉപയോഗിക്കുന്ന രീതികളും വസ്തുക്കളും ആകർഷകവും പ്രത്യക്ഷത്തിൽ നിരുപദ്രവകാരികളുമായിരിക്കും. ഇതു തിരിച്ചറിയാൻ കഴിയാത്ത കുരുന്നുകൾ ക്രമേണ അധ്യാപകരിൽ നിന്നും മാതാപിതാക്കളിൽ നിന്നും അകന്നുപോകുന്ന സംഭവങ്ങൾ കുറവല്ല.

കുടുംബത്തിന്റെയും സമൂഹത്തിന്റെയും താങ്ങും തണലുമാകേണ്ട കുട്ടികളെ കഴുകന്മാർക്ക് വിട്ടുകൊടുക്കാൻ പാടില്ല. ഇതിനു മുൻകൈയെടുക്കേണ്ടതിന്റെ ആദ്യത്തെ ഉത്തരവാദിത്വം മാതാപിതാക്കൾക്കു തന്നെയാണ്. ഇക്കാര്യത്തിൽ നമ്മുടെ പങ്ക് അവർ നിർവ്വഹിക്കുന്നുണ്ടോയെന്ന് ചിന്തിക്കേണ്ട സമയം അതിക്രമിച്ചു.

അതുപോലെ അധ്യാപകരും സ്കൂളുകളിലെ അധ്യാപക-രക്ഷാകർതൃ സമിതികളുമൊക്കെ ഇക്കാര്യത്തിൽ നിതാന്തജാഗ്രത പുലർത്തേ

ണ്ടതുണ്ട്. കുരുന്നു മനസ്സുകളിൽ അറിവിന്റെ അക്ഷരദീപങ്ങൾ കൊളു ത്തുന്ന മഹത്തായ ദൗത്യമാണ് അധ്യാപകരുടേത്. എന്നാൽ പഠിച്ച തൊക്കെ പാഴാക്കുന്ന ലഹരിയുടെ ആക്രമങ്ങളെ ചെറുക്കുന്നതിൽ അവർക്കുമുണ്ട് കനത്ത ഉത്തരവാദിത്തം. അധ്യാപകർക്കൊപ്പം പി.ടി.എ. കളും ഇക്കാര്യത്തിൽ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്.

നമ്മുടെ മതബോധന വിദ്യാലയങ്ങളിലെയും മറ്റു സ്കൂളുകളി ലെയും അധ്യാപകരും രക്ഷാകർതൃസമിതികളും മാതാപിതാക്കളും ചേർന്നുള്ള ബഹുമുഖ ചെറുത്തുനിൽപുകൊണ്ടേ വിദ്യാലയങ്ങളിൽ നിന്നും അവയുടെ പരിസരങ്ങളിൽ നിന്നും ലഹരിയുടെയും മദ്യത്തി ന്റെയും ഭീഷണിയെ പടിയിറക്കാനാവൂ.

*കടപ്പാട്: കേരളസഭ, ജൂലൈ 2014*

---

## ഒരു രാജകീയ കിരീടം

**അന്ന മരിയ കാനോപി**

"നമ്മുടെ സമർപ്പണത്തിന്റെ അടയാളങ്ങളായ ശിരോവസ്ത്രവും തിരുവസ്ത്രവും സ്വീകരിക്കുക. ക്രിസ്തുവിന്റെയും അവിടുത്തെ ശരീര മാകുന്ന സഭയുടെയും ശുശ്രൂഷയ്ക്ക് നിങ്ങൾ ബാദ്ധ്യസ്ഥരാണ് എന്നത് ഒരിക്കലും വിസ്മരിക്കരുത്." ഈ സമവാക്യത്തോടെ കന്യാസ്ത്രീക്ക് അവളുടെ ശിരോവസ്ത്രവും, സന്യാസവസ്ത്രവും നിത്യവ്രതത്തി ന്റെയും സമർപ്പണത്തിന്റെയും ദിവസം മെത്രാൻ നൽകുന്നു. നവ സമർപ്പിത സന്യസ്തർ ഇങ്ങനെ പാടുന്നു: *Posuit signum in faciem meam...*"കർത്താവ് അവിടുത്തെ മുദ്ര എന്റെ മുഖത്ത് പതിച്ചിരിക്കു ന്നു. അവിടുന്നല്ലാതെ മറ്റൊരു മണവാളനെ ഞാൻ സ്വീകരിക്കാതിരി ക്കാനാണത്."

വലിയ മിസ്റ്റിക് ആയിരുന്ന വിശുദ്ധ ജെർത്രൂദ് "ആത്മീയ അഭ്യാ സങ്ങൾ" *(Spiritual Exercises)* എന്ന തന്റെ ഗ്രന്ഥത്തിൽ ശിരോ വസ്ത്രം ലഭിക്കുന്നതിനുള്ള ആത്മീയ തയ്യാറെടുപ്പിന്റെ ഭാഗമായി തന്റെ സമർപ്പണം നവീകരിച്ചുകൊണ്ടുപറയുന്നു: "ഓ എനിക്ക് ഏറ്റവും പ്രിയ ങ്കരനായ നാഥാ, അവിടുത്തെ സ്നേഹത്തിന്റെ നിഴലിൽ എനിക്ക് വിശ്രമം അരുളണമേ. പരിശുദ്ധിയെ സൂചിപ്പിക്കുന്ന ഈ ശിരോവസ്ത്രം അവിടുത്തെ കരങ്ങൾക്കൊണ്ട് തന്നെ എനിക്ക് നൽകണമേ. എന്നെ ഭരിക്കണമേ. എന്നെന്നും നയിക്കണമേ. നൂറുമടങ്ങ് വർദ്ധിച്ച പരിശു ദ്ധമായ നിഷ്കളങ്കതയുടെ ഫലം അവിടുത്തെ മഹനീയമായ ന്യായാ സനത്തിലേക്ക് കൊണ്ടുവരുവാൻ എനിക്ക് ഇടയാകട്ടെ"*(Spiritual Exercises, III).*

ശിരോവസ്ത്രത്തിന്റെ അർത്ഥം വ്യക്തമാണ്. കന്യാവ്രതത്തിൽ ക്രിസ്തുവിന്റെ മാത്രം മണവാട്ടിയായി സമർപ്പിതയായ കന്യാസ്ത്രീ, മറ്റ് കാമുകരുടെയും, വിവാഹാഭ്യർത്ഥനയുമായി വരാനിടയുള്ളവരുടെയും ദൃഷ്ടിയിൽ നിന്ന് സ്വയം ഒഴിഞ്ഞുനിൽക്കണം. ഇക്കാരണത്താൽ അവർ ഈ ലോകത്തിൽ നിന്ന് പിൻവാങ്ങി ആവൃതിയിൽ ജീവിക്കുന്നു (*claustrum* എന്ന പദത്തിൽ നിന്ന് cloistered/enclosed, cloister/enclosure എന്നീ പദങ്ങൾ ഉരുത്തിരിയുന്നു). ഇത് എന്നും കർത്താവിന്റെ ദൃഷ്ടിയിൽ ആയിരിക്കുവാനാണ്. അവളുടെ പരിശുദ്ധിയിലൂടെ, അവളുടെ സ്നേഹത്തിന്റെ തീക്ഷ്ണതയിലൂടെ അവിടുത്തെ സന്തോഷത്തിനുവേണ്ടിമാത്രം ആയിരിക്കുവാനാണത്. ശിരോവസ്ത്രം അങ്ങനെ ആവൃതിക്കുള്ളിലുള്ള ഒരുതരം ആവൃതിയാണ്. എന്തെന്നാൽ ആശ്രമത്തിനുള്ളിൽപോലും ഒരു കന്യാസ്ത്രീക്ക് വളരെ ഉൾവലിഞ്ഞ ഒരു ജീവിതശൈലിയും, ആവൃതിയിലെ മറ്റുള്ള കന്യാസ്ത്രീകളോട് ബന്ധപ്പെടുന്നതിന് പ്രത്യേകരീതിയും ആണ് ഉള്ളത്. എങ്കിലും, അടിച്ചമർത്തലിന്റേതായ ഒന്നും ഈ ആചരണത്തിലില്ല. തീർച്ചയായും ശിരോവസ്ത്രം കന്യാസ്ത്രീക്ക് ഏറെ പ്രിയപ്പെട്ടതാണ്. അവളത് ഭക്തിപൂർവ്വം ധരിക്കുന്നു. ഓരോ സമയം അണിയുമ്പോഴും എടുത്തുമാറ്റുമ്പോഴും അവൾ അതിൽ ചുംബിക്കുന്നു.

കണ്ണുകൾ അലഞ്ഞുതിരിയുന്നത് തടയുന്നതിലൂടെ, ഹൃദയത്തിന്റെ ദൃഷ്ടി, അവൾ അന്വേഷിക്കുന്ന, ആഗ്രഹിക്കുന്ന ദൈവത്തിന്റെ മുഖത്തെ ധ്യാനിക്കുന്നതിൽ കൂടുതൽ നേരിട്ട് ഉറപ്പിക്കുവാൻ ശിരോവസ്ത്രം അവളെ സഹായിക്കുന്നു. ഒരർത്ഥത്തിൽ, തന്റെ മണവാളനിൽ നിന്നുതന്നെ അവളെ മറയ്ക്കുന്ന വിനയത്തിന്റെയും എളിമയുടെയും അടയാളം കൂടിയാണ് ശിരോവസ്ത്രം. ഈ വെളിച്ചത്തിലാണ് പിതാക്കന്മാർ ഉത്തമഗീതം എപ്പോഴും വായിച്ചത്:

"എന്റെ പ്രിയേ, നീ സുന്ദരിയാണ്; നീ അതീവസുന്ദരിതന്നെ. മൂടുപടത്തിനുള്ളിൽ നിന്റെ കണ്ണുകൾ ഇണപ്രാവുകളെപ്പോലെയാണ്... അടച്ചുപൂട്ടിയ ഉദ്യാനമാണ് എന്റെ സോദരി; എന്റെ മണവാട്ടി അടച്ച ഉദ്യാനമാണ്, മുദ്രവച്ച നീരുറവ" (4:1, 12)

സമചിത്തതയോടെ, എളിയവസ്ത്രം ധരിച്ച വളരെ തരളമായ മിതഭാഷിത്വത്തോടെ കരുതലോടെ പ്രത്യക്ഷപ്പെടുന്ന തന്റെ വാഗ്ദത്ത മണവാട്ടിയുടെ മുമ്പിൽ ദിവ്യമണവാളന്റെ ഉദ്ദീപ്തമായ അതിശയവും ആരാധനയും പ്രകടിപ്പിക്കുന്നതാണ് ഈ വരികൾ. മൂടുപടത്തിനു പിന്നിൽ തരളമായി മറയ്ക്കപ്പെടുവാൻ ആവശ്യപ്പെടുന്നത് കന്യകയുടെ സ്നേഹത്തിന്റെ ദിവ്യനിഗൂഢാത്മകതയാണ്. ഇത് കന്യകയ്ക്ക് അനുഗുണമായതും വിവാഹത്തെ സംബന്ധിച്ചതുമായ "ഒരു വലിയ

രഹസ്യമാണ്"എന്ന് വിശുദ്ധ പൗലോസിനോടൊത്ത് നമുക്ക് സത്യത്തിൽ ഉദ്ഘോഷിക്കാം (cf.എഫേ. 5:32).

തീർച്ചയായും, നമ്മുടെ കാലഘട്ടത്തിലെ മനോഭാവവും കാഴ്ചപ്പാടും കന്യാസ്ത്രീകളുടെ ഈ പാരമ്പര്യം അംഗീകരിക്കുന്നതിനും മനസിലാക്കുന്നതിനും ബുദ്ധിമുട്ട് ഉളവാക്കുന്നു. എങ്കിലും ആവൃതി ജീവിതത്തിനുള്ള ദൈവവിളിക്ക് കുറവില്ല. അപ-ക്രൈസ്തവീകൃതമായ, വ്യാപകമായി ലൗകികവത്ക്കരിക്കപ്പെട്ട, നമ്മുടെ സമൂഹത്തിൽ യഥാർത്ഥ വിശ്വാസത്തിന്റെ മൂല്യത്തിന്റെ സാക്ഷ്യം എന്ന നിലയ്ക്ക് അതിനെ മനസിലാക്കാനാണ് ബുദ്ധിമുട്ട്.

വാസ്തവത്തിൽ, ദൈവപദ്ധതി അനുസരിച്ച്, ലോകത്തിൽ നിലനിൽക്കുന്ന വിശ്വാസരാഹിത്യത്തിന് പകരമാണ് ആശ്രമദൈവവിളി, തീർച്ചയായും, അവജ്ഞയോ അല്ലെങ്കിൽ മറവിയോ അല്ല; പ്രത്യുത, ലൗകികവും ദുഷിച്ചതുമായ സകലതുമായിട്ടുള്ള പൊരുത്തപ്പെടൽ ഒഴിവാക്കുന്ന ഒരു ജീവിതമാണത്. മുഴുവൻ മനുഷ്യരാശിയുടെയും പ്രയോജനത്തിനായി ascesis-നും പ്രാർത്ഥനയ്ക്കും മാത്രമായി സമർപ്പിക്കപ്പെടാൻ ഇടയാകത്തക്കവിധമാണ് ഈ ജീവിതം

അതുകൊണ്ട് കന്യാസ്ത്രീകൾ അലൗകികതലത്തിൽ ദാമ്പത്യപരവും മാതൃത്വത്തിന്റേതുമായ രഹസ്യം ഉദാത്തമായി ജീവിക്കുന്നു. ശിരോവസ്ത്രത്തിന്റെ വൈവിദ്ധ്യമാർന്ന പ്രതീകാത്മകത സംക്ഷിപ്തമായി ഉദാരമനസ്കതയെയും, തീക്ഷ്ണതയേയും സൂചിപ്പിക്കുന്നു. അതിലൂടെയാണ് ആവൃതിയിലെ സന്യസ്ത ഏവർക്കുംവേണ്ടി തന്നെത്തന്നെ ദൈവത്തിനു സമർപ്പിക്കുന്നത്. സ്വയം നൽകലിലൂടെ പൂർണ്ണമായും സ്വതന്ത്രയായിരിക്കുവാൻ ഇടയാകത്തക്കവിധം മറഞ്ഞിരുന്നുകൊണ്ടാണ് ഈ സമർപ്പണം. മെത്രാൻ എനിക്ക് വിശുദ്ധ ശിരോവസ്ത്രം നൽകിയപ്പോൾ ഞാൻ അനുഭവിച്ച വികാരം എനിക്ക് വിസ്മരിക്കാനാവില്ല. വിശുദ്ധിയുടെ ചക്രവാളത്തിൽ സ്വർഗം എന്റെമേൽ കമാനമായി ഇറങ്ങിവരുന്നതായി എനിക്കുതോന്നി. എന്നെ പരിശുദ്ധ കന്യകാമറിയത്തോട് സാദൃശ്യപ്പെടുത്തിക്കൊണ്ട്, ക്രിസ്തുവിന്റെ തിരുഹൃദയത്തിന്റെ ഗാഢസ്നേഹത്തിൽ അത് എന്നെ ആവരണം ചെയ്യുന്നതായി തോന്നി.

നാലാം നൂറ്റാണ്ടിലെ മാർപാപ്പയായിരുന്ന ലിബെരിയൂസ് മിലാനിലെ മെത്രാൻ അംബ്രോസിന്റെ സഹോദരി മാഴ്സലിനായെ സമർപ്പിതയായി സ്വീകരിച്ചപ്പോൾ, അദ്ദേഹം അവളുടെ ശിരസ്സിൽ വിശുദ്ധ ശിരോവസ്ത്രം വച്ച നിമിഷം, വിശുദ്ധ പത്രോസിന്റെ ബസിലിക്കയിൽ സാക്ഷികളായി നിറഞ്ഞുനിന്നിരുന്ന ജനം "ആമേൻ, ആമേൻ!" എന്ന് ഉദ്ഘോഷിച്ചു കൊണ്ട് കരഘോഷം മുഴക്കി.

*Velatio Virginum*-ത്തിന്റെ ആരാധനാക്രമാനുസാരിയായ അനുഷ്ഠാനം ദൈവാനുഗ്രഹം ഏറെ ഉണർത്തുന്നതാണ്. പ്രാചീനകാലത്ത് ചുവന്ന ശിരോവസ്ത്രങ്ങളും ഉപയോഗിച്ചിരുന്നു. മണവാളനായ ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവളാണ് കന്യക എന്ന് സൂചിപ്പിക്കുന്നതിനായിരുന്നു അത്. തന്റെ അതിമനോഹരമായ സുവിശേഷ പ്രഭാഷണങ്ങളിലൊന്നിൽ "കന്യകമാരെ പവിത്രീകരിച്ചു സമർപ്പിക്കുന്നവൻ" എന്ന് നിർവചിക്കപ്പെടാവുന്ന വിശുദ്ധ അംബ്രോസ് ഒരു സമർപ്പിത സ്ത്രീയെ ഇങ്ങനെ വിവരിക്കുന്നു "സകല പുണ്യങ്ങളാലും അലങ്കരിക്കപ്പെട്ട്, അവളുടെ കർത്താവിന്റെ രക്തത്താൽ ചുവന്ന ശിരോവസ്ത്രം കൊണ്ട് മറച്ച്, അവൾ ഒരു രാജ്ഞിയെപ്പോലെ മുമ്പോട്ട് നീങ്ങുന്നു., അവളുടെ ശരീരത്തിൽ ക്രിസ്തുവിന്റെ മരണം വഹിച്ചുകൊണ്ട്" *(De institutione virginis, 17.109)*

അതുകൊണ്ട് രക്തസാക്ഷിത്വത്തിന്റെ സ്വഭാവവും കന്യാത്വത്തിന് ന്യായമായി ആരോപിക്കപ്പെടുന്നു. അത് രക്തസാക്ഷിത്വത്തിന്റെ ഒരു രൂപമായി കരുതപ്പെടുന്നു. എന്തെന്നാൽ, പൂർണ്ണമായി നൽകപ്പെടുന്ന ഒരു ജീവിതമാണ് അത്. അതിന്റെ രാജകീയ അന്തസ്സ് പ്രപഞ്ചരാജാവായ മണവാളനാൽ തിരിച്ചറിയപ്പെടുകയും, അംഗീകരിക്കപ്പെടുകയും കിരീടം അണിയിക്കപ്പെടുകയും ചെയ്യുന്നു. ഈ രീതിയിൽ ശിരോവസ്ത്രം ഒരു രാജകീയ കിരീടമെന്ന അർത്ഥം ആർജ്ജിക്കുകയും ചെയ്യുന്നു.

സ്ത്രീക്ക് ഇതിലേറെ ഉദാത്തമായ എന്തെങ്കിലും ഒരു അന്തസ്സ് ഉണ്ടാകാൻ ഇടയുണ്ടോ? ശിരോവസ്ത്രം തന്നെ അവളെ എളിയവളാക്കി നിലനിർത്തുന്നു.മിലാനിലെ സാൻ സിംപ്ലിസിയാനോ ബസിലിക്കയിൽ അഞ്ചാമത്തെ ഒരു കല്ലറ ലിഖിതമുണ്ട്. അതിൽ ലളിതമായി ഇങ്ങനെ പറയുന്നു: *Hiciacet Leuteria cum capite velato.* ഈ കാവ്യശകലം ശിരോവസ്ത്രത്താൽ വേർതിരിച്ചറിയപ്പെടേണ്ട ഒരു സ്ത്രീയുടെ ഓർമ്മയിൽ ക്രിസ്തുവിനുള്ള സമർപ്പണത്തിന്റെ ഒരു അടയാളം, ഏറ്റവും മഹനീയമായ കുലീനതയുടെ ഒരു അടയാളം ആധികാരികമായി മുദ്രിതമാക്കപ്പെട്ടു നൽകുന്നു. ശിരോവസ്ത്രത്തെക്കുറിച്ച് പറയുമ്പോൾ അമലോത്ഭവ കന്യകയിലേക്ക് ശ്രദ്ധ തിരിക്കാതിരിക്കാൻ ഒരുവന് കഴിയുകയില്ല. എല്ലായ്പ്പോഴും മൂടുപടമണിഞ്ഞ നിലയിലാണ് അവൾ ചിത്രീകരിക്കപ്പെട്ടിട്ടുള്ളത്. ചിലപ്പോൾ കയ്യിലേന്തുന്ന ഉണ്ണിയേശുവിനെക്കൂടി വാരിപ്പൊതിയുവാൻ മാത്രം വലിപ്പമുള്ള മൂടുപടമാണത്. ഓരോ യുഗത്തിലും അവളെ ചുറ്റിപ്പറ്റി ഏറ്റവും മനോഹരമായ കവിത പ്രചാരം നേടിയിട്ടുണ്ട്. അവളുടെ മൂടുപടം ഏവർക്കുമായി നീട്ടിക്കൊടുക്കുവാൻ ഇടയാക്കത്തക്കവിധം ഏറ്റവും ഹൃദയസ്പർശിയായ അപേക്ഷകൾ

അവളോട് നടത്തപ്പെടുന്നു. അവൾ മാതാവാക്കപ്പെട്ട സകല മനുഷ്യ രാശിയുടെയുംമേൽ അവളുടെ മൂടുപടത്തിന്റെ സംരക്ഷണം ലഭിക്കത്തവിധമുള്ള പ്രാർത്ഥനകളാണത്. ഡാന്റെ ആലപിക്കുന്നു: അങ്ങയുടെ പുത്രന്റെ മാതാവായ കന്യകേ, സൃഷ്ടവസ്തുക്കൾ സകല എളിമയിലും, അവയ്ക്കെല്ലാം മുകളിൽ ഔന്നത്യത്തിൽ അതിജീവിച്ച് മുൻകൂട്ടി നിശ്ചയിക്കപ്പെട്ട നിത്യതയുടെ ജ്ഞാനത്താൽ നാമകരണം ചെയ്യപ്പെട്ട്, ഇത്രയേറെ പുരോഗതിയാർജിച്ച കുലീനതയേറിയ പ്രകൃതമുള്ള അങ്ങയിൽ അതിന്റെ മഹത്വമേറിയ സ്രഷ്ടാവുതന്നെ സ്വന്തം സൃഷ്ടി വസിക്കുവാൻ ഇടയാക്കിയതിൽ ലജ്ജിതനായില്ല. ഉപവിയോടെയും സ്നേഹത്തോടെയും അങ്ങ് താഴെയുള്ള ഞങ്ങൾക്ക് മദ്ധ്യാഹ്നത്തിലെ ദീപശിഖയായി തീരുന്നു. നശ്വരരായ മനുഷ്യർക്ക് പ്രത്യാശയുടെ ജീവിക്കുന്ന അരുവിയാണ് അങ്ങ്. അതിനാൽ കന്യകേ, അങ്ങ് മഹത്ത്വവും ബലവും ഏറിയവളാണ്. കൃപയാഗ്രഹിക്കുന്നവൻ സഹായം തേടി അങ്ങയുടെ പക്കൽ വരാത്തവൻ, ആശകൾ ചിറകില്ലാതെ പറക്കുന്നതിൽ ഔത്സുക്യം പ്രകടിപ്പിക്കും. യാചിക്കുന്നവർക്കുമാത്രമല്ല യാചനയ്ക്കു മുമ്പേ മുൻകൂട്ടി പലതവണ അപേക്ഷിക്കുന്നവർക്കും അങ്ങയുടെ അനുഗ്രഹാശ്ശിസുകൾ ലഭിക്കുന്നു (ഡിവൈൻ കോമഡി: പാരഡൈസ്, കാന്റോ 23:1-18)

മറയ്ക്കപ്പെട്ട് എന്നാൽ സന്നിഹിതയായി-കന്യകാമറിയത്തെപ്പോലെ-ആണ് പ്രാർത്ഥനയിൽ കർത്താവിന് പൂർണ്ണമായി സമർപ്പിക്കപ്പെട്ട സ്ത്രീ. അവൾ സാധാരണ ജനങ്ങളിൽ നിന്ന് അകന്ന് നിസ്സംഗതയും, ദേഹബന്ധത്തിൽ നിന്ന് മോചിതയും ആയിത്തീരുന്നില്ല. പ്രത്യുത, കന്യകയായതിനാൽ പൂർണ്ണമായും സൗജന്യമായി നൽകപ്പെടുന്ന ത്യാഗപൂർണ്ണമായ സാർവ്വത്രിക സ്നേഹത്തിന് ശേഷിയുള്ള ഒരു സ്ത്രീ ആയി മാറുന്നു.

സമർപ്പിത സ്ത്രീകളുടെ ശിരോവസ്ത്രത്തിന്റെ ആത്മീയ അർത്ഥം ഇതാണ്. ലോകത്തിന്റെ ഹൃദയത്തിൽ ആയിരിക്കുന്നതിനുവേണ്ടിയും, സകല മനുഷ്യരെയും ക്രിസ്തുവിന്റെ ഹൃദയത്തിലേക്ക് കൊണ്ടുവരുന്നതിനുവേണ്ടിയുമാണ് അവർ ലോകത്തിന്റെ ഹൃദയത്തിൽ നിന്ന് മറഞ്ഞിരിക്കുന്നത്. സഭയുടെയും അവിടുത്തെ തിരുരക്തത്താൽ വീണ്ടെടുക്കപ്പെട്ട മനുഷ്യരാശിയുടെയും ഏക മണവാളനായ ക്രിസ്തുവിന്റെ ഹൃദയമാണത്. അവിടുത്തെ ദൃഷ്ടിയിൽ അവളെ പരിശുദ്ധയും കറതീർന്നവളും ആക്കിതീർക്കാനാണത്. പരിശുദ്ധ കന്യാശിരോവസ്ത്രത്തിന്റെ പിന്നിലുള്ള സകല നിന്ദനങ്ങളിലുംനിന്ന് സംരക്ഷിക്കപ്പെടേണ്ട ആ ആത്മീയ സൗന്ദര്യത്താൽ ഉജ്ജ്വലശോഭയാർന്നതാണ് ആ തിരുസഭ.

*കടപ്പാട്: ഒസ്സെർവത്തോരെ റൊമാനോ, പുസ്തകം 7, ലക്കം 21, ജൂലൈ 2014*

# രൂപതാകച്ചേരി വാർത്തകൾ

**ജപമാല മാസം**

ജപമാല ഭക്തിയിലൂടെ ആദ്ധ്യാത്മികതയിൽ വളരാനും പരി.അമ്മയുടെ മാധ്യസ്ഥം നേടാനുമുള്ള അവസരമാണല്ലോ ഒക്ടോബർ മാസം. ചില സ്ഥലങ്ങളിൽ 10 ദിവസവും മറ്റ് ചില സ്ഥലങ്ങളിൽ 30 ദിവസവും ആഘോഷമായ ജപമാല ചൊല്ലിക്കൊണ്ട് മാതാവിലൂടെ ഈശോയിലേയ്ക്ക് വളരുവാനുള്ള പരിശ്രമങ്ങൾ നടക്കുന്നത് ശ്ലാഘനീയമാണ്. മാതാവിനോടുള്ള ഭക്തിയിൽ വളരാൻ ഈ ജപമാല മാസത്തിൽ നമുക്ക് പ്രത്യേകം പരിശ്രമിക്കാം.

**ജമ്മു-കാശ്മീർ ദേശീയ ദുരന്തബാധിതർക്ക് വേണ്ടി പ്രത്യേക പിരിവ്**

നമുക്ക് എല്ലാവർക്കും അറിയാവുന്നതുപോലെ, രണ്ടായിരത്തിലധികം ഗ്രാമങ്ങളെ ബാധിക്കുകയും ഇരുന്നൂറിലധികം പേർ മരിക്കാനിടയാവുകയും ഇരുപത്തിമൂവായിരത്തിലധികം പേരെ രക്ഷിച്ച് മാറ്റിപാർപ്പിക്കുകയും ആറുലക്ഷത്തിലധികം പേർക്ക് അടിയന്തിരസഹായമെത്തിക്കുകയും ചെയ്യേണ്ടതായി വന്ന ഒരു ദേശീയ ദുരന്തമായിരുന്നല്ലോ ജമ്മുകാഷ്മീർ പ്രളയകെടുതി. ഭാരത കത്തോലിക്കാ മെത്രാൻ സമിതി, തങ്ങളുടെ സാമൂഹ്യ പ്രവർത്തന വിഭാഗമായ കാരിത്താസ് ഇന്ത്യ വഴി ഒരു വിഭവ സമാഹരണം നടത്തി പ്രസ്തുത ദുരന്തബാധിതരെ സഹായിക്കാനുള്ള ശ്രമത്തിൽ നമ്മുടെ കഴിവിനൊത്ത് പങ്കുചേരാൻ ആഹ്വാനം ചെയ്തിരിക്കുകയാണ്. ഭാരത കത്തോലിക്കാമെത്രാൻ സമിതിയുടെ ആഹ്വാനത്തോട് പ്രതികരിച്ചുകൊണ്ട് നമ്മുടെ എല്ലാ ഇടവകകളിലും, സാധിക്കുമെങ്കിൽ മുൻകൂട്ടി അറിയിച്ചശേഷം, ഈ വരുന്ന 12-ാം തീയതി ഞായറാഴ്ച ഒരു പ്രത്യേക പിരിവ് എടുക്കുകയും പിരിഞ്ഞുകിട്ടുന്ന തുക സാഹചര്യത്തിന്റെ അടിയന്തിര സ്വഭാവം കണക്കിലെടുത്ത് ഒരാഴ്ചക്കുള്ളിൽ രൂപതാകേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് താല്പര്യപ്പെടുന്നു.

**മിഷൻ ഞായർ ഒക്ടോബർ 19**

ഒക്ടോബർ മാസം 19-ാം തീയതിയാണ് മിഷൻ ഞായറായി ആചരിക്കുന്നത്. ഭൂമിയുടെ അതിർത്തികൾ വരെ കർത്താവിന് സാക്ഷി കളാകുവാനുള്ള നമ്മുടെ കർത്തവ്യബോധം നമ്മിലെല്ലാം ശക്തിപ്പെ ടുത്തുവാനും പ്രത്യേക പ്രാർത്ഥനയിലൂടെയും ഇതര പ്രവർത്തനങ്ങ ളിലൂടെയും മിഷനറിമാരെയും മിഷൻ പ്രവർത്തനങ്ങളെയും ശക്തി പ്പെടുത്തുവാനുള്ള ഒരവസരമാകണം മിഷൻ ഞായർ ആചരണവും മിഷൻ ഞായർ ആഘോഷവും. ഈയവസരത്തിൽ മിഷൻ രംഗങ്ങളിൽ ത്യാഗപൂർവ്വം ശുശ്രൂഷ ചെയ്യുന്ന എല്ലാവരെയും അനുസ്മരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം. മിഷൻഞായറാഴ്ച സമർപ്പിക്കുന്ന സ്തോത്രക്കാഴ്ച മിഷൻ പ്രവർത്തനങ്ങളെ സഹായി ക്കുവാനുള്ള നമ്മുടെ മനസ്സിന്റെ സമർപ്പണമാവട്ടെ. അന്ന് ലഭിക്കുന്ന സ്തോത്രക്കാഴ്ച തുക കഴിവതും നേരത്തേ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യുമല്ലോ.

**സ്നേഹാനുസ്മരണം**

ഒക്ടോബർ 26-ാം തീയതി ബഹു. ജേക്കബ് നെടുമ്പള്ളിയച്ച ന്റേയും നവംബർ 3-ാം തീയതി ബഹു. തോമസ് മൂലക്കുന്നേലച്ചന്റേയും ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിലും വി. ബലികളിലും നമുക്കോർക്കാം. ആ ദിവസങ്ങ ളിൽ വിയാനിഭവൻ ചാപ്പലിൽ വച്ച് രാവിലെ 7 മണിക്ക് വി. ബലിയും ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്. ഒക്ടോബർ 26 ഞായറാഴ്ചയായതി നാൽ 27 തിങ്കളാഴ്ചയായിരിക്കും ബഹു. നെടുമ്പള്ളിയച്ചനുവേണ്ടിയുള്ള വി. ബലിയും ഒപ്പീസും.

**അഭിനന്ദനങ്ങൾ**

റോമിലെ ലാറ്ററൻ യൂണിവേഴ്സിറ്റിയിൽ നിന്നും കുടുംബപ്രേ ഷിതത്വത്തിൽ ഡോക്ടറേറ്റ് നേടി തിരിച്ചെത്തിയിരിക്കുന്ന ബഹു. ജോഷി മഞ്ഞകുന്നേലച്ചന് അഭിനന്ദനങ്ങൾ. തുടർന്നുള്ള ശുശ്രൂഷ മേഖ ലകളിൽ ധാരാളം ദൈവാനുഗ്രഹവും വിജയവും ആശംസിക്കുന്നു.

**വിജയാശംസകൾ**

റോമിൽ കാനൻ നിയമത്തിൽ ഡോക്ടറേറ്റിനായി പഠനം ആരം ഭിച്ചിരിക്കുന്ന ബഹു. സിജീഷ് പുല്ലൻകുന്നേൽ അച്ചന് വിജയാശംസ കൾ. ന്യൂമാൻസ് കോളേജ് പ്രിൻസിപ്പാൾ, രൂപതാകോടതിയിലെ ജഡ്ജി എന്നീ നിലകളിൽ ചെയ്തുകൊണ്ടിരുന്ന സേവനങ്ങളെ നന്ദിയോടെ ഓർക്കുന്നു.

**മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്

13-9-2014 (സെപ്റ്റംബർ 13) ന് രാവിലെ 10.30 ന് റവ. ബ്രദർ ഫ്രാങ്കോ MMB നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. രൂപത വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ സ്വാഗതം ആശംസിക്കുകയും അജണ്ടാവതരണം നടത്തുകയുമുണ്ടായി. തുടർന്ന് അഭിവന്ദ്യ പിതാവ് മാർ ജോസ് പൊരുന്നേടം ആമുഖ പ്രഭാഷണം നടത്തി. താഴെപറയുന്ന ആശയങ്ങളാണ് പ്രധാനമായും പിതാവ് അവതരിപ്പിച്ചത്.

- പാസ്റ്ററൽ കൗൺസിൽ എന്നത് രൂപതാ പ്രവർത്തനങ്ങൾക്ക് ആശയങ്ങൾ നൽകുകയും ഇടവകാ പ്രവർത്തനങ്ങൾക്ക് ആശയങ്ങൾ സ്വീകരിക്കുകയും ചെയ്യുന്ന വേദിയാണ്.
- പാസ്റ്ററൽ കൗൺസിലിൽ ചർച്ച ചെയ്യുന്ന ആശയങ്ങൾ ഇടവകയിൽ അവതരിപ്പിക്കാനുള്ള ഉത്തരവാദിത്വം അംഗങ്ങൾക്കുണ്ട്.
- സമർപ്പിത വിളിയിലേക്ക് കൂടുതൽ പേരെ ആകർഷിക്കാനും ഇപ്പോൾ സമർപ്പിത ജീവിതം നയിക്കുന്നവർ പുനരർപ്പിതരാകാനും സഹായിക്കുന്നതാകണം സമർപ്പിതവർഷം.
- സഭാപ്രവർത്തകരും അത്മായ നേതാക്കളും മാധ്യമങ്ങളെ പ്രയോജനപ്പെടുത്തി ധാർമ്മിക ചിന്തയുടെ പ്രചാരകരാകണം.
- വരാൻ പോകുന്ന സാഹചര്യത്തെക്കുറിച്ച് സഭാ സമൂഹത്തിന് വ്യക്തമായ ധാരണ ഉണ്ടാകണം.

തൃക്കൈപ്പറ്റ ഇടവക സ്ഥാപിച്ചതിനെകുറിച്ചും, WSSS ന്റെ നേതൃത്വത്തിൽ ബയോവിൻ എന്ന പേരിൽ സ്പൈസസ് പ്രോസസ്സിംഗ് ഫാക്ടറി ആരംഭിക്കുന്നതിനെക്കുറിച്ചും പിതാവ് സൂചിപ്പിക്കുകയുണ്ടായി.

തുടർന്ന് റോമിൽ നടക്കാൻ പോകുന്ന മെത്രാൻ സിനഡിന്റെ ചർച്ചാ വിഷയമായ 'ആധുനിക കുടുംബം നേരിടുന്ന വെല്ലുവിളികൾ' എന്ന വിഷയം ശ്രീ. ജോണി അമ്പാട്ട് അവതരിപ്പിച്ചു. ലഹരിവിമുക്ത വർഷത്തെകുറിച്ചുള്ള വിലയിരുത്തൽ ബഹു. സണ്ണി മഠത്തിൽ അച്ചനും സമർപ്പിതവർഷാചരണത്തെക്കുറിച്ച് റവ. സി. എത്സ പൈകട SABS ഉം, പാസ്റ്ററൽ പ്ലാനിംഗിനെ കുറിച്ച് സെബാസ്റ്റ്യൻ പാലംപറമ്പിലും

സംസാരിച്ചു. തുടർന്ന് നടന്ന പൊതുചർച്ച അഭിവന്ദ്യ പിതാവ് നിയന്ത്രിച്ചു. ഓരോ വിഷയത്തെക്കുറിച്ചും പ്രത്യേകമായിട്ടാണ് ചർച്ച നടന്നത്. ശ്രീ. ജോസ് പുന്നക്കുഴി, ബെന്നി ഐക്കരമുകളേൽ, ബേബി ചക്കാലക്കൽ, സി. ക്രിസ്റ്റീന SKD, ജോയി മേപ്പാടത്ത്, ജിഷ പറയിടം, ഡോ. സെബാസ്റ്റ്യൻ, ലില്ലി കുര്യൻ, ബെന്നി വെട്ടിക്കാമുകളേൽ, ഫാ.ജോർജ്ജ് മൈലാടൂർ, ഫാ. തോമസ് കച്ചിറയിൽ, സാലു അബ്രാഹം മേച്ചേരിൽ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു.

സർക്കാർ ലഹരിവിമുക്ത പ്രവർത്തനങ്ങൾക്കായി നടത്തുന്ന നടപടികൾക്ക് രൂപത പിന്തുണയ്ക്കുന്നതായുള്ള പ്രമേയം ഫാ. സണ്ണി മഠത്തിൽ അവതരിപ്പിക്കുകയും യോഗം അംഗീകരിക്കുകയും ചെയ്തു. തുടർന്ന് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി യോഗത്തിന് നന്ദി പറഞ്ഞു. 2 മണിയോടെ യോഗനടപടികൾ അവസാനിച്ചു.

**തീരുമാനങ്ങളും നിർദ്ദേശങ്ങളും**

ഓരോ വിഷയത്തെയും പ്രത്യേകമായി എടുത്തു നടത്തിയ ചർച്ചയിൽ നിന്നും ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ ഉണ്ടായി.

- വർഷത്തിൽ ഒരു പ്രത്യേക ദിവസം കുടുംബദിനമായി പ്രഖ്യാപിക്കുക.
- സാമ്പത്തികമായി ഏറെ പിന്നിൽ നിൽക്കുന്ന കുടുംബങ്ങൾക്ക് ഇടവകകളിൽ നിന്നും പിന്തുണ നൽകണം.
- കുടുംബം അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ പൊതു സമൂഹത്തിലേക്ക് എത്തിക്കണം.
- സമർപ്പിതരും, വൈദികരും കുടുംബത്തിൽ ഇടപെടാൻ കൂടുതൽ സമയം കണ്ടെത്തണം.
- കുടുംബത്തിൽ ഒറ്റപ്പെട്ടുപോയവരെ സഹായിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകണം.
- കൂദാശാ സ്വീകരണ ചടങ്ങുകളിൽ ഒരു 'ഒരു ഡ്രസ് കോഡ്' ഉണ്ടാക്കുന്നത് നല്ലതാണ്.
- കുട്ടികളുടെ പരിചരണത്തിന് 'ഡേ കെയർ' സെന്ററുകൾ ആരംഭിക്കണം.
- യുവജനങ്ങൾക്ക് കുടുംബത്തെക്കുറിച്ചുള്ള ദർശനങ്ങളിൽ പരിശീലനം നൽകണം.
- കൗമാര പ്രായക്കാർക്ക് പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കണം.
- ജന്റർ പോളിസി പരിശീലനങ്ങളിൽ ഉൾപ്പെടുത്തുക.

- സഭാപ്രവർത്തനങ്ങളെയും നേതൃത്വത്തെയും വിമർശിക്കുന്നവർ സഭക്കെതിരാണെന്നോ, വിശ്വാസമില്ലാത്തവരാണെന്നോ കരുതരുത്.
- ഇടവകാ തലത്തിൽ സമർപ്പിത വിളി സ്വീകരിച്ചവരുടെ കൂട്ടായ്മ സംഘടിപ്പിക്കുക.
- ക്രൈസ്തവ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നവർ മാതൃകാപരമായി പെരുമാറണം.
- ഭവനസന്ദർശനത്തിന് അല്മായ സഹകരണത്തോടെ നവീന രീതികൾക്ക് രൂപം നൽകണം.
- സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്ന പദ്ധതികൾ ഇടവകകളിൽ ഉണ്ടാകണം.

മേൽ സൂചിപ്പിച്ച നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് പാസ്റ്ററൽ പ്ലാനിംഗിനുള്ള രൂപരേഖ തയ്യാറാക്കാൻ അഭിവന്ദ്യ പിതാവ് നിർദ്ദേശം നൽകി.

യോഗത്തിൽ പങ്കെടുത്തവരെയും ക്രിയാത്മക നിർദ്ദേശങ്ങൾ നൽകിയവരേയും നന്ദിയോടെ സ്മരിക്കുന്നു.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ

# ലഹരിവിമുക്ത വർഷാചരണം
## 2014-2015

### രൂപത എക്സിക്യൂട്ടീവ് യോഗം

23-8-2014 ന് ലഹരി വിമുക്ത വർഷാചരണത്തിന്റെ എക്സിക്യൂട്ടീവ് യോഗം ചെയർമാൻ മോൺ. മാത്യു മാടപ്പള്ളിക്കുന്നേലച്ചന്റെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. ഫാ. സണ്ണി മഠത്തിൽ ഏവർക്കും സ്വാഗതം ആശംസിച്ചു.

### തീരുമാനങ്ങൾ

ലഹരിവിമുക്ത വർഷാചരണം ദൈവകൃപയാൽ വിജയത്തിലേക്ക് നീങ്ങുന്നു എന്ന് യോഗം വിലയിരുത്തി. തുടർന്ന് താഴെ പറയുന്ന തീരുമാനങ്ങളെടുത്തു. ഇടവക കൺവീനർമാരുടെ യോഗം സെപ്റ്റംബർ 27 ന് ശനിയാഴ്ച 10.30 ന് പാസ്റ്ററൽ സെന്ററിൽ ചേരുക, ഫാ. സണ്ണി മഠത്തിൽ സെബാസ്റ്റ്യൻ പാലംപറമ്പിൽ, ജോസ് പള്ളത്ത് എന്നിവർ ക്ലാസ്സിന് നേതൃത്വം നൽകുക, എക്സിബിഷൻ സ്റ്റാളുകൾ തയ്യാറാക്കുക, (അതിനായി ജോസ് പള്ളത്ത്, ടോമി നെടുംകൊമ്പിൽ, ജോയി മേപ്പാടത്ത് എന്നിവരെ ചുമതലപ്പെടുത്തി) തെരുവ് നാടകം നടത്തുക, (അതിനായി ടോമി നെടുംകൊമ്പിലിനെ ചുമതലപ്പെടുത്തി) പുനർജനി സർക്കാർ സഹായ പദ്ധതിക്ക് രൂപതാ നേതൃത്വത്തിൽ സഹായം ചെയ്യുക, സർക്കാർ പ്രഖ്യാപിച്ച മദ്യനയത്തിന് പിന്തുണയും പ്രചരണവും നൽകുക, ശ്രീ. സുധീരൻ, ശ്രീ. ഉമ്മൻചാണ്ടി എന്നിവർക്ക് അനുമോദന കത്ത് അയയ്ക്കുക. യോഗത്തിന് ശ്രീ. ജോയി മേപ്പാടത്ത് നന്ദിയർപ്പിച്ചു.

### മേഖല ഡയറക്ടർമാരുടെയും കൺവീനർമാരുടെയും യോഗം

30-8-2014 ന് ശനിയാഴ്ച ലഹരിവിമുക്ത വർഷാചരണം ഫൊറോന ഡയറക്ടറച്ചന്മാരുടെയും കൺവീനർമാരുടെയും യോഗം പാസ്റ്ററൽ സെന്ററിൽ വെച്ച് ചേർന്നു. വർക്കിംഗ് ചെയർമാൻ ഫാ. സണ്ണി മഠത്തിൽ സ്വാഗതം പറഞ്ഞു. കൺവീനർ ശ്രീ. സെബാസ്റ്റ്യൻ

പാലംപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ജോൺസൺ തൊഴു ത്തുങ്കൽ ഇതുവരെയുള്ള പ്രവർത്തനങ്ങളുടെ റിപ്പോർട്ട് സംക്ഷിപ്ത മായി അവതരിപ്പിച്ചു.

തുടർന്ന് പൊതുചർച്ചയിൽ പുൽപ്പള്ളി ഫൊറോന ഡയറക്ടർ റവ. ഫാ. തോമസ് തൈക്കുന്നുംപുറം, കൽപ്പറ്റ ഫൊറോന ഡയറക്ടർ റവ. ഫാ. ഫ്രാൻസീസ് കുത്തുകല്ലുങ്കൽ, തരിയോട് ഫൊറോന ഡയറ ക്ടർ റവ. ഫാ. മനോജ് കാക്കോനാൽ, മാനന്തവാടി ഫൊറോന ഡയറ ക്ടർ റവ. ഫാ. സിനീഷ് പുത്തൻപുരയിൽ, മണിമൂളി ആനിമേറ്റർ സി. ലീന SH, കല്ലോടി ഫൊറോന കൺവീനർ ശ്രീ. ജെയിംസ് പുതുശ്ശേരി, ബത്തേരി ഫൊറോന കൺവീനർ ശ്രീ. എൻ. ജെ. തോമസ് വല്ലപ്ര, നിലമ്പൂർ ഫൊറോന ആനിമേറ്റർ സി. സാലി സി.എം.സി., ഗൂഡല്ലൂർ റീജണൽ ആനിമേറ്റർ സി. ജാൻസി പോൾ SH, പുൽപ്പള്ളി ഫൊറോന കൺവീനർ ജോസ് മാസ്റ്റർ എന്നിവർ എന്നിവർ സംസാരിച്ചു.

**നിർദ്ദേശങ്ങൾ**

- ഇടവക കൺവീനർമാരുടെ യോഗത്തിന് രൂപതയിൽ നിന്ന് കത്തുകൾ അയയ്ക്കുക. ഫൊറോന കൺവീനർമാർ ഇവരുടെ പങ്കാ ളിത്തം ഉറപ്പ് വരുത്തുക. എക്സിബിഷൻ സ്റ്റാളുകൾക്കുള്ള സാമഗ്രി കൾ രൂപത തയ്യാറാക്കുകയും ഇടവകയുടെ തീരുമാനമനുസരിച്ച് നടത്തുകയും ചെയ്യുക. ചുമതല CML നെ ഏൽപ്പിക്കുന്നത് ഉചിതമാണ്. തെരുവ് നാടക കലാജാഥകൾക്ക് രൂപത നേതൃത്വം നൽകുകയും ഫൊറോന സ്വീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക. ലീഫ്ലെറ്റു കൾ കമ്മറ്റിക്കാർ മുഖേന വീടുകളിൽ എത്തിക്കുക. ആവശ്യമുള്ള എണ്ണം സണ്ണിയച്ചനെ അറിയിക്കുകയും ഫൊറോന കേന്ദ്രത്തിൽ എത്തി ക്കുകയും ചെയ്യുക. ഇടവകാതലത്തിൽ എല്ലാ വിഭാഗം ജനങ്ങളെയും ഉൾപ്പെടുത്തി ജാഗ്രതാ സമിതികൾ രൂപീകരിക്കുക. രൂപതാതലത്തിൽ സാമുദായിക നേതാക്കന്മാർ, പാർട്ടി നേതാക്കൾ എന്നിവരെ ഉൾപ്പെ ടുത്തി യോഗം വിളിക്കുക. പുനർജനിക്ക് സാമ്പത്തിക സഹായം നൽകു ന്നതിന് പകരം ഇടവകയിൽ ഒരു പ്രവർത്തനം ഏറ്റെടുത്ത് നടത്തുക. പ്രാർത്ഥന, കുരിശിന്റെ വഴി, പ്രാർത്ഥനാദിനം എന്നിവ നടത്തുക.

സി. ജോവിറ്റ ഏവർക്കും നന്ദി പ്രകാശിപ്പിച്ചു. തുടർന്ന് പ്രാർത്ഥ നയോടെ യോഗം അവസാനിച്ചു.

**ഫൊറോന പ്രവർത്തനങ്ങൾ**

**നിലമ്പൂർ ഫൊറോന**

മദ്യമെന്ന തിന്മയുടെ ശക്തികൾക്കെതിരെയുള്ള ആത്മീയ മുന്നേറ്റമായി ഫൊറോനയിലെ എല്ലാ വൈദികരും ചേർന്ന് ഉപവാസ

പ്രാർത്ഥന നടത്തി. 8-8-14 ന് നിലമ്പൂർ ലിറ്റിൽ ഫ്ളവർ പള്ളിയിൽ ഫൊറോന കമ്മറ്റിയോഗം ചേർന്നു. മേഖല-ഇടവക പ്രവർത്തനങ്ങൾ വിലയിരുത്തി. ഇടവക ആനിമേറ്റർ, കൺവീനർ, വാർഡുതല പ്രതിനിധികൾ എന്നിവർക്കായി 31-8-2014 ന് സെമിനാർ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

**മാനന്തവാടി ഫൊറോന**

20-7-14 ന് മാനന്തവാടി കത്തീഡ്രൽ പള്ളിയിൽ ഫൊറോന ഡയറക്ടർ ബഹു. ജോസ് പുത്തൻപുരയിൽ അച്ചന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. കൺവീനർ ജോസ് പുന്നക്കുഴി സ്വാഗതം ആശംസിച്ചു. റവ. ഫാ. ജോർജ്ജ് മൈലാടൂർ മുഖ്യസന്ദേശം നൽകി ഇടവക പ്രവർത്തനങ്ങൾ വിലയിരുത്തി. ഫൊറോന തലത്തിൽ ഒരു സ്കിറ്റ് ഒരുങ്ങി എല്ലാ ഇടവകകളിലും നടത്തുവാനും ഒരു സെമിനാർ ടീമിനെ ഒരുക്കുവാനും തീരുമാനിച്ചു. സ്കൂളുകളിൽ ഫൊറോന തലത്തിൽ മത്സരങ്ങൾ നടത്തുവാനും സെപ്റ്റംബർ 15 ന് എല്ലാ ഇടവകകളിലെയും പാരീഷ് കമ്മറ്റി അംഗങ്ങൾക്കായി സെമിനാർ നടത്തുവാനും തീരുമാനിച്ചു.

**കല്ലോടി ഫൊറോന**

എല്ലാ മാസവും അവസാനത്തെ ഞായറാഴ്ച ഫൊറോന കമ്മറ്റി ചേരുന്നു. പ്രവർത്തനങ്ങൾ ശക്തമാക്കുവാൻ ഫൊറോന ഡയറക്ടർ റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേലച്ചന്റെ നേതൃത്വത്തിൽ ഇടവക സന്ദർശനം നടത്തുന്നു. പുതിയിടംകുന്ന്, ഒഴുക്കൻമൂല, മക്കിയാട്, നിരവിൽപ്പുഴ, കരിമ്പിൽ, ദീപ്തിഗിരി, കാരക്കാമല ഇടവകകളിൽ സന്ദർശനം നടത്തി. ഒക്ടോബർ 3 ന് ഇടവകയിലെ വാർഡ്തല 2 സജീവ പ്രവർത്തകരുടെയും ഇടവക ഭാരവാഹികളുടെയും വിപുലമായ മേഖലാ കൺവെൻഷൻ ചേരുവാൻ തീരുമാനിച്ചു. ഇടവകകളിൽ ജാഗ്രതാസമിതികൾ രൂപീകരിക്കുവാൻ തീരുമാനിച്ചു. സെപ്റ്റംബർ 15 ന് ദ്വാരകയിൽ വച്ച് ഫൊറോനയിലെ സൺഡേസ്കൂൾ കുട്ടികൾക്കായി ലഹരികിസ്സ്, തെരുവുനാടകം എന്നിവയിൽ മത്സരം നടത്തി. ക്വിസ്സ് മത്സരത്തിൽ പുതുശ്ശേരി, ദീപ്തിഗിരി, കല്ലോടി ഇടവകകളും തെരുവ് നാടക മത്സരത്തിൽ കല്ലോടി, ചുള്ളിയാന, കൊമ്മയാട് ഇടവകകളും ഒന്നും രണ്ടും മൂന്നും സ്ഥാനത്തിന് യഥാക്രമം അർഹരായി. കല്ലോടി ഫൊറോന വികാരി റവ. ഫാ. ജോസ് കൊച്ചറക്കൽ സമ്മാനം വിതരണം ചെയ്തു. ടോമി നെടുംകൊമ്പിൽ ആശംസയർപ്പിച്ചു. ജെയിംസ് പുതുശ്ശേരി, ജോയി പരിയാരത്ത്, സി. മേഴ്സി FCC, അബ്രാഹം പുത്തനങ്ങാടി എന്നിവർ നേതൃത്വം നൽകി.

### ബത്തേരി മേഖല

ബത്തേരി, ചുള്ളിയോട്, തോമാട്ടുചാൽ, മീനങ്ങാടി, വടക്കനാട് എന്നീ ഇടവകകളിൽ സെമിനാർ നടന്നു. ചികിത്സയ്ക്ക് പറഞ്ഞയക്കുക, ധ്യാനത്തിൽ പങ്കെടുപ്പിക്കുക, A.A ഗ്രൂപ്പുകൾ ആരംഭിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ സജീവമായി നടക്കുന്നു.

### ഇടവക പ്രവർത്തനങ്ങൾ

**പൂളപ്പാടം**

മാതൃസംഘത്തിന്റെ നേതൃത്വത്തിൽ അഖണ്ഡജപമാലയും അഖണ്ഡ ഉപവാസപ്രാർത്ഥനയും നടത്തി. ഇടവക ജനങ്ങൾക്കും സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കുമായി സെമിനാർ നടത്തി. KCYM ന്റെ നേതൃത്വത്തിൽ ഫ്ളക്സ് ബോർഡ് സ്ഥാപിച്ചു. A.A ഗ്രൂപ്പ് സജീവ മാണ്.

**റൂബിനഗർ**

അമ്മമാർക്കായി ഏകദിന ധ്യാനം നടത്തി. ഫാ. സജി പുതുക്കു ളങ്ങര നേതൃത്വം നൽകി. ഉപവാസപ്രാർത്ഥനാദിനം ആചരിച്ചു. എല്ലാ വെള്ളിയും ഉപവാസ ദിനം. സിസ്റ്റേഴ്സ് ഭവനസന്ദർശനം നടത്തി. കുട്ടികൾക്കായി ടെലിഫിലിം പ്രദർശനം, അസംബ്ലിയിൽ ലഹരിവിമുക്ത സന്ദേശം എന്നിവ നടത്തിവരുന്നു.

**പൂക്കോട്ടുംപാടം**

റവ. ഫാ.അനിൽ മൂഞ്ഞനാട്ടിന്റെ നേതൃത്വത്തിൽ കുട്ടികൾക്കായി സെമിനാർ നടത്തി. ഡിബേറ്റ്, കവിതാ രചന, കഥാരചന, ചിത്രരചന എന്നിവ നടത്തി. ആരോഗ്യവകുപ്പുമായി സഹകരിച്ച് വീഡിയോ പ്രദർശനം നടത്തി. വികാരി റവ. ഫാ. സെബാസ്റ്റ്യൻ ഉണ്ണിപ്പള്ളിയുടെ നേതൃത്വത്തിൽ ഭവനസന്ദർശനം നടത്തി. ശ്രീ. ബേബി മഠത്തിലിന്റെ നേതൃത്വത്തിൽ സെമിനാർ നടത്തി. എല്ലാ മാസവും രണ്ടാം വെള്ളി യാഴ്ചകളിൽ ജപമാല, ആരാധന, ക്ലാസ്സ്, ദിവ്യബലി എന്നിവ പ്രത്യേക നിയോഗമായി നടത്തുന്നു.

**മൂലേപ്പാടം**

എല്ലാ ദിവസവും ദിവ്യബലിക്ക് മുമ്പായി അര മണിക്കൂർ ആരാ ധന, ഞായറാഴ്ചകളിൽ കുട്ടികളുടെ ലഹരിവിരുദ്ധ സന്ദേശം, എല്ലാ ഞായറാഴ്ചയും ലഹരിവിമുക്ത സന്ദേശം, ഇടവക വികാരിയച്ചന്റെ വ്യക്തിപരമായ സൗഹൃദ സംഭാഷണം, പ്രത്യേക നിയോഗാർത്ഥം 8 നോമ്പ് ആചരണം എന്നിവ നടത്തുന്നു. 3 വ്യക്തികളെ ധ്യാനത്തിനും ഒരു വ്യക്തിയെ ഡി അഡിക്ഷൻ സെന്ററിലും പറഞ്ഞയച്ചു. അമ്മമാർക്കും കുട്ടികൾക്കും സെമിനാറും, ഒക്ടോബർ 1–5 മരിയൻ ധ്യാനവും നടത്തുന്നു.

**മുട്ടിയേൽ**

സർവ്വേ നടത്തി. പ്രത്യേക നിയോഗമായി ജപമാല, ആദ്യശനികളിൽ ആരാധന, ആഗസ്റ്റ് 15 ന് ഏകദിന സെമിനാർ ഡെസ്പോട്സ് 2014 MSMI സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ നടത്തി. ക്ലാസ്സ്, കൗൺസിലിംഗ്, ഗ്രൂപ്പ് ഷെയറിംഗ്, കുമ്പസാരം, ആരാധന, അഭിഷേക പ്രാർത്ഥന, വി. കുർബാന എന്നിവ ഉണ്ടായിരുന്നു.

**ചുള്ളിയോട്**

വിവിധ സംഘടനകളുമായി ചേർന്ന് പ്രവർത്തനങ്ങൾ സജീവമാണ്. ഡോ. ഗോപാലന്റെ നേതൃത്വത്തിൽ സെമിനാർ നടത്തി.

**നിലമ്പൂർ**

20 കുട്ടികളുടെ ലഹരിവിരുദ്ധ സേന രൂപീകരിച്ചു. ലഹരിവിരുദ്ധ സന്ദേശം നൽകൽ, പ്രസംഗം, കഥ, ചിത്രരചന എന്നിവ നടത്തി. കുട്ടികളുടെയും അമ്മമാരുടെയും ചെയിൻ റോസറി, ചെയിൻ ഫാസ്റ്റിംഗ് എന്നിവ നടത്തുന്നു.

**വാളാട്**

പ്രത്യേക നിയോഗാർത്ഥം എല്ലാ ദിവസവും വി. ബലിക്ക് മുമ്പ് ജപമാല, ബാനറുകൾ സ്ഥാപിച്ചു. ഹോം മിഷൻ ആരാധന സന്യാസിനികൾ നടത്തി.

**തവിഞ്ഞാൽ**

20 വാർഡുകളിലും പ്രചരണ ബോർഡുകൾ സ്ഥാപിച്ചു. മദ്യവിമുക്തരുടെ കൂട്ടായ്മ ഉണ്ടാക്കി ചിത്രപ്രദർശനം, പോസ്റ്റർ പ്രദർശനം, സ്കിറ്റ് എന്നിവ നടത്തുന്നു.

**ഏലപ്പീടിക**

മതാധ്യാപകർക്ക് സെമിനാർ നടത്തി. കഥ, കവിത, ചിത്രരചന എന്നിവ നടത്തി. ബൈബിൾ വാക്യങ്ങൾ കണ്ടെത്തൽ നടത്തി. 15 പേരെ ധ്യാനത്തിൽ പങ്കെടുപ്പിച്ചു. വാർഡുപ്രാർത്ഥനകളിൽ ചർച്ച നടത്തി. മദ്യത്തിനെതിരെ കലാപരിപാടികൾ നടത്തി. നോട്ടീസ് ബോർഡ് സ്ഥാപിച്ചു. ഭവനസന്ദർശനം നടത്തുന്നു.

**പോരൂർ**

മാസത്തിലൊരിക്കൽ സൺഡേസ്കൂളിന്റെ നേതൃത്വത്തിൽ ആരാധന നടത്തുന്നു. KCYM ന്റെ നേതൃത്വത്തിൽ കാർഡുകൾ പ്രിന്റ് ചെയ്ത് ഭവനങ്ങളിൽ എത്തിച്ചു. CML ന്റെ നേതൃത്വത്തിൽ നെയിം സ്ലിപ്പുകൾ വിതരണം ചെയ്തു. വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ ധ്യാനത്തിനും ചികിത്സക്കും ആളുകളെ പറഞ്ഞയക്കുന്നു. മാതൃസംഘത്തിന്റെ നേതൃത്വത്തിൽ ചെയിൻ റോസറിയും ഒപ്പ് ശേഖരണംവും നടത്തുന്നു. പ്രാർത്ഥനാ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ജാഗരണ പ്രാർത്ഥന, ബോർഡുകളുടെ പ്രദർശനം, സർവ്വേ എന്നിവ നടത്തിവരുന്നു.

**യവനാർകുളം**

C.D പ്രദർശനവും ബോധവൽക്കരണ പ്രഭാഷണവും നടത്തി. വാർഡുകളിൽ ക്ലാസ്സ് നടത്തുന്നു.

**മുതിരേരി**

വികാരിയച്ചനും കമ്മറ്റിക്കാരും സർവ്വേ നടത്തി. മാതൃതീർത്ഥം പ്രാർത്ഥനാ ഗ്രൂപ്പ് രൂപീകരിച്ച് പ്രാർത്ഥന നടത്തുന്നു. എല്ലാ ഞായറാഴ്ചയും 5 pm ന് ദമ്പതീകൂട്ടായ്മ നടത്തുന്നു. വാർഡ് പ്രാർത്ഥനയോട നുബന്ധിച്ച് തെരുവ് നാടകം നടത്താനുള്ള ഒരുക്കങ്ങൾ നടത്തുന്നു. റവ. ഫാ. ലാൽ പൈനുങ്കൽ സെമിനാർ നയിച്ചു. അമ്മമാർക്കായി റവ. ഫാ. ജോഷി പെരിയപ്പുറം ക്ലാസ്സ് നയിച്ചു. വിദ്യാർത്ഥികളുടെ ലഹരി വിമുക്ത പ്രസംഗങ്ങൾ നടത്തിവരുന്നു. കൊളാഷ് പ്രദർശനം, ചുമർ പത്രിക എന്നിവ എല്ലാ ഞായറാഴ്ചയും നടത്തുന്നു.

**ചുള്ളിയാന**

ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ആദ്യ വെള്ളിയാഴ്ച ഉപവാസവും ജാഗരണപ്രാർത്ഥനയും നടത്തി. സർവ്വേ പൂർത്തിയാക്കി, സർക്കാരിന്റെ മദ്യനയത്തെ പിന്തുണച്ച് പ്രമേയം പാസാക്കി. ജാഗ്രതാ സമിതി രൂപീകരിച്ചു. സി. മരീന SH കുട്ടികൾക്ക് കൗൺസിലിംഗ് നടത്തുന്നു.

**തോമാട്ടുചാൽ**

ലഹരിവിമുക്ത വർഷാചരണ കമ്മറ്റി, പാരീഷ് കൗൺസിൽ എന്നിവർക്ക് സെമിനാർ നടത്തി. എല്ലാ ബുധനാഴ്ചയും ദിവ്യകാരുണ്യ ആരാധന, ജപമാല എന്നിവ നടത്തുന്നു. ആഗസ്റ്റ് 20 മുതൽ 25 വരെ അഞ്ച് ദിവസത്തെ ഡി അഡിക്ഷൻ ക്യാമ്പ് നടത്തി. 12 കുടുംബങ്ങൾ പങ്കെടുത്തു. എ. എ. കൂട്ടായ്മ ആരംഭിച്ചു.

**അമ്പലവയൽ**

എ.എ. കൂട്ടായ്മ സീഡ് എന്ന സംഘടനയുമായി ചേർന്ന് നടത്തുന്നു. 60 പേർ ഈ കൂട്ടായ്മയിൽ പങ്കെടുക്കുന്നു. ഇടവകയുടെ നേതൃത്വത്തിൽ 8 പേർ ഡി അഡിക്ഷൻ സെന്ററിൽ ചികിത്സ നേടി. പ്രാർത്ഥനാ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ പ്രത്യേക പ്രാർത്ഥന നടത്തുന്നു.

**ചിത്രഗിരി**

ലഹരിവിരുദ്ധ സേന രൂപീകരിച്ചു. പള്ളിയിലും പരിസരങ്ങളിലും ലഹരിവിരുദ്ധ സന്ദേശങ്ങൾ പ്രചരിപ്പിച്ചു. ലഹരിവിമുക്ത സമ്മേളനവും കലാപരിപാടികളും നടത്തി. പള്ളിയിലെ പൊതുമീറ്റിംഗിൽ സർക്കാരിന്റെ മദ്യനയത്തെ അനുമോദിച്ചു.

**വടക്കനാട്**

ആഗസ്റ്റ് 15 ന് ലഹരി വിരുദ്ധ പ്രതിജ്ഞ പുതുക്കി. കുട്ടികളുടെ ലഹരിവിരുദ്ധ സന്ദേശമുൾക്കൊള്ളുന്ന കലാപരിപാടികൾ നടത്തി.

ആഗസ്റ്റ് 16 ന് രാവിലെ 9 മുതൽ വൈകിട്ട് 4 വരെ അഖണ്ഡ ജപമാല പ്രാർത്ഥന നടത്തി. സണ്ണിയച്ചന്റെ നേതൃത്വത്തിൽ ഏകദിന സെമിനാർ നടത്തി. ലഘുലേഖ വിതരണം ചെയ്തു.

**ബത്തേരി**

സിസ്റ്റേഴ്സ്, മതാദ്ധ്യാപകർ, പാരീഷ് കൗൺസിൽ അംഗങ്ങൾ എന്നിവർക്കായി സെമിനാർ നടത്തി. വെരി. റവ. ഫാ. സ്റ്റീഫൻ കോട്ടക്കൽ മുഖ്യസന്ദേശം നൽകി. ശ്രീ. ബെന്നി തട്ടത്തുപറമ്പിൽ ക്ലാസ്സ് നയിച്ചു. ഇടവകയിൽ വാർഡുതലത്തിൽ ക്ലാസ്സുകൾ എടുക്കുന്നതിന് 21 അംഗ റിസോഴ്സ് ഗ്രൂപ്പ് രൂപീകരിച്ചു. ഇടവകയിലെ 26 വാർഡുകളിലും റിസോഴ്സ് പവ്വർ പോയന്റ് പ്രസന്റേഷൻ, സ്ലൈഡ് ഷോ എന്നിവയുടെ സഹായത്തോടെ സെമിനാർ നടത്തി.

**കുറുമണി**

എല്ലാ ഒന്നാം ഞായറാഴ്ചയും ലഹരിവിമുക്ത വർഷാചരണം നേതൃത്വയോഗവും രണ്ടാം ഞായറാഴ്ച എ.എ. കൂട്ടായ്മയും എല്ലാ തിങ്കളാഴ്ചയും 7 മണിക്ക് പ്രത്യേക പ്രാർത്ഥനാ യോഗവും നടത്തുന്നു. 4 പേരെ ധ്യാനത്തിൽ പങ്കെടുപ്പിച്ചു. വാർഡുകളിൽ ബോധവൽക്കരണം നടത്തുന്നു.

**മരുത**

ആഗസ്റ്റ് 15 ന് യുവജനങ്ങൾക്കായി റവ. ഫാ. ടോമി പുത്തൻപുരക്കലച്ചന്റെ നേതൃത്വത്തിൽ ലഹരിവിരുദ്ധ സെമിനാർ സംഘടിപ്പിച്ചു. എല്ലാ ഞായറാഴ്ചയും വി. ബലിക്ക് മുമ്പായി ജപമാല ചൊല്ലുന്നു.

**പാലേമാട്**

ആദ്യ ഞായറാഴ്ചകളിൽ ലഹരിവിരുദ്ധ പ്രവർത്തന വിജയത്തിനായി ജപമാലയും ആരാധനയും നടത്തുന്നു. ഭവനസന്ദർശനം, ലഹരിവിരുദ്ധ പ്രചരണ ബോർഡുകളുടെ സ്ഥാപനം, എല്ലാ ദിവസവും രാവിലെ അര മണിക്കൂർ ആരാധന, കരുണകൊന്ത എന്നിവ നടത്തുന്നു.

**പാതിരിപ്പാടം**

ലഹരിവിരുദ്ധ സെമിനാർ നടത്തി. പ്രാദേശിക ലഹരി വിരുദ്ധ പ്രവർത്തനങ്ങളിലും ഇടവകയുടെ സാന്നിധ്യം സജീവമാണ്. ഭവന സന്ദർശനം നടത്തുന്നു. ഒരു വ്യക്തിയെ മുക്തി ഡി അഡിക്ഷൻ സെന്ററിൽ അയച്ചു.

**നരിവാലമുണ്ട**

ഭവന സന്ദർശനം നടത്തി 15 വ്യക്തികളെ ഡി അഡിക്ഷൻ സെന്ററിലേക്ക് അയച്ചു. എ.എ. കൂട്ടായ്മ ആരംഭിച്ചു. ഭവനങ്ങളിൽ ലഘുലേഖ വിതരണം ചെയ്തു. സണ്ണി മഠത്തിലച്ചന്റെ നേതൃത്വത്തിൽ സെമിനാർ നടത്തി. യോഗങ്ങൾ ചേരുകയും ധാരാളം കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്തു.

**മീനങ്ങാടി സെന്റ് ഫ്രാൻസീസ് അസ്സീസി ചർച്ച്**

ജൂൺ മാസം 22-ാം തീയതി ലഹരി വിമുക്ത വർഷാചരണത്തിന്റെ ഭാഗമായി യുവജനങ്ങളെയും വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി ലഹരിയുടെ ഉപയോഗംമൂലം വന്നുചേരുന്ന ഭവിഷ്യത്തുകളെപ്പറ്റിയുള്ള ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി പ്രസംഗ രചനാ മത്സരം നടത്തി.

**വിശുദ്ധ കുർബാനയുടെ ആരാധന:**

എല്ലാ ഞായറാഴ്ചകളിലും രാവിലെ 7 മണി മുതൽ 7.50 വരെ വി. കുർബാനയുടെ ആരാധനയും ധ്യാനവും, ലഹരിക്കടിമപ്പെട്ടു കഴിയുന്നവർക്കുവേണ്ടിയും ലഹരിവിമുക്ത സമൂഹത്തിലൂടെ കുടുംബങ്ങൾ സമാധാനത്തിലും പരസ്പര സ്നേഹത്തിലും കഴിയുന്നതിനുവേണ്ടിയും വളർന്നുവരുന്ന തലമുറയ്ക്ക് പ്രത്യേക അനുഗ്രഹങ്ങൾ ലഭിക്കുന്നതിനുവേണ്ടിയും പ്രാർത്ഥനാഗ്രൂപ്പിന്റെ മേൽനോട്ടത്തിൽ ദേവാലയത്തിൽ വച്ച് നടന്നുവരുന്നു.

**മുദ്രാവാക്യ വിളി മത്സരം - ആഗസ്റ്റ് 10**

ആഗസ്റ്റ് മാസം 10-ാം തീയതി മതബോധനം നടത്തിവരുന്ന കുട്ടികളെ നാല് ഗ്രൂപ്പുകളാക്കി തിരിച്ച് ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനെക്കുറിച്ചുള്ള ക്ലാസ്സ് നടത്തുകയും, നാല് ഗ്രൂപ്പുകളെക്കൊണ്ടും സ്വയം തയ്യാറാക്കിയ ലഹരി വിരുദ്ധ മുദ്രാവാക്യ വിളി മത്സരം നടത്തുകയും ചെയ്തു.

**മാവേലിയും ലഹരിപടയും**

സെപ്റ്റംബർ മാസം 7-ാം തീയതി തിരുവോണ നാളിൽ ഓണത്തോടനുബന്ധിച്ച് സൺഡേസ്കൂൾ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ലഹരിയെപ്പററിയുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി "മാവേലിയും ലഹരിപടയും"എന്ന സ്കിറ്റ് അവതരിപ്പിച്ചു.

**ലഹരിക്കെതിരെ അഖണ്ഡജപമാല**

സെപ്റ്റംബർ 8-ാം തീയതി പരി. ദൈവമാതാവിന്റെ ജനനത്തിരുനാളിനോടനുബന്ധിച്ച് രാവിലെ 7.30 മുതൽ വൈകുന്നേരം 4.30 വരെ ദേവാലയത്തിൽ വെച്ച് എല്ലാ വാർഡുകളുടെയും നേതൃത്വത്തിൽ അഖണ്ഡജപമാല നടത്തപ്പെട്ടു. തുടർന്ന് പ്രത്യേകമായി വി. കുർബാന അർപ്പിച്ചു.

**പോസ്റ്റർ പ്രദർശനവും ക്വിസ്സ് മത്സരവും സെപ്റ്റംബർ 10**

ലഹരിവിമുക്ത വർഷാചരണത്തിന്റെ ഭാഗമായി നടത്തപ്പെട്ടു വരുന്ന ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി പോസ്റ്റർ പ്രദർശനവും ക്വിസ് മത്സരവും മീനങ്ങാടി ഇടവകയുടെ പേരിൽ ബത്തേരി മേഖല മിഷൻലീഗ് മത്സരങ്ങളിൽ പങ്കെടുത്ത അംഗങ്ങൾക്കുവേണ്ടി നടത്തപ്പെട്ടു. സെപ്റ്റബർ 10-ാം തീയതി നടത്തിയ മത്സരങ്ങളിൽ നൂറിലധികം പേർ സംബന്ധിച്ചു.

**ക്വിസ്സ് മത്സരം - സെപ്റ്റംബർ 14**

സെപ്റ്റംബർ 14-ാം തീയതി ഞായറാഴ്ച ഇടവകയിലെ അംഗങ്ങൾക്കുവേണ്ടി ലഹരിയുടെ ഉപയോഗംമൂലം സംഭവിക്കുന്ന ഭവിഷ്യത്തുകളെക്കുറിച്ച് പ്രതിപാദിക്കുന്ന വിവിധ സംഭവങ്ങളുടെയും വാർത്തകളുടെയും പ്രദർശനവും അതോടൊപ്പം പ്രസ്തുത വാർത്തകളോടൊപ്പം അമിതമായ ലഹരി ഉപയോഗംമൂലം വരുത്തിവക്കുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചുള്ള ഫോട്ടോ പ്രദർശനവും നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രത്യേകം തയ്യാറാക്കിയ ചോദ്യങ്ങൾക്ക് ഉത്തരം തയ്യാറാക്കി പെട്ടിയിൽ നിക്ഷേപിച്ച് നറുക്കിട്ടെടുത്ത് മത്സരത്തിൽ വിജയിച്ചവർക്കുള്ള സമ്മാനങ്ങൾ വിതരണം നടത്തുകയും ചെയ്തു.

**രൂപതാ ഡയറക്ടറുടെ ഇടവക സന്ദർശനവും ലഹരിവിമുക്ത സന്ദേശവും**

| | | |
|---|---|---|
| ആഗസ്റ്റ് 31 | - | നരിവാലമുണ്ട |
| സെപ്റ്റംബർ 05 | - | കണിയാമ്പറ്റ |
| സെപ്റ്റംബർ 07 | - | നെല്ലിയോടി |
| സെപ്റ്റംബർ 14 | - | തെനേരി |
| സെപ്റ്റംബർ 20 | - | മീനങ്ങാടി |

**സെമിനാറുകൾ**

| | | |
|---|---|---|
| ആഗസ്റ്റ് 29 | - | ഫോറസ്റ്റ് ഉദ്യോഗസ്ഥർക്ക് ക്ലാസ്സ് |
| ആഗസ്റ്റ് 31 | - | ധർമ്മഗിരി ഇടവക സെമിനാർ |
| ആഗസ്റ്റ് 31 | - | നിലമ്പൂർ ഫൊറോന കൺവെൻഷൻ |
| സെപ്റ്റംബർ 15 | - | മാനന്തവാടി ഫൊറോന കൺവെൻഷൻ |

**KCBC ലഹരിവിരുദ്ധ സെമിനാർ**

കെ.സി.ബി.സി. മദ്യവിരുദ്ധസമിതി, സംസ്ഥാന സമിതി സംഘടിപ്പിച്ച വൈദികർക്കുവേണ്ടിയുള്ള ദ്വിദിന സെമിനാറിൽ മാനന്തവാടിയിൽ നിന്ന് ഫാ. സജി പുതുക്കുളങ്ങര, ഫാ. ബിജു തൊണ്ടിപറമ്പിൽ, ഫാ. മനോജ് കാക്കോനാൽ, ഫാ. സണ്ണി മഠത്തിൽ എന്നിവർ പങ്കെടുത്തു.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ സെക്രട്ടറി, ലഹരിവിമുക്തവർഷം

# മതബോധനരംഗം

## +2 വിദ്യാർത്ഥി സംഗമം

ഈ വർഷം +2 വിശ്വാസപരിശീലനം നടത്തുന്ന വിദ്യർത്ഥികളുടെ സംഗമം മേഖലാതലത്തിൽ ക്രമീകരിച്ചിരിക്കുന്നു. ഒക്ടോബർ 5-ാം തീയതി മുതലുള്ള ഞായറാഴ്ചകളിലാണ് സംഗമം നടക്കുന്നത്. ഓരോ മേഖലയ്ക്കും കലണ്ടറിൽ തന്നിരിക്കുന്ന തീയതികൾ ശ്രദ്ധിക്കുക. അതേ തീയതിയിൽതന്നെ സംഗമം ക്രമീകരിക്കുവാൻ ശ്രദ്ധിക്കണേ. 12-ാം ക്ലാസിൽ പഠിപ്പിക്കുന്ന അധ്യാപകരുടെയും സഹായം അന്നേദിവസം ആവശ്യമുണ്ട്. അതിനാൽ 12-ാം ക്ലാസിലെ മതാധ്യാപകരും സംഗമത്തിന് എത്തിച്ചേരണം എന്ന് ഓർമ്മിപ്പിക്കുന്നു.

## HDC കോൺടാക്ട് ക്ലാസ്

HDC രണ്ടാം വർഷക്കാരുടെ ക്ലാസ് ദ്വരകയിൽ ഒക്ടോബർ 4-നും, ബത്തേരി ഒക്ടോബർ 18-നും നടത്തപ്പെടുന്നതാണ്. ഒക്ടോബർ 11-ന് മണിമൂളിയിൽ വച്ച് നടക്കേണ്ടിയിരുന്ന HDC കോഴ്സ് ഒക്ടോബർ 25 ലേക്ക് മാറ്റിയിരിക്കുന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## +1, +2 സിലബസ്

+1, +2 ക്ലാസുകളിലെ സിലബസിലെ വ്യത്യാസം ശ്രദ്ധിക്കുക. ക്രിസ്തുമസ്പരീക്ഷ ഡിസംബർ 28-ാം തീയതിയും യൂണിവേഴ്സിറ്റി പരീക്ഷ ഫെബ്രുവരി 8-ാം തീയതിയും ആയതിനാൽ മൂന്നാം സെമസ്റ്ററിൽ മൂന്ന് അധ്യായങ്ങൾ പഠിപ്പിക്കുവാനുള്ള ഞായറാഴ്ചകൾ നമുക്ക് ലഭിക്കില്ല. അതിനാൽ 6-10 അധ്യായങ്ങൾ രണ്ടാം സെമസ്റ്ററിലും 11, 12 അധ്യായങ്ങൾ മൂന്നാം സെമസ്റ്ററിലും പൂർത്തിയാക്കത്തക്ക രീതിയിൽ ക്ലാസുകൾ ക്രമീകരിക്കുക. ക്രിസ്തുമസ് പരീക്ഷയ്ക്ക് +1, +2 ക്ലാസുകളിൽ 6-10 അധ്യായങ്ങളിൽ നിന്നുള്ള ചോദ്യങ്ങൾ ഉണ്ടാകും എന്നുള്ള കാര്യം അധ്യാപകർ പ്രത്യേകം ശ്രദ്ധിക്കുക.

**സിലബസ്**

| Class | I Term | II Term | III Term |
|---|---|---|---|
| I - X | 1-6 | 7-11 | 12-15 |
| XI - XII | 1-5 | 6-10 | 11-12 |

**DCC 2012-2014 റിസൽട്ട്**

DCC 2012-2014 വർഷത്തെ റിസൽട്ട് യൂണിവേഴ്സിറ്റി പ്രസിദ്ധീകരിച്ചു. വിജയികൾക്ക് അഭിനന്ദനങ്ങൾ.

I Rank - അനുപ്രിയ തടത്തിൽ (അമ്പായത്തോട്)
II Rank - ജെസ്മ അമ്പാട്ട് (നടവയൽ)
III Rank - അനിൽ ബേബി മഠത്തിൽ (മീനങ്ങാടി)
- അന്നമ്മ കാരിക്കുന്നേൽ (പാൽച്ചുരം)

**Detailed Result of DCC 2012- 2014**

M 7183*,7188*, 7189*, 7191*, 7193, 7210*, 7211*, 7212*, 7213*, 7215*, 7225*, 7227*, 7232*, 7240*, 7242*, 7243*, 7244*, 7245, 7246, 7247, 7248, 7249, 7250, 7251, 7252*, 7253*, 7254*, 7256*, 7257*, 7258, 7259*, 7261, 7263*, 7265*, 7269.

**ഫാ. റോയി വട്ടക്കാട്ട്**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

മിഷൻലീഗ് അംഗങ്ങളായ നമ്മുടെ ആത്മീയ ഉത്സവദിനങ്ങളാണ് ഒക്ടോബർ മാസം. മിഷൻലീഗിന്റെ പ്രവർത്തനങ്ങൾ ഇടവകകളിൽ കൂടുതൽ സജീവമാകുന്ന മാസമാണ് മിഷൻമാസം. ഈ മിഷൻ മാസാചരണം ക്രിസ്തു അവബോധത്തിലേക്കും, മിഷൻലീഗ് അംഗമെന്ന നിലയിൽ നമ്മുടെ ദൗത്യത്തിലേക്കും നമ്മെ ഉണർത്തുമെന്നത് തീർച്ചയാണ്.

ഗാന്ധിജി പറഞ്ഞു "മിഷനറിമാർ റോസപൂക്കളെപോലെ ആയിരിക്കണം" റോസപൂക്കൾ അവയുടെ ഭംഗിയും നറുമണവും കൊണ്ട് മറ്റുള്ളവരെ തന്നിലേക്ക് ആകർഷിക്കുന്നു. നാമെല്ലാം മിഷനറിമാരാണ്. പഠനസ്ഥലത്തായാലും, ജോലിസ്ഥലത്തായാലും, ഏത് മേഖലയിലാണെങ്കിലും ക്രിസ്തുവിനെ പ്രതിനിധാനം ചെയ്യുക ഓരോ മിഷൻലീഗ് അംഗത്തിന്റെയും കടമയും ഉത്തരവാദിത്വവുമാണ്. സ്വന്തം ജീവിതം കൊണ്ട് നാം ഈശോയ്ക്ക് സാക്ഷ്യം വഹിക്കണം. മൺമറഞ്ഞുപോയ ജോൺ പോൾ രണ്ടാമൻ മാർപാപ്പ യുവജനങ്ങളോട് ആഹ്വാനം ചെയ്തു " Love Jesus, Line Jesus, Bear Witness to Jesus" നാം ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ട ആഹ്വാനമാണിത്.

പ്രിയ മിഷൻലീഗ് അംഗങ്ങളെ, മിഷൻമാസം മനോഹരമായി ആചരിക്കുമ്പോൾ റോസപൂക്കളെ പോലെ ക്രിസ്തുവിന്റെ സൗരഭ്യം സ്വന്തം ജീവിതത്തിലൂടെ മറ്റുള്ളവർക്ക് പകർന്നുകൊടുക്കാനും അതുവഴി മറ്റുള്ളവരെ ക്രിസ്തുവിലേക്ക് ആകർഷിക്കുവാനും നമുക്ക് സാധിക്കും.

മിഷൻമാസത്തിന്റെ മംഗളങ്ങൾ ഹൃദയപൂർവ്വം ആശംസിക്കുന്നു.

സ്നേഹത്തോടെ, **സോണിയച്ചൻ**

**മിഷൻലീഗ് കലോത്സവം - ഒക്ടോബർ 11 ന്**

മിഷൻലീഗ് അംഗങ്ങളുടെ വ്യക്തിത്വ വികസനം ലക്ഷ്യമാക്കി തങ്ങളുടെ സർഗ്ഗശേഷി വളർത്തുവാനും കണ്ടെത്തുവാനും സംഘടിപ്പിക്കുന്ന ബൈബിൾ കലോത്സവം ഒക്ടോബർ 11 ശനിയാഴ്ച ദ്വാരക സേക്രട്ട് ഹാർട്ട് ഹയർ സെക്കന്ററി സ്കൂളിൽ നടത്തപ്പെടുന്നു. 12 മേഖലകളിൽ നിന്ന് മത്സരം കഴിഞ്ഞ് ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയവ

രാണ് രൂപതാ മത്സരത്തിൽ പങ്കെടുക്കേണ്ടത്. മത്സരത്തിൽ പങ്കെടുക്കുന്നവർ ഒന്നായി പരിശീലിച്ച് രൂപത മത്സരത്തിൽ പങ്കെടുക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. മേഖല മത്സരത്തിൽ സിംഗിൾ ഐറ്റത്തിൽ ഫസ്റ്റും സെക്കന്റും കിട്ടിയവരാണ് മത്സരത്തിൽ പങ്കെടുക്കാൻ അർഹതയുള്ളത്. മത്സരങ്ങൾ രാവിലെ 9.30 ന് ആരംഭിക്കുന്നതാണ് 11 സ്റ്റേജുകളിലായി നടത്തുന്ന മത്സരത്തിൽ കൃത്യസമയത്ത് തന്നെ എത്തിച്ചേരണമെന്ന് ഓർമ്മിപ്പിക്കുന്നു. ശാഖ മേഖല ഭാരവാഹികളെ പ്രത്യേകം ക്ഷണിക്കുന്നു.

**മിഷൻമാസം**

ചെറുപുഷ്പ മിഷൻലീഗിനെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട മാസം ആണ് ഒക്ടോബർമാസം. അതുകൊണ്ടുതന്നെ ഒക്ടോബർ മാസത്തിൽ എല്ലാ ദിവസങ്ങളിലും പരിപാടികൾ സംഘടിപ്പിക്കുവാനും വ്യത്യസ്തതയുള്ള മിഷൻ ചൈതന്യമുള്ള പ്രവർത്തനങ്ങൾ കൃത്യതയോടുകൂടി ചെയ്യുവാനും ശാഖ മേഖല നേതൃത്വങ്ങൾ ശ്രദ്ധിക്കുമല്ലോ.

**രൂപത ടീം മീറ്റിംഗ്**

രൂപതാ പ്രവർത്തനങ്ങൾക്ക് കരുത്തുപകരുന്ന രൂപതാടീം അംഗങ്ങളുടെ മീറ്റീംഗ് ഒക്ടോബർ 3-ാം തീയതി 9.00 am ന് പാസ്റ്ററൽ സെന്ററിൽ ചേരുന്നു. പ്രസ്തുത മീറ്റിംഗിന് നിർബന്ധമായും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**മേഖലാ കലാമത്സരങ്ങൾ**

മേഖലാ കലാമത്സരങ്ങൾ മനോഹരമായി ക്രമീകരിച്ച ഡയറക്ടേഴ്സിനും ജോയിന്റ് ഡയറക്ടേഴ്സിനും മറ്റു ഭാരവാഹികൾക്കും രൂപതാസമിതിയുടെ അഭിനന്ദനങ്ങൾ.

**സാഹിത്യശില്പശാല**

സംസ്ഥാന സാഹിത്യ മത്സരത്തിൽ പങ്കെടുക്കുന്നവർക്കായി സാഹിത്യ ശില്പശാല 20-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. ഷാജി ചന്ദനപറമ്പിൽ, ഫാ. റോയി വട്ടക്കാട്ട്, ജോൺസൺ വടക്കേക്കര എന്നിവർ ക്ലാസുകൾ നയിച്ചു.

**സംസ്ഥാന സാഹിത്യ മത്സരം**

സംസ്ഥാന സാഹിത്യമത്സരം ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ചു നടന്നു. മാനന്തവാടി രൂപത ഡയറക്ടർ ഫാ. സോണി വടയാപറമ്പിൽ ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡണ്ട് ബെന്നി മുത്താനാട്ട് നേതൃത്വം നൽകി.

**പലതുള്ളി തന്ന ശാഖകൾ**

പാൽച്ചുരം-200, മുതിരേരി-250, ഒറ്റപ്ലാവ്-150, മംഗളം-200, നടവയൽ-1200, ചാരിറ്റി-100, കുറുമണി-200, വാഴവറ്റ-500, കൊളവയൽ-300, എടയൂർകുന്ന്-50, കുറുമ്പാല-400, ചുള്ളിയോട്-305.

**മേഖലാവാർത്തകൾ**

**മണിമൂളി :** അൾത്താരബാലസംഗമം, വി. അൽഫോൻസ കൊളാഷ് മത്സരം, ജോ.ഡയറക്ടേഴ്സിന്റെ സംഗമം എന്നിവ നടത്തി.

**തരിയോട്:** ക്രിസ്റ്റ്യൻ രക്തസാക്ഷിദിനത്തിൽ എല്ലാ ശാഖകളിലും സന്ദേശ പ്രചരണറാലിയും തുടർന്ന് സമ്മേളനവും നടത്തി.

**മാനന്തവാടി:** ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് കാർട്ടൂൺ മത്സരം സംഘടിപ്പിച്ചു.

**ഗൂഡല്ലൂർ:** കുഞ്ഞേട്ടൻ അനുസ്മരണം നടത്തി. ചെയിൻ റോസറി നടത്തി.

**നടവയൽ:** 'വി. ജോൺമരിയ വിയാനി കോൺഫറൻസ്' മേഖലയിലെ വൈദീകരെ ആദരിച്ചു. മേഖലാടീം വിയാനിഭവൻ സന്ദർശിച്ചു.

**ശാഖാവാർത്തകൾ**

*മുതിരേരി*:- ലഹരിവിരുദ്ധ മുദ്രാവാക്യ നിർമ്മാണം നടത്തി.

*മഞ്ഞൂറ*:- 'മിഷൻവാഴ' ഒരു കുട്ടിക്ക് ഒരു വാഴ എന്ന കണക്കിൽ വാഴകുഞ്ഞ് വിതരണം നടത്തി.

*പാലാങ്കര*:- അൾത്താരബാല സംഗമത്തിൽ പങ്കെടുത്തു.

*ഒലിവുമല*:- ഗ്രൂപ്പടിസ്ഥാനത്തിൽ തയ്യാറാക്കിയ ലഹരിവിരുദ്ധ കൈയ്യെഴുത്ത് മാസികകൾ പ്രകാശനം ചെയ്തു.

*ചാരിറ്റി*:- ജ്യോതിഭവൻ, സ്നേഹഭവൻ എന്നിവിടങ്ങളിൽ വസ്ത്രം വിതരണം ചെയ്തു.

*ആടിക്കൊല്ലി*:- ലഹരിവിരുദ്ധ കൈയ്യൊപ്പ് ശേഖരണം നടത്തി.

*കരിമാനി*:- ലഹരിവിരുദ്ധ ആശയങ്ങൾ ഉൾക്കൊള്ളുന്ന ആൽബം നിർമ്മാണം നടത്തി.

*കബനിഗിരി*:- ജപമാല സൈന്യം ഒന്നിച്ചു ചേർന്ന് ജപമാല ചൊല്ലി.

*വാകേരി*:- ലഹരിവിരുദ്ധ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ചിത്രങ്ങൾ, കാർട്ടൂൺ എന്നിവ വരച്ചു.

*കമ്മന*:- മരിയൻ കവിതകൾ എന്ന കവിതാസമാഹാരം പ്രകാശനം ചെയ്തു. രോഗീസഹായം 27000 രൂപ നൽകി.

*വെള്ളൂന്നി*:- മദ്യവിരുദ്ധദിനം ആചരിച്ചു.

*ഇടയൂർകുന്ന്*:- 'രക്തദാനം ചെയ്യുവിൻ ജീവൻ രക്ഷിക്കൂ' രക്തദാനം മഹാദാനം എന്ന സന്ദേശം മുന്നോട്ട് വെച്ച് രക്തദാനം നൽകി.

*കുറുമ്പാല*:- എല്ലാ വിഷയത്തിനും A+ നേടിയ കുട്ടിക്ക് 1000 രൂപ സമ്മാനമായി നൽകി അനുമോദിച്ചു.

*മുട്ടിയേൽ*:- വികാരിയച്ചന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു.

*പുതുശേരി*:- വി. അൽഫോൻസാമ്മയുടെ കൊളാഷ് മത്സരവും ക്വിസ് മത്സരവും നടത്തി.

*കുറുമ്പാലക്കോട്ട*:- അർദ്ധദിന സെമിനാർ നടത്തി.

*കൽപ്ര*:- ഒരു വീടിന് അടുക്കള കെട്ടിക്കൊടുത്തു.

*പനവല്ലി*:- പ്രസംഗമത്സര പരിശീലനം നടത്തി.

*കൽപറ്റ*:- ഹോസ്പിറ്റൽ സന്ദർശനം, ചെയിൻ ആരാധന എന്നിവ നടത്തി.

*കാട്ടിക്കുളം*:- ബൈബിൾ ക്വിസ് നടത്തി.

*പൂളപ്പാടം*:- ലഹരിവിരുദ്ധ സെമിനാർ, ലഹരിവിരുദ്ധ ടെലിഫിലിം പ്രദർശനം നടത്തി.

*തലപ്പുഴ*:- മതബോധനം, +2 ന് ഫസ്റ്റ് ക്ലാസ് നേടിയ എല്ലാ കുട്ടികൾക്കും ക്യാഷ് അവാർഡ് നൽകി.
*മച്ചിക്കൊല്ലി*:-പ്രസംഗ പരിശീലനം, സംഗീത പരിശീലനം എന്നിവ നടത്തി.
*ഏലപ്പീടിക*:-മദ്യത്തിനെതിരെ പോസ്റ്റർ നിർമ്മാണം നടത്തി പ്രദർശിപ്പിച്ചു.
*യവനാർകുളം* :- മേഖല കലാമത്സരത്തിന് പരിശീലനം നൽകി.
*ശാന്തിഗിരി*:- 'വി. അൽഫോൻസ 2014' ക്വിസ് മത്സരം നടത്തി.
*പനമരം*:- തീപ്പെട്ടി അരിശേഖരണം നടത്തി.
*പനംചിറ*:- സി.എം.എൽ. സ്റ്റാൾ തുടങ്ങി.
*ചുണ്ടക്കര*:- മാതാവിന്റെ വിവിധ രൂപത്തിലുള്ള ചിത്രം ശേഖരിച്ച് ആൽബം ഉണ്ടാക്കി.
*കണിയാമ്പറ്റ*:- വികാരിയച്ചന്റെ നേതൃത്വത്തിൽ ക്വിസ് മത്സരം നടത്തി.
*നടവയൽ*:- മിഷൻക്വിസ് മത്സരം നടത്തി.
*വാളവയൽ*:- ശാഖാ കലാമത്സരം നടത്തി.
*വൈത്തിരി*:- അർദ്ധദിന സെമിനാർ നടത്തി.
*എടപ്പെട്ടി*:- ലഹരിവിരുദ്ധ സെമിനാർ നടത്തി.
*ചുങ്കക്കുന്ന്*:- ലഹരിവിരുദ്ധ ഉപന്യാസ മത്സരം നടത്തി.
*മൂലങ്കാവ്*:- സൺഡെ സ്റ്റാറിനെ തിരഞ്ഞെടുത്തു.
*ചുള്ളിയോട്*:- എടപ്പെട്ടിയിലെ ജീവൻ ജ്യോതി സന്ദർശിച്ച് മധുരപലഹാരവും പഠനോപകരണങ്ങളും സാമ്പത്തിക സഹായവും നൽകി.
*തലഞ്ഞി*:- രോഗീസന്ദർശനം നടത്തി. ചികിത്സാസഹായമായി 5000 രൂപ നൽകി.
*വിമലഗിരി*:- പള്ളിയും പരിസരവും വൃത്തിയാക്കി.
*അമരക്കുനി*:- അൾത്താരബാല സംഗമം നടത്തി.
*ആറാട്ടുതറ*:- ലഹരിവിരുദ്ധ പോസ്റ്ററുകളുടെ എക്സിബിഷൻ നടത്തി.
*പുൽപ്പള്ളി*:- ലോഗോസ് പരിശീലനം നടത്തി.
*കാവുംമന്ദം*:- കരുണയുടെ തീരം നടത്തുന്നതിനാവശ്യമായ സോപ്പ്, ലോഷൻ എന്നിവ ശേഖരിച്ചു.
*നെല്ലിയോടി*:- സിമിത്തേരി സന്ദർശനം നടത്തി.
*ചെന്നലോട്*:- കുഞ്ഞേട്ടൻ അനുസ്മരണം നടത്തി.
*കുന്നലാടി*:- വചനതാരം, തിരുമൊഴി നടത്തി.
*മാർട്ടിൻനഗർ*:- ചികിത്സാസഹായമായി 3000 രൂപ നൽകി.
*ധർമ്മഗിരി*:- ആശാഭവനിലും ജീവൻ രക്ഷാഭവനിലും കുട്ടികൾ ശേഖരിച്ച അരി വിതരണം നടത്തി.
*ജൂഡ്സ്മൗണ്ട്, മൂലേപ്പാടം*:- രോഗീസന്ദർശനം നടത്തി.
*ഭൂദാനം*:- ബൈബിൾക്വിസ് മത്സരം നടത്തി.
*പന്തിപ്പൊയിൽ*:- പരി. മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ആഘോഷിച്ചു.
*കേളകം*:- മദ്യലഹരിക്കെതിരെ പോസ്റ്റർ കാർഡ് നിർമ്മിച്ചു.
*തരിയോട്*:- ലഹരിവിരുദ്ധ ആശയങ്ങൾ ഉൾക്കൊള്ളുന്ന ചെറുനാടകങ്ങൾ നടത്തി.
*മുള്ളൻകൊല്ലി*:- റോഡ് സൈഡിലെ കാടുകൾ വെട്ടിതെളിച്ച് ഓട വൃത്തിയാക്കി.

*ദീപ്തിഗിരി*:- ക്രിസ്റ്റ്യൻ രക്തസാക്ഷിദിനത്തോടനുബന്ധിച്ച് റാലി നടത്തി.
*പാൽച്ചുരം*:- തെരുവുനാടക മത്സരം നടത്തി.
*ഇടിവണ്ണ*:- രോഗീസന്ദർശനം നടത്തി.
*കരിമ്പിൽ*:- പിടിയരി ശേഖരിച്ച് പാവങ്ങൾക്ക് നൽകി.
*കല്ലോടി*:- ഏയ്ഞ്ചൽമീറ്റ് നടത്തി.
*മംഗലശ്ശേരി*:- ദൈവവിളിക്കായ് പ്രത്യേക പ്രാർത്ഥന നടത്തി.
*ബത്തേരി*:- ലോകസമാധാനത്തിന് വേണ്ടി മൗനപ്രാർത്ഥന നടത്തി.
*അമ്പായത്തോട്*:- ലഹരിയിൽ നിന്നും വിമുക്തിനേടിയ ആളെ ആദരിച്ചു.
*മംഗളം*:- ഇടവകയിലെ ഒരു ക്യാൻസർ രോഗിക്ക് 4000 രൂപയും വസ്ത്രവും നൽകി.
*മുണ്ടേരി*:- ദേശഭക്തിഗാന മത്സരം നടത്തി.
*വാഴവറ്റ*:- അർദ്ധദിന സെമിനാർ നടത്തി.
*പോരൂർ*:- ലഹരിവിരുദ്ധ കൊളാഷ് മത്സരം നടത്തി.
*നിരവിൽപുഴ*:- ലഹരിവിരുദ്ധ സെമിനാറിൽ പങ്കെടുത്തു.
*കയ്യൂന്നി*:- ലഹരിവരുദ്ധ പ്രസ്ഥാനത്തിന്റെ ഭാഗമായി മൺവയൽ പ്രദേശത്ത് പുതുതായി സ്ഥാപിക്കാനൊരുങ്ങുന്ന ബാറിനെതിരെയുള്ള സംയുക്ത സമര പരിപാടിയിൽ സി.എം.എൽ. അംഗങ്ങൾ പങ്കെടുത്തു.
*പ്രശാന്തഗിരി*:- വിദ്യാഭ്യാസ സഹായമായി 5 പേർക്ക് 1000 രൂപ വീതം നൽകി.
*കടൽമാട്*:- ഭവനസന്ദർശനം, രോഗീസന്ദർശനം ഇവ നടത്തി.
*പുഴമുടി*:- ഏകദിന ധ്യാനം നടത്തി.
*കേണിച്ചിറ*:- ബഹു. വികാരിയച്ചനെ ആദരിച്ചു.
*പയ്യമ്പള്ളി*:- ലഹരിവിരുദ്ധ സ്കിറ്റ് അവതരിപ്പിച്ചു.
*കുറുമണി*:- പാവപ്പെട്ട ഒരു കുടുംബത്തിന് വികാരിയച്ചന്റെ നേതൃത്വത്തിൽ സി.എം.എൽ. അംഗങ്ങൾ 3 മണിക്കൂർ പൊതുപണി ചെയ്തു.
*ഞാറപ്പാടം*:- പ്രസംഗമത്സരം നടത്തി.
*അപ്പപ്പാറ*:- ചിത്രരചന മത്സരം നടത്തി.
*ചെറുകാട്ടൂർ*:- സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ശാഖയിൽ ക്വിസ് മത്സരം, ശാഖയിൽ ബൈബിൾ കലോത്സവം, ഓണാഘോഷം എന്നിവ നടത്തി.

## സ്നേഹപൂർവ്വം

മിഷൻലീഗിന്റെ പ്രേഷിതചൈതന്യം മുൻനിർത്തിയുള്ള മിഷൻമാസ പ്രവർത്തനങ്ങൾ കടന്നുവരുന്നു. മിഷൻലീഗ് അംഗങ്ങൾക്ക് പ്രാർത്ഥനയിൽ ഒരുമിക്കാനുള്ള അവസരമായിട്ട് ഒക്ടോബർ മാസത്തെ നമുക്കുകാണാം. കലാമത്സരങ്ങളും മിഷൻമാസ പ്രവർത്തനങ്ങളും ഭംഗിയായി ക്രമീകരിക്കാൻ നമുക്കൊരുമിച്ച് പരിശ്രമിക്കാം. നന്മയുടെ പ്രവർത്തനങ്ങൾക്കായി ഒരുമയോടെ മുന്നേറാം. വരുംദിനങ്ങളിലെ ഓർമ്മകൾ മിഷൻലീഗിന്റെ ആകട്ടെയെന്ന്, മാനന്തവാടി രൂപതയുടെ യാകട്ടെയെന്ന് നമുക്കൊന്നിച്ച് ആശിക്കാം, പ്രാർത്ഥിക്കാം.

**രഞ്ചിത്ത് മുതുപ്ലാക്കൽ** - രൂപതാ ജനറൽ സെക്രട്ടറി

# Department of Youth Ministry

**Department of Youth Ministry ഉദ്ഘാടനം ചെയ്യപ്പെട്ടു**

മാനന്തവാടി രൂപതയിലെ യുവജനങ്ങൾക്കു വേണ്ടി ആരംഭിച്ചി രിക്കുന്ന Department of Youth Ministry യുടെ ഔദ്യോഗിക ഉദ്ഘാടനം ആഗസ്റ്റ് 30-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. യൂത്ത് മിനിസ്ട്രി ഡയറക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ഉദ്ഘാടന സമ്മേളനത്തിന് സ്വാഗതമാശംസിച്ചു. Department of Youth Ministry യുടെ ഔദ്യോഗിക ഉദ്ഘാടനകർമ്മം വെരി. റവ.ഫാ. ജെയിംസ് കുറ്റിമാക്കൽ (സിഞ്ചെല്ലൂസ്, മണിമൂളി-നിലമ്പൂർ റീജിയൺ) നിർവ്വ ഹിച്ചു. റവ.ഫാ. മാത്യു പെരിയപ്പുറം (ഡയറക്ടർ പാസ്റ്ററൽ സെന്റർ) സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു. മാനന്തവാടി കത്തീഡ്രൽ വികാരി റവ.ഫാ. ജോർജ് മൈലാടൂർ, ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ (പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി), ശ്രീ. സജിൻ ജോസ് ചാലിൽ (കെസിവൈഎം സംസ്ഥാന വൈസ് പ്രസിഡണ്ട്), സി. ലിൻസ എഫ്. സി.സി. (കെ.സി.വൈ.എം. രൂപതാ ആനിമേറ്റർ) തുടങ്ങിയവർ ആശം സകളർപ്പിച്ച് സംസാരിച്ചു. ശ്രീ. ബിനോയ് പാനികുളം (കെ.സി.വൈ. എം. സംസ്ഥാന സെനറ്റ് മെമ്പർ) സമ്മേളനത്തിന്റെ സമാപനത്തിൽ ഏവർക്കും നന്ദിയർപ്പിച്ചു.

**വിദേശ വിദ്യാഭ്യാസ സെമിനാർ**

+2 പഠിച്ചുകൊണ്ടിരിക്കുന്നവർക്കും, ഡിഗ്രിയും മറ്റ് പ്രൊഫഷ ണൽ കോഴ്സുകളും കഴിഞ്ഞവർക്കും വേണ്ടി ഓഗസ്റ്റ് 30, ശനിയാഴ്ച രാവിലെ 10.30 മുതൽ 1 മണിവരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ചും ഓഗസ്റ്റ് 31-ാം തീയതി ഞായറാഴ്ച 2.30 pm മുതൽ 4.30 pm വരെ പാസ്റ്ററൽ സെന്ററിൽ വച്ചും വിദേശ വിദ്യാഭ്യാസത്തിന്റേയും ജോലി യുടെയും സാധ്യതകളെ സംബന്ധിച്ച് സെമിനാർ നടത്തപ്പെട്ടു. എറണാ കുളം-അങ്കമാലി അതിരൂപതയിലെ Naipunnya International Team ആണ് സെമിനാർ നയിച്ചത്. 195 പേർ സെമിനാറിൽ പങ്കെടുത്തു.

**ധ്യാനം**

പെനുവേൽ: മണിമൂളി-നിലമ്പൂർ മേഖലകളിലെ +1, +2 കുട്ടി കൾക്കായുള്ള ധ്യാനം തലഞ്ഞി ഇടവകയിൽ വെച്ച് സെപ്റ്റംബർ 5

മുതൽ 9 വരെ തീയതികളിൽ നടത്തപ്പെട്ടു. 120 കുട്ടികൾ ധ്യാനത്തിൽ പങ്കെടുത്തു. ധ്യാനത്തിനാവശ്യമായ സൗകര്യങ്ങൾ ചെയ്തുതന്ന തലഞ്ഞി ഇടവക വികാരി റവ.ഫാ. ജോയി തുരുത്തേലച്ചനും ഇടവക ജനങ്ങൾക്കും പ്രത്യേകം നന്ദി പറയുന്നു.

**യാഹവെയിരെ**

അടയ്ക്കാത്തോട് ഇടവകയിൽ വെച്ച് സെപ്തംബർ 11 മുതൽ 13 വരെ തീയതികളിലായി യുവജനങ്ങൾക്കായുള്ള ധ്യാനം നടത്തപ്പെട്ടു. യുവജനധ്യാനത്തിന് പ്രത്യേക താൽപര്യം കാണിച്ച ബഹു. ജെയിംസ് കുന്നത്തേട്ടച്ചന് പ്രത്യേകം നന്ദി പറയുന്നു.

**എഫ്രായിം**

സെപ്തംബർ 10-ന് കുട്ടികൾക്കായുള്ള ഏകദിനധ്യാനം അടയ്ക്കാത്തോട്ടിൽ വെച്ച് നടന്നു.

**KVPY**

കേന്ദ്രവൈജ്ഞാനിക് പ്രോത്സാഹൻ യോജന എന്ന കേന്ദ്ര ഗവൺമെന്റിന്റെ ഫെലോഷിപ്പ് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത കുട്ടികൾക്കായി ഒക്ടോബർ 11,12 തീയതികളിൽ പ്രത്യേക Training Programme നടത്തുന്നു. താൽപര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക.

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**
Director, Department of Youth Ministry

# കെ. സി. വൈ. എം.

## ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വ ദിനാചരണം

ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വദിനം കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ പുൽപ്പള്ളി മേഖലയുടെ ആതിഥേയത്വത്തിൽ പുൽപ്പള്ളി ടൗണിൽ വച്ച് ആഗസ്റ്റ് 23 ന് ശനിയാഴ്ച വിവിധ പരിപാടികളോടെ സമുചിതമായി ആചരിച്ചു.

23–ാം തീയതി രാവിലെ 7 മണിമുതൽ പുൽപ്പള്ളി ടൗണിന്റെ വിവിധ ഭാഗങ്ങളിലായി തയ്യാറാക്കിയ കൗണ്ടറുകളിൽ Blood Bank അംഗങ്ങളാകാനും അവയവദാന സമ്മതപത്രം നൽകാനും തയ്യാറായി നിരവധി ആളുകൾ മുന്നോട്ടുവന്നു. 2.30 pm. ന് ആനപ്പാറ ജംഗ്ഷനിൽ നിന്ന് ആരംഭിച്ച ബൈക്ക്റാലി പുൽപ്പള്ളി ടൗൺ ചുറ്റി ടൗൺ ചർച്ചിൽ സമാപിച്ചു. 3 pm ന് ടൗൺപള്ളി വികാരി റവ.ഫാ. ജോൺ പുതുക്കുളം റാലി ഉദ്ഘാടനം ചെയ്തു. തുടർന്ന് ടൗൺ ചർച്ചിൽ നിന്നും കെ.സി.വൈ.എം. പതാകകളേന്തി യുവജനങ്ങൾ റാലിയായി ടൗണിലൂടെ സ്വതന്ത്ര മൈതാനിയിൽ എത്തിച്ചേർന്നു.

തുടർന്ന് നടന്ന പൊതുസമ്മേളനത്തിന് കെ.സി.വൈ.എം. രൂപതാ ജനറൽ സെക്രട്ടറി ശ്രീ. സിബിൻ പാലമൂട്ടിൽ സ്വാഗതമാശംസിക്കുകയും രൂപതാ പ്രസിഡണ്ട് ശ്രീ. ബിബിൻ ചെമ്പക്കര അധ്യക്ഷത വഹിക്കുകയും ചെയ്തു. മുള്ളൻകൊല്ലി ഫൊറോന വികാരി റവ.ഫാ. ഫ്രാൻസീസ് നെല്ലിക്കുന്നേൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഇന്ത്യൻ ദൈവശാസ്ത്ര കമ്മീഷൻ സെക്രട്ടറി റവ.ഡോ. ജോസഫ് പാംബ്ലാനി രക്തസാക്ഷിത്വ ദിനാചരണത്തിന്റെ മുഖ്യപ്രഭാഷണം നടത്തി. കെ.സി.വൈ.എം. രൂപതാ ഡയറക്ടർ റവ.ഫാ. ലാൽ പൈനുങ്കൽ അനുഗ്രഹപ്രഭാഷണം നടത്തി. കെ.സി.വൈ.എം. മേഖലാ ഡയറക്ടർ റവ.ഫാ. റോബിൻ പടിഞ്ഞാറയിൽ, കെ.സി.വൈ.എം. സംസ്ഥാന വൈസ് പ്രസിഡണ്ട് ശ്രീ. സജിൻ ജോസ് ചാലിൽ തുടങ്ങിയവർ ആശംസകളർപ്പിച്ചു സംസാരിച്ചു. കെ.സി.വൈ.എം. പുൽപ്പള്ളി മേഖലാ സെക്രട്ടറി

ശ്രീ. ലിജോ വെട്ടുകല്ലിങ്കൽ സമ്മേളനത്തിന് നന്ദിയർപ്പിച്ചു. ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വദിനം മനോഹരമാക്കി മാറ്റുന്നതിന് കഠിന പ്രയത്നം ചെയ്ത കെ.സി.വൈ.എം. പുൽപ്പള്ളി മേഖലാ ഭാരവാഹികളെയും എല്ലാ യൂണിറ്റ് ഭാരവാഹികളെയും യുവജനങ്ങളെയും ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ് എന്നിവരെയും നന്ദിയോടെ ഓർക്കുന്നു.

## മേഖല, യൂണിറ്റ്തല ഇലക്ഷൻ

2015 വർഷത്തിൽ സംഘടനയെ നയിക്കേണ്ടവരെ തിരഞ്ഞെടുക്കുന്ന ഇലക്ഷനുകൾ നവംബർ 12 നു മുമ്പ് യൂണിറ്റുകളിലും ഡിസംബർ 1 നു മുമ്പ് മേഖലകളിലും പൂർത്തിയാക്കേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുന്നവരുടെ പൂർണവിവരങ്ങൾ തിരഞ്ഞെടുപ്പ് കഴിഞ്ഞാലുടൻ രൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്.

## Pearl-2014 രൂപതാ കലാസാഹിത്യ മത്സരങ്ങൾ (ഒക്ടോബർ 12, നവംബർ 3)

Pearl 2014 സാഹിത്യ മത്സരങ്ങൾ ഒക്ടോബർ 12 ന് 1.30 ന് അതാതു മേഖലാ കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെടും. ഒക്ടോബർ 20-നു മുമ്പ് സമ്മാനാർഹമായ സൃഷ്ടികൾ രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

കലാമത്സരങ്ങൾ നവംബർ 3-ന് ന്യൂമാൻസ് കോളേജിൽ വച്ച് രാവിലെ 9-ന് ആരംഭിക്കുന്നു. മേഖലകൾ മുൻകൂട്ടി മത്സരങ്ങൾ നടത്തി മത്സരാർത്ഥികളുടെ ലിസ്റ്റ് ഒക്ടോബർ 20-ന് മുമ്പ് കെ.സി.വൈ.എം. ഓഫീസിൽ എത്തിക്കേണ്ടതാണ്. 20-നു ശേഷം ലഭിക്കുന്നവ സ്വീകരിക്കുന്നതല്ല. 2014 ലെ അംഗത്വ ലിസ്റ്റിൽ പേരില്ലാത്തവർക്ക് മത്സരിക്കാൻ യോഗ്യതയില്ല.

## മത്സര ഇനങ്ങൾ

**സംഘമത്സരങ്ങൾ:** ഡിബേറ്റ്, സംഘഗാനം, ക്വിസ്, കെസിവൈഎം ആന്തം, തെരുവുനാടകം, മാർഗ്ഗംകളി (പെൺകുട്ടികൾ), മൈം, പരിചമുട്ടുകളി (ആൺകുട്ടികൾ)

**വ്യക്തിഗതഇനങ്ങൾ:** ലളിതഗാനം (യുവാവ്, യുവതി), നാടോടിനൃത്തം (യുവാവ്, യുവതി), മോണോ ആക്ട്, മിമിക്രി, പ്രസംഗം, കഥാപ്രസംഗം (1+4 പിന്നണി)

**രചനാമത്സരങ്ങൾ (വ്യക്തിഗതം):** ഉപന്യാസം, കവിതാരചന, കഥാരചന, പോസ്റ്റർരചന, നോട്ടീസ് രചന, മുദ്രാവാക്യരചന, കൊളാഷ്, കാർട്ടൂൺ, പത്രവാർത്താരചന.

യുവാവ്/യുവതി എന്ന് വേർതിരിച്ച് എഴുതിയിട്ടില്ലാത്ത മത്സരങ്ങൾ ഒന്നിച്ചായിരിക്കും നടത്തുക.

**മത്സരത്തെ സംബന്ധിച്ചുള്ള പൊതുനിർദ്ദേശങ്ങൾ**

1. കെ.സി.വൈ.എം. അംഗങ്ങൾക്ക് മാത്രമേ മത്സരയിനങ്ങളിൽ പങ്കെടുക്കാൻ അർഹതയുള്ളൂ.
2. ഗ്രൂപ്പിനത്തിൽ ഒരു മേഖലയിൽ നിന്ന് ഒരു സംഘം മാത്രമേ പങ്കെടുക്കാവൂ.
3. വ്യക്തിഗത ഇനത്തിൽ ഒരു മേഖലയിൽ നിന്ന് രണ്ട് പേർക്ക് പങ്കെടുക്കാം.
4. വ്യക്തിഗത ഇനത്തിൽ ഒരാൾക്ക് പരമാവധി 3 കലാമത്സരങ്ങൾക്കും 3 രചനാമത്സരങ്ങൾക്കും പങ്കെടുക്കാൻ അനുവാദമുണ്ട്.
5. രജിസ്ട്രേഷൻ ഫീസ് 30 രൂപയാണ്. വ്യക്തിഗത ഇനത്തിൽ വെവ്വേറെ ആവശ്യമാണ്. ഗ്രൂപ്പ് ഇനത്തിൽ ഓരോ വ്യക്തിക്കും 30 രൂപയാണ്. സാഹിത്യമത്സരത്തിന് പ്രത്യേക രജി.ഫീ. ഉണ്ടായിരിക്കുന്നതല്ല.
6. ഓരോ മേഖലയ്ക്കും ഓരോ ടീം മാനേജർ ഉണ്ടായിരിക്കണം. ഈ ടീം മാനേജർ മാത്രമാണ് വിവിധ ആവശ്യങ്ങൾക്കായി പേൾ ഓഫീസുമായി ബന്ധപ്പെടാവൂ.
7. വ്യക്തിഗത ഇനങ്ങൾക്ക് താഴെ പറയുന്ന രീതിയിൽ പോയിന്റ് നൽകുന്നതാണ്.

   I$^{st}$ –5 പോയിന്റ്, II$^{nd}$– 3 പോയിന്റ്, – III$^{rd}$ – 1 പോയിന്റ്
8. സംഘമത്സരങ്ങൾക്ക് താഴെ പറയുന്ന രീതിയിൽ പോയിന്റ് നൽകുന്നതാണ്.

   I$^{st}$ –10 പോയിന്റ്, II$^{nd}$– 5 പോയിന്റ്, – III$^{rd}$ – 3 പോയിന്റ്
9. ഗ്രേഡനുസരിച്ച് ഓരോ മത്സരാർത്ഥിക്കും താഴെ പറയുന്നവിധം പോയിന്റ് നൽകുന്നതാണ്.

   A ഗ്രേഡ്–5 പോയിന്റ്, B ഗ്രേഡ്–3 പോയിന്റ്, C ഗ്രേഡ് –1 പോയിന്റ്
10. ഏതെങ്കിലും ഒരിനത്തിൽ മൂന്നു മത്സരാർത്ഥികളിൽ കുറവാണെങ്കിൽ ആ മത്സരത്തിന് ഗ്രേഡ് നിർണ്ണയിച്ച് ഗ്രേഡിനു മാത്രം പോയിന്റ് നൽകുന്നതാണ്.
11. സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുവാനുള്ള അർഹത രൂപത സമിതി നിശ്ചയിക്കുന്ന ഗ്രേഡിന്റെ അടിസ്ഥാനത്തിലായിരിക്കും.
12. മത്സരത്തിന്റെ നടത്തിപ്പിനെയോ വിധിനിർണ്ണയത്തെയോ സംബന്ധിച്ച് എന്തെങ്കിലും പരാതി ഉണ്ടെങ്കിൽ ആ മത്സരത്തിന്റെ ഫലപ്രഖ്യാപനത്തിനുശേഷം 20 മിനിറ്റിനുള്ളിൽ ജൂറി ഓഫ് അപ്പീലിനുമുമ്പാകെ 100 രൂപ സഹിതം അപേക്ഷ നൽകേണ്ടതാണ്.

മത്സരത്തെ സംബന്ധിച്ച അന്തിമ തീരുമാനം ജൂറി ഓഫ് അപ്പീലിന്റേതാണ്.

13. മത്സരത്തിൽ പങ്കെടുക്കുന്നവർ 2014-ലെ രൂപതാ അംഗത്വരജിസ്റ്ററിൽ പേരുള്ളവരായിരിക്കണം. മേഖലാഡയറക്ടറുടെയും പ്രസിഡണ്ടിന്റെയും സാക്ഷ്യപത്രത്തോടുകൂടി നിശ്ചിത ഫോമിൽ ഒക്ടോബർ 20 നുള്ളിൽ സമർപ്പിക്കുന്ന മത്സരാർത്ഥികളുടെ പേരുകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. മത്സരദിവസങ്ങളിൽ മത്സരാർത്ഥികളുടെ പേരുകളിൽ യാതൊരു തിരുത്തലുകളും അനുവദിക്കുന്നതല്ല.
14. ടേപ്പ് റെക്കോർഡർ, CD Player എന്നിവ മത്സരാർത്ഥികളുടെ ഉത്തരവാദിത്വമാണ്.
15. പിന്നണി അനുവദിച്ചിട്ടുള്ള ഇനങ്ങൾക്ക് പിന്നണിയിൽ ഉള്ളവരും കെ.സി.വൈ.എം. പ്രവർത്തകരായിരിക്കണം.
16. രചനാമത്സരങ്ങൾക്കാവശ്യമായ പേപ്പർ മാത്രമേ സംഘാടകർ നൽകുകയുള്ളൂ.

**മത്സര ഇനങ്ങൾ, നിബന്ധനകൾ**

**രചനാമത്സരങ്ങൾ**

1. **കഥാരചന:** ഒരു മണിക്കൂർ, വിഷയം തത്സമയം നൽകും.
2. **കവിതാരചന:** ഒരു മണിക്കൂർ, വിഷയം തത്സമയം നൽകും.
3. **ഉപന്യാസം:** ഒരു മണിക്കൂർ, വിഷയം തത്സമയം നൽകും.
4. **കൊളാഷ്:** ഒരു മണിക്കൂർ, ആശയം വ്യക്തമാക്കുന്നതായിരിക്കണം. കൊളാഷിന് ഭംഗിക്ക് കളർ ഉപയോഗിക്കാം. കൊളാഷിന്റെ മുകളിൽ കളർ ഉപയോഗിക്കുവാൻ പാടില്ല.
5. **പത്രവാർത്ത:** 45 മിനിറ്റ്. രണ്ട് ചോദ്യങ്ങളുണ്ടായിരിക്കും. ഒന്ന്, ഒരു പ്രോഗ്രാമിന്റെ റിപ്പോർട്ട്. രണ്ട്, ആനുകാലിക വിഷയത്തെ സംബന്ധിച്ചുള്ള പ്രതികരണം.
6. **നോട്ടീസ് രചന**: വിഷയം തത്സമയം നൽകപ്പെടും. 45 മിനിറ്റ്. ഒരു പേജ് (A4 സൈസ്) ആണ്. നോട്ടീസ് രചിക്കേണ്ടത്.
7. **മുദ്രാവാക്യ രചന:** സമയം 30 മിനിറ്റ്. വിഷയം തത്സമയം നൽകും. ആവേശം ജനിപ്പിക്കത്തക്ക രീതിയിൽ താളാത്മകമായി വേണം രചിക്കാൻ.
8. **കാർട്ടൂൺ രചന:** സമയം 2 മണിക്കൂർ. വിഷയം തത്സമയം നൽകും. വിഷയത്തിന്റെ ആശയമുൾക്കൊള്ളുന്നതായിരിക്കണം. യാതൊരു തരത്തിലുമുള്ള കളറും ഉപയോഗിക്കാൻ പാടില്ല (കറുപ്പ് ഒഴികെ). ചിത്രം, ആശയം, അവതരണം എന്നിവയ്ക്കാണ് പ്രാധാന്യം നൽകേണ്ടത്.

9. **പോസ്റ്റർ രചന:** സമയം 2 മണിക്കൂർ. വിഷയം തത്സമയം നൽകപ്പെടും. പോസ്റ്റർ കളർ, ട്രാൻസ്പറന്റ് കളർ, വാട്ടർകളർ, എന്നിവ ഉപയോഗിക്കാം. ക്രയോൺസ് ഉപയോഗിക്കുവാൻ പാടില്ല. ആശയം എഴുതാൻ സ്കെച്ച് പെൻ ഉപയോഗിക്കാവുന്നതാണ്. ചിത്രം വരച്ച് ആശയം ഉൾക്കൊള്ളിക്കുന്ന രീതിയിലായിരിക്കണം പോസ്റ്റർ രചിക്കേണ്ടത്.

**കലാമത്സരങ്ങൾ**

1. **പ്രസംഗം:** 5 മിനിറ്റ് (4+1). ഭാഷ മലയാളം. 5 മിനിറ്റ് മുൻപ് വിഷയം നൽകപ്പെടും.
   മൂല്യനിർണയോപാധികൾ: a. സഭാകമ്പമില്ലാതെ സംസാരിക്കാനുള്ള കഴിവ്, b. അക്ഷരസ്ഫുടത, c. ആശയസ്ഫുടത, d. ധാരാവാഹിത്വം, e. സന്ദർഭോചിതമായ ശബ്ദനിയന്ത്രണം. ഭാഷാശുദ്ധി.
2. **ലളിതഗാനം:** 5 മിനിറ്റ്. സിനിമാഗാനം, ക്ലാസിക്കൽ ഗാനങ്ങൾ എന്നിവ അനുവദനീയമല്ല. സെമിക്ലാസിക്കൽ ഗാനങ്ങളിൽ സ്വരങ്ങൾ പാടാൻ പാടുള്ളതല്ല.
   മൂല്യനിർണയോപാധികൾ: a. ശാരീരം, b. ശ്രുതിലയം, c. ജ്ഞാനഭാവം, d. താളം, e. സാഹിത്യശുദ്ധി.
3. **സംഘഗാനം**: 7 മിനിറ്റ്. അംഗങ്ങളുടെ എണ്ണം 3 പേരിൽ കുറയുകയോ 7 പേരിൽ കൂടുകയോ ചെയ്യരുത്. സംഗീതോപകരണങ്ങൾ പാടില്ല. ധാർമ്മികമൂല്യങ്ങൾ ഉദ്ഘോഷിക്കുന്ന ഗാനങ്ങൾ ആയിരിക്കണം.
   മൂല്യനിർണയോപാധികൾ: a. ശ്രുതി, b. താളം, c. ഗാനത്തിന്റെ സാഹിത്യം, d. വിവിധ ഗായകർ തമ്മിലുള്ള യോജിപ്പ്
4. **ഡിബേറ്റ്:** 10 മിനിറ്റ്. 2 പേർ ഒരു ടീം ആയി പങ്കെടുക്കണം. ഒരാൾ പ്രൊപ്പോസർ മറ്റേയാൾ ഒപ്പോസർ. വിഷയം അര മണിക്കൂറിന് മുൻപ് നൽകപ്പെടും.
   മൂല്യനിർണയോപാധികൾ: a. ഭാഷാശുദ്ധി, b. ആശയസ്ഫുടത, c. സംസാരിക്കുന്ന ആശയത്തെക്കുറിച്ചുള്ള വ്യക്തമായ ബോധ്യം. കോമ്പിനേഷൻ, അവതരണം.
5. **ക്വിസ്:** ഒരു ടീമിൽ 3 അംഗങ്ങൾ വരെയാകാം. ചോദ്യങ്ങളുടെ അനുപാതം ബൈബിൾ 60%, (ലോഗോസ് 2014 ന്റെ ഭാഗങ്ങൾ), 40% കെ.സി.വൈ.എം. ചരിത്രം, ദർശനം, പ്രവർത്തനശൈലി, പ്രവർത്തനങ്ങൾ (കെസിവൈഎം കർമ്മപദ്ധതി 2014, യുവജനദിന സർക്കുലർ (2014 ജൂൺ മാസത്തെ രൂപത ബുള്ളറ്റിൻ) 27-ാം ലോക യുവജനസന്ദേശം, കെസിവൈഎം നിയമാവലി)

6. **കെ.സി.വൈ.എം. ആന്തം:** അംഗങ്ങളുടെ എണ്ണം 3 പേരിൽ കുറയുകയോ 7 പേരിൽ കൂടുകയോ ചെയ്യരുത്. കെ.സി.വൈ.എം. പതാക ഏന്തണം. മാർച്ചിംഗ് ട്യൂണാണ് ആലപിക്കേണ്ടത്.
മൂല്യനിർണയോപാധികൾ: (ഇനം മൂന്നിന്റേത്) സംഘാംഗങ്ങളുടെ സ്വരച്ചേർച്ച.
7. **മിമിക്രി:** 5 മിനിറ്റ്. ധാർമ്മികമൂല്യങ്ങൾക്ക് നിരക്കുന്ന രീതിയിലുള്ള അവതരണമാകണം.
മൂല്യനിർണയോപാധികൾ: a. വിഷയത്തോടുള്ള നീതിപുലർത്തൽ, b. അനുകരണസാമർത്ഥ്യം, c. അഭിനയം, d. തന്മയത്വം. ആക്ഷേപങ്ങളും അപഹാസ്യപരമായ പരാമർശങ്ങളും ഒഴിവാക്കണം.
8. **മോണോആക്ട്:** 5 മിനിറ്റ്. ഒരു സംഭവമോ കഥയോ അവതരിപ്പിച്ച് എല്ലാ കഥാപാത്രങ്ങളേയും രൂപത്തിലും ഭാവത്തിലും ശബ്ദത്തിലും അനുകരിക്കണം.
9. **തെരുവുനാടകം:** അവതരണസമയം 20 മിനിറ്റ്. 10 മിനിറ്റ് രംഗസജ്ജീകരണത്തിന് ഉപയോഗിക്കാവുന്നതാണ്. ഏത് തരത്തിലുള്ള വേഷവും ഉപയോഗിക്കാം. എന്നാൽ മുഖത്ത് യാതൊരു തരത്തിലുള്ള ചായവും പാടില്ല. ഈ വർഷത്തെ പഠനവിഷയം അടിസ്ഥാനമാക്കിയായിരിക്കണം നാടകം അവതരിപ്പിക്കേണ്ടത്. ആളുകളുടെ എണ്ണം കഥയ്ക്കനുസരിച്ച് നിജപ്പെടുത്താവുന്നതാണ്. മൈക്ക് നൽകുന്നതല്ല. പശ്ചാത്തല വാദ്യമായി ചെണ്ട മാത്രമെ ഉപയോഗിക്കാവൂ.
മൂല്യനിർണയോപാധികൾ: a. പ്രമേയം, b. അഭിനയപ്പൊരുത്തം, c. അവതരണം, d. വേഷം, e. അഭിനയം, f.സംഭാഷണം, g.സംവിധാനം.
10. **നാടോടിനൃത്തം:** (7 മിനിറ്റ്) കാസറ്റ് സംഗീതം അനുവദിക്കും. പിന്നണിക്ക് പ്രത്യേകിച്ച് പ്രാധാന്യം നൽകുന്നതല്ല. നാടോടിപാട്ടാണ് ഉപയോഗിക്കേണ്ടത്. സിനിമാഗാനങ്ങൾ അനുവദനീയമല്ല.
മൂല്യനിർണയോപാധികൾ: a. ആകാരസുഷമ, b. വേഷം, c. ഭാവപ്രകടനം, d. താളം, e. ചലനഭംഗി
11. **മാർഗ്ഗംകളി:** 7 മിനിറ്റ് (പെൺകുട്ടികൾക്ക് മാത്രം. 6+1)
മൂല്യനിർണയോപാധികൾ: a. വേഷത്തനിമ, b. ചലനം, c. താളം, d. ചുവട്, e. സംഗീതഗുണം, f. ഭക്തിഭാവം
12. **മൈം:** 10 മിനിറ്റ്. 3 പേരിൽ കുറയാനോ 12 പേരിൽ കൂടാനോ പാടില്ല.
മൂല്യനിർണയോപാധികൾ: a. കഥാവസ്തു, b. ചുവട്, c. ഭാവാഭിനയം, d. അവതരണം, ഗാനങ്ങൾ, e. സംവിധാനം

13. **കഥാപ്രസംഗം:** 15 മിനിറ്റ്. ധാർമ്മിക മൂല്യങ്ങൾ ഉൾക്കൊള്ളുന്ന തായിരിക്കണം. കഥാപ്രസംഗത്തിന് പിന്നണിയിൽ തബല അല്ലെങ്കിൽ മൃദംഗം, ഹാർമ്മോണിയം അല്ലെങ്കിൽ ശ്രുതിപ്പെട്ടി, സിംബൽ ആൻഡ് ടൈമിംഗ്, ക്ളാർനെറ്റ് അല്ലെങ്കിൽ വയലിൻ എന്നിവയ്ക്ക് നാല് പേർ വരെയാകാം.

മൂല്യനിർണയോപാധികൾ: ഉച്ചാരണശുദ്ധി, ഭാഷാശുദ്ധി, ആശയാവിഷ്കരണം, ഭാവപ്രകടനം, സാഹിത്യവും സംഗീതവുമായുള്ള യോജിപ്പ്.

14. **പരിചമുട്ട്കളി:** 10 മിനിറ്റ്. 8 പേർ. ആൺകുട്ടികൾക്ക് മാത്രമായിരിക്കും. നിലവിളക്ക് ഉണ്ടായിരിക്കണം. തനതായ വേഷമായിരിക്കണം. നൃത്താവതരണത്തിന് താളം ക്രമീകരിക്കുന്നതിന് കുഴിത്താളം (ചെറിയ ഇലത്താളം) ഉപയോഗിക്കാവുന്നതാണ്. മറ്റ് സംഗീതോപകരണങ്ങളോ പിന്നണിയോ പാടില്ല.

മൂല്യനിർണയോപാധികൾ: വേഷത്തിന്റെ അനുയോജ്യത, ഭക്തിഭാവം, താളം, ശ്രുതിലയം.

## യൂണിറ്റ് വാർത്തകൾ

### പയ്യമ്പള്ളി യൂണിറ്റ്

പയ്യമ്പള്ളി പ്രദേശത്തിന്റെ വിവിധ ഭാഗങ്ങളിൽ ലഹരിവിരുദ്ധ ബോർഡുകൾ സ്ഥാപിച്ചു. രൂപത വനിതാസംഗമത്തിൽ യൂണിറ്റിൽ നിന്നും 7 പേർ പങ്കെടുത്തു. സ്വർഗാരോപണത്തിരുനാളിനോടനുബന്ധിച്ചുള്ള ദേവാലയ അലങ്കാരവും വിശുദ്ധ കുർബാനയിലെ ശുശ്രൂഷകളും യുവജനങ്ങളുടെ നേതൃത്വത്തിൽ നടത്തി. ആ ദിനത്തിന്റെ സന്ദേശം ഉൾക്കൊള്ളുന്ന ആശംസാകാർഡുകൾ എല്ലാവർക്കും വിതരണം ചെയ്തു. ദേവാലയാങ്കണത്തിലെ ഗ്രോട്ടോയുടെ ചുറ്റും പൂച്ചെടി നട്ടുപിടിപ്പിച്ചു. പയ്യംമ്പള്ളി മേഖലാ ലഹരിവിരുദ്ധ അർദ്ധദിന സെമിനാറിൽ യൂണിറ്റ് ഭാരവാഹികൾ പങ്കെടുത്തു. വി. ജോൺ വിയാനിയുടെ തിരുനാൾ ദിനത്തിൽ ബഹു. ജോസ് മുണ്ടയ്ക്കൽ അച്ചനും സാന്റോ അച്ചനും യുവജനങ്ങൾ പ്രാർത്ഥനാമംഗങ്ങൾ നേർന്നു. ഇടവകയിൽ ക്യാൻസർ രോഗബാധിതനായി കഴിയുന്ന വ്യക്തിയെ സന്ദർശിച്ച് പ്രാർത്ഥിച്ചു.

### പുൽപ്പള്ളി യൂണിറ്റ്

ഇടവകയിൽ യുവജനദിനാഘോഷം നടത്തി. യുവജനദിനത്തിലെ ആരാധനയും ജപമാലയും വി.കുർബാനയിലെ അൾത്താര ശുശ്രൂഷ, വി. ഗ്രന്ഥവായന, ഗാനശുശ്രൂഷ, കാഴ്ചവെയ്പ് തുടങ്ങിയവ കെസിവൈഎം അംഗങ്ങളുടെ നേതൃത്വത്തിൽ നടത്തി. ബഹു. ജോൺ പുതുക്കുളത്തിൽ അച്ചൻ ദിവ്യബലിയർപ്പിച്ച് യുവജനദിനസന്ദേശം നൽകി. ദിവ്യബലിക്കുശേഷം ബഹു. ജോൺ പുതുക്കുളത്തിലച്ചൻ, പഠനവും പ്രാർത്ഥനയും സമന്വയിപ്പിച്ചുകൊണ്ടുള്ള ജീവിതശൈലി, പഠനവിജയത്തിനായി പത്തുകാര്യങ്ങൾ തുടങ്ങിയവയെക്കുറിച്ച് യുവജനങ്ങൾക്കായി ക്ലാസെടുത്തു.

ക്ലാസിനുശേഷം പഠനടൈംടേബിൾ, വിദ്യാർത്ഥികൾക്കുള്ള പ്രാർത്ഥന എന്നിവ കെസിവൈഎം അംഗങ്ങൾ വിതരണം ചെയ്തു. പനമരത്ത് സിഎംസി സിസ്റ്റേഴ്സ് നടത്തുന്ന അഗതിമന്ദിരം സന്ദർശിച്ച് തുണിത്തരണങ്ങൾ, ഭക്ഷണസാധനങ്ങൾ, 4500 രൂപ മുതലായവ നൽകി. സ്വകരങ്ങളാൽ നിർമ്മിച്ച ജപമാല യുവജനങ്ങൾക്ക് അവർ സമ്മാനമായി നൽകി.

**ആലാറ്റിൽ യൂണിറ്റ്**

ആലാറ്റിൽ ഇടവകയിൽപ്പെട്ട ഒരു കുട്ടിയുടെ ഓപ്പറേഷനുവേണ്ടി ധനസഹായം നൽകുകയും ഭവനസന്ദർശനം നടത്തുകയും ചെയ്തു. ക്യാൻസർ രോഗിയായ ഒരു സഹോദരിക്ക് ചികിത്സാ സഹായം നൽകി. യുവജനദിനാഘോഷത്തിന്റെ ഭാഗമായി ഇടവകയിലെ എല്ലാ ഭവനങ്ങളും സന്ദർശിച്ച് യുവജന ദിനാഘോഷത്തിനായി യുവജനങ്ങളെ ക്ഷണിക്കുകയും സംഭാവന സ്വീകരിക്കുകയും ചെയ്തു. "യൂത്ത് UTH 2014" യുവജനദിനാഘോഷം നടത്തി. കെസിവൈഎം രൂപത ഡയറക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ദിവ്യബലിയർപ്പിച്ച് യുവജനദിനസന്ദേശം നൽകി. യുവജനങ്ങൾ കാഴ്ചസമർപ്പണം നടത്തി. വി. കുർബാനയ്ക്കുശേഷം സംസ്ഥാന വൈസ് പ്രസിഡണ്ട് ശ്രീ. സജിൻ ജോസ് ചാലിൽ "ലഹരിവിമുക്ത സമൂഹത്തിന് യുവജനങ്ങളുടെ പങ്ക്" എന്ന വിഷയത്തിൽ ക്ലാസെടുത്തു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ യൂണിറ്റ് ഡയറക്ടർ റവ. ഫാ. വിൻസെന്റ് കൊരട്ടിപ്പറമ്പിൽ അധ്യക്ഷനും റവ.ഫാ. ഫ്രാങ്കോ ചൂണ്ടൽ വി.സി. ഉദ്ഘാടകനുമായിരുന്നു. നവദമ്പതികളെ ആദരിച്ച് മെമന്റോ നൽകി.

**അരുൾനിലയം യൂണിറ്റ്**

യുവജനദിനാഘോഷം നടത്തി. ബഹു. ജോണി പനന്തോട്ടം അച്ചൻ ദിവ്യബലിയിൽ മുഖ്യകാർമ്മികത്വം വഹിക്കുകയും യുവജനദിനസന്ദേശം നൽകുകയും ചെയ്തു. യുവജനങ്ങൾ കാഴ്ചസമർപ്പണം നടത്തി. യുവജന പതാക ഉയർത്തുകയും പൊതുസമ്മേളനം നടത്തുകയും ചെയ്തു. ദേവാലയത്തിൽ വന്ന എല്ലാവർക്കും നേർച്ചഭക്ഷണം നൽകി. ഈ ദിനത്തിൽ ബഹു. വൈദികരോടൊന്നിച്ച് ഗൂഡല്ലൂരിലെ ചാരിറ്റി ഹോം സന്ദർശിക്കുകയും ഭക്ഷണം തയ്യാറാക്കി അവരോടൊരുമിച്ച് കഴിക്കുകയും ചെയ്തു. യുവജനങ്ങളുടെ നേതൃത്വത്തിൽ ജാഗരണ പ്രാർത്ഥന നടത്തി. പ്രാർത്ഥനയ്ക്ക് ശ്രീ. ടോമി നേതൃത്വം നൽകി.

**വെള്ളൂന്നി യൂണിറ്റ്**

വിയാനി ദിനത്തോടനുബന്ധിച്ച് ബഹു. ഡയറക്ടർ അച്ചനും ഫൊറോനയിലെ മറ്റു വികാരിമാർക്കും ആശംസകൾ നേർന്നു. ബ്ലഡ് ഗ്രൂപ്പ് ഡിറക്ടറി തയ്യാറാക്കുന്നതിന്റെ ഭാഗമായി രക്തഗ്രൂപ്പും രക്തദാനസമ്മതപത്രവും ശേഖരിച്ചു. ഫണ്ടുശേഖരണാർത്ഥം കൂപ്പൺ അടിച്ചിറക്കുകയും ഭവനങ്ങൾ തോറും കയറിയിറങ്ങി ഫണ്ടു ശേഖരിക്കുകയും ചെയ്തു.

**മുള്ളൻകൊല്ലി യൂണിറ്റ്**

ഓഗസ്റ്റ് 15-ാം തീയതി സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് യൂണിറ്റിലെ യുവജനങ്ങൾ ചേർന്ന് ആവശ്യമായ ഫണ്ടു ശേഖരിച്ച് മുള്ളൻകൊല്ലിയിൽ ബസ് വെയിറ്റിംഗ് ഷെഡ് നിർമ്മിച്ചു. ബഹു. ഫൊറോന വികാരി റവ.ഫാ. ഫ്രാൻസീസ് നെല്ലിക്കുന്നേൽ വെയിറ്റിംഗ് ഷെഡ് വെഞ്ചരിച്ച് പൊതുജന

ങ്ങൾക്കായി തുറന്നു കൊടുത്തു. മുള്ളൻകൊല്ലി പ്രദേശത്ത് ഗതാഗത തടസ്സം സൃഷ്ടിച്ചു നിന്നിരുന്ന മുൾപ്പടർപ്പുകൾ വെട്ടിമാറ്റി ഗതാഗതയോഗ്യമാക്കി. ബഹു. കൊച്ചച്ചന്റെ നേതൃത്വത്തിൽ യുവജനങ്ങൾ ഇടവകയിൽ രോഗികളായി കഴിയുന്നവരെ സന്ദർശിച്ച് പ്രാർത്ഥിക്കുകയും ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്തു.

**ശിശുമല യൂണിറ്റ്**

യുവജനങ്ങളുടെ നേതൃത്വത്തിൽ ചായപ്പൊടി വിൽപ്പന നടത്തി ഫണ്ടു ശേഖരിച്ചു. രണ്ടാം ശനിയാഴ്ച ആരാധന നടത്തി. ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വ ദിനത്തോടനുബന്ധിച്ചു പുൽപ്പള്ളിയിൽ നടന്ന റാലിയിലും പൊതുസമ്മേളനത്തിലും യൂണിറ്റിൽ നിന്നും യുവജനങ്ങൾ പങ്കെടത്തു. യുവജനങ്ങൾ ചേർന്ന് ഓണാഘോഷ പരിപാടി നടത്തി.

**പോരൂർ യൂണിറ്റ്**

യുവജനങ്ങളുടെ നേതൃത്വത്തിൽ ഓണത്തോടനുബന്ധിച്ച് പൂക്കളം, ഓണസദ്യ, ഓണപ്പരിപാടികൾ എന്നിവ നടത്തി. എട്ടു നോമ്പിന്റെ ദിവസങ്ങളിലെ എല്ലാകാര്യങ്ങളിലും യുവജനങ്ങൾ സഹായിച്ചു. ഫണ്ടുശേഖരണാർത്ഥം ചായപ്പൊടി വിതരണം നടത്തി. ഭവനസന്ദർശനം നടത്തി ലഹരി വിരുദ്ധ സന്ദേശം വീടുകളിൽ എത്തിച്ചു.

**പ്രശാന്തഗിരി യൂണിറ്റ്**

2014 യുവജനദിനാഘോഷം നടത്തി. യുവജനദിനത്തിലും ഓഗസ്റ്റ് മാസത്തിലെ ഞായറാഴ്ചകളിലും യുവജനങ്ങൾ കാഴ്ചസമർപ്പണം നടത്തി. സ്വർഗ്ഗാരോപണത്തിരുനാളിനോടനുബന്ധിച്ചുള്ള ആരാധന, ഗാനശുശ്രൂഷ, അലങ്കാരം തുടങ്ങിയവയ്ക്ക് യൂണിറ്റ് അംഗങ്ങൾ നേതൃത്വം നൽകി. കാഴ്ചവയ്പിൽ ലഭിച്ച പണം കെസിവൈഎം പ്രവർത്തനങ്ങൾക്കായി മാറ്റിവച്ചു. ഫണ്ടുശേഖരണാർത്ഥം ആക്രിസാധനങ്ങൾ ശേഖരിച്ചു. ഇടവകയിലെ എല്ലാ കുടുംബങ്ങളിലും യുവജനങ്ങൾ സന്ദർശനം നടത്തി.

**വിളമ്പുകണ്ടം യൂണിറ്റ്**

വനിതാസംഗമത്തിന് യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. രക്തസാക്ഷിത്വദിനത്തോടനുബന്ധിച്ച് പുൽപ്പള്ളിയിൽ നടന്ന റാലിയിലും പൊതുസമ്മേളനത്തിലും യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. ഞായറാഴ്ചത്തെ ദിവ്യബലിയിലെ ശുശ്രൂഷകൾക്കും കാഴ്ചവയ്പിനും അംഗങ്ങൾ നേതൃത്വം നൽകി. ആരാധന നടത്തി.

**ആറാട്ടുതറ യൂണിറ്റ്**

ഓഗസ്റ്റ് 26 ന് യൂണിറ്റിലെ അംഗങ്ങൾ ഒരുമിച്ചുകൂടുകയും ആനിമേറ്റർ സി. ബിൻസി 'യേശുവിന് സ്ത്രീകളോടുള്ള സമീപനം' എന്ന വിഷയത്തെക്കുറിച്ച് അവർക്കായി ക്ലാസെടുക്കുകയും ചെയ്തു. ഇന്ത്യൻ ക്രിസ്റ്റ്യൻ രക്തസാക്ഷിത്വദിനത്തോടനുബന്ധിച്ച് പുൽപ്പള്ളിയിൽ നടന്ന റാലിയിലും പൊതുസമ്മേളനത്തിലും യൂണിറ്റിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു.

**മുണ്ടേരി യൂണിറ്റ്**

വിയാനി ദിനത്തിൽ യുവജനങ്ങൾ ചേർന്ന് ബഹു. റെജി മുതുകത്താനിയച്ചന് ആശംസകൾപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. മാതാവിന്റെ സ്വർഗാരോപണതിരുനാളും സ്വാതന്ത്ര്യദിനവും സംയുക്തമായി

ആഘോഷിച്ചു. ലഹരിവിമുക്തവർഷത്തോടനുബന്ധിച്ച് 'ലഹരി' തെരുവുനാടകം യുവജനങ്ങളുടെ നേതൃത്വത്തിൽ മുണ്ടേരിയിലും ഭൂദാനത്തും അവതരിപ്പിക്കുകയുണ്ടായി.

**കരിമാനി യൂണിറ്റ്**

ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വദിനാചരണത്തിന്റെ ഭാഗമായി പുൽപ്പള്ളിയിൽ നടന്ന റാലിയിലും പൊതുസമ്മേളനത്തിലും യൂണിറ്റിൽ നിന്നും ആനിമേറ്ററും അംഗങ്ങളും പങ്കെടുത്തു. വി. അഗസ്റ്റ്യന്റെ തിരുനാൾ ദിനത്തിൽ യൂണിറ്റ് ഡയറക്ടർ ജിൽസനച്ചന് പ്രാർത്ഥനാശംസകൾ നേരുകയും സ്നേഹോപഹാരം നൽകുകയും ചെയ്തു.

**പുതുശ്ശേരി യൂണിറ്റ്**

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് യുവജനങ്ങൾ പുതുശ്ശേരി അങ്ങാടിയിൽ ശുചീകരണം നടത്തി. ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിദിനാചരണത്തോടനുബന്ധിച്ച് നടത്തിയ റാലിയിൽ കെസിവൈഎം അംഗങ്ങളും പങ്കെടുത്തു. പ്ലക്കാർഡുകളും അന്തരീക്ഷത്തിലുയർത്തിയ മുദ്രാവാക്യങ്ങളും റാലിയെ മനോഹരമാക്കി.

**നെടുമ്പാല യൂണിറ്റ്**

ബ്ലഡ് ബാങ്ക് രൂപീകരണത്തിന്റെ ഭാഗമായി ഇടവകാംഗങ്ങളുടെ പേരും രക്തഗ്രൂപ്പും ശേഖരിച്ചു. കൽപ്പറ്റയിൽ വച്ചു നടന്ന മേഖലാതല സ്വാതന്ത്ര്യദിനക്വിസ് മത്സരത്തിൽ യൂണിറ്റ് അംഗങ്ങൾ പങ്കെടുക്കുകയും ഒന്നാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു. യൂണിറ്റ് പ്രവർത്തകനും മതാധ്യാപകനുമായ വ്യക്തിയുടെ പിതാവിന്റെ നിര്യാണത്തിൽ അനുശോചിച്ച് റീത്ത് സമർപ്പിച്ചു.

**വടക്കനാട് യൂണിറ്റ്**

ലഹരിവിമുക്തവർഷത്തോടനുബന്ധിച്ച് ഇടവകയിൽ വെച്ചു നടത്തിയ ബോധവത്കരണ സെമിനാറിൽ യുവജനങ്ങൾ പങ്കെടുത്തു. ബഹു. ജെയ്സനച്ചന്റെ ജന്മദിനത്തിൽ ആശംസകൾ നേർന്നു.

**ഒലിവുമല യൂണിറ്റ്**

സ്വർഗാരോപണത്തിരുനാളിനൊരുക്കമായി പള്ളിയും പരിസരവും വൃത്തിയാക്കി. മാതാവിന്റെ തിരുസ്വരൂപം അലങ്കരിച്ചു. രോഗീസന്ദർശനം നടത്തി. ഇടവക വികാരിമാരുടെ തിരുനാൾ ദിനത്തിൽ ബഹു. വികാരിയച്ചന് ആശംസകൾ നേർന്നു. ആനിമേറ്റർ സിസ്റ്ററിന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു.

**കൽപ്പറ്റ യൂണിറ്റ്**

ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വദിനാചരണത്തോടനുബന്ധിച്ച് പുൽപ്പള്ളിയിൽ വച്ചു നടത്തിയ റാലിയിൽ കെസിവൈഎം അംഗങ്ങളും പങ്കെടുത്തു. ഇടവകയിൽ ഓണാഘോഷപരിപാടികൾ നടത്തി. CCF ന്റെ നേതൃത്വത്തിൽ നടത്തിയ രക്തസാക്ഷിത്വദിന പരിപാടിയിൽ പങ്കെടുക്കുകയും ആവശ്യമായ ഒരുക്കങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തു. വികാരിയച്ചന്റെ നാമഹേതുകതിരുനാളിൽ ആശംസകൾപ്പിച്ചു. ഇടവകയുടെ നേതൃത്വത്തിലുള്ള ബ്ലഡ് ബാങ്ക് അംഗങ്ങൾ രോഗികളുടെ ആവശ്യാനുസരണം ബ്ലഡ് കൊടുത്തുകൊണ്ടിരിക്കുന്നു.

**ഒണ്ടയങ്ങാടി യൂണിറ്റ്**

യൂണിറ്റ് പ്രസിഡണ്ടിന്റെ നേതൃത്വത്തിൽ പ്രാർത്ഥനാകൂട്ടായ്മ നടത്തി. രക്തസാക്ഷിത്വദിനത്തോടനുബന്ധിച്ച് പുൽപ്പള്ളിയിൽ നടന്ന റാലിയിലും പൊതുസമ്മേളനത്തിലും യൂണിറ്റിൽ നിന്നും 20 അംഗങ്ങൾ പങ്കെടുത്തു. ഓണാഘോഷപരിപാടികൾ നടത്തി. മേഖല ഡയറക്ടർ റവ.ഫാ. സിബിച്ചൻ ചേലയ്ക്കാപ്പള്ളി പരിപാടികൾ ഉദ്ഘാടനം ചെയ്തു. വിവിധ പരിപാടികൾക്ക് ശ്രീ. ജോജൻ, ശ്രീ. റ്റോബി കൂട്ടുങ്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

**മേഖലാ വാർത്തകൾ**

**കൊട്ടിയൂർ മേഖല**

കെസിവൈഎം കൊട്ടിയൂർ മേഖല ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വ ദിനാചരണം നടത്തി. അമ്പായത്തോട് പള്ളി വികാരി റവ.ഫാ. ജോസ് വാഴക്കാല ഫ്ളാഗ് ഓഫ് ചെയ്ത ബൈക്ക് റാലിയിൽ നൂറു കണക്കിന് യുവജനങ്ങൾ പങ്കെടുത്തു. തുടർന്ന് കേളകം സാൻജോസ് ദേവാലയത്തിൽ നിന്നും കേളകം ടൗണിലേക്ക് മേഖലയിലെ വിവിധ ഇടവകകളിൽ നിന്നും ആയിരങ്ങൾ പങ്കെടുത്ത ബഹുജനറാലിയും നടത്തപ്പെട്ടു. തുടർന്ന് മേഖലാ ഡയറക്ടർ റവ.ഫാ. ജെയ്സ് പൂതക്കുഴി സ്വാഗതം ആശംസിച്ച പൊതുസമ്മേളനത്തിൽ മേഖലാ പ്രസിഡണ്ട് ശ്രീ. ജിജോ താണിവേലിൽ അധ്യക്ഷനായിരുന്നു. പേരാവൂർ നിയോജക മണ്ഡലം എം.എൽ.എ. അഡ്വ. സണ്ണി ജോസഫ് സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. കെസിവൈഎം രൂപതാ ഡയറക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ അനുഗ്രഹപ്രഭാഷണം നടത്തി. മിജാർക്ക് മുൻ ഏഷ്യൻ പ്രതിനിധി ശ്രീ. ജോസ് പള്ളത്ത് മുഖ്യപ്രഭാഷണം നടത്തി. ഫൊറോന വികാരി റവ.ഫാ. തോമസ് മണക്കുന്നേൽ, രക്ഷാധികാരി റവ.ഫാ. ജെയിംസ് കുന്നത്തേട്ട്, കെ.സി.വൈ.എം. രൂപത പ്രസിഡണ്ട് ശ്രീ. ബിബിൻ ചെമ്പക്കര, എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. തുടർന്ന് വെള്ളൂന്നി യൂണിറ്റ് പുറത്തിറക്കിയ ബ്ലഡ് ബാങ്ക് ഡിറക്ടറിയുടെ പ്രകാശനവും രക്തദാനപ്രതിജ്ഞയും ഉണ്ടായിരുന്നു. സമ്മേളനത്തിന്റെ സമാപനത്തിൽ മേഖല ആനിമേറ്റർ റവ.സി. റോയ്സ് എസ്.എച്ച്. ഏവർക്കും കൃതജ്ഞതയർപ്പിച്ചു.

**പയ്യമ്പള്ളി മേഖല**

പുൽപ്പള്ളിയിൽ വച്ചു രൂപതാസമിതിയുടെ നേതൃത്വത്തിൽ നടത്തിയ ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വദിനാചരണത്തോടനുബന്ധിച്ചുള്ള ബൈക്ക് റാലിയിലും കാൽനട ജാഥയിലും പൊതുസമ്മേളനത്തിലും ശ്രീ. റ്റോബി കൂട്ടുങ്കലിന്റെ നേതൃത്വത്തിൽ മേഖലയിലെ വിവിധ യൂണിറ്റുകളിൽ നിന്നും ധാരാളം പേർ പങ്കെടുത്തു.

**സിബിൻ പാലമൂട്ടിൽ**

KCYM രൂപത ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

## വിവാഹഒരുക്ക കോഴ്സ്

ദ്വാരക പാസ്റ്ററൽ സെന്ററിൽ ആഗസ്റ്റ് 22 മുതൽ 25 വരെ നടന്ന കോഴ്സിൽ 85 പേരും സെപ്റ്റംബർ 8 മുതൽ 11 വരെ നടന്ന കോഴ്സിൽ 86 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

### അടുത്ത മാസത്തിലെ കോഴ്സുകൾ

| | | | |
|---|---|---|---|
| ഒക്ടോബർ | 10–13 | – | പാസ്റ്ററൽ സെന്റർ ദ്വാരക |
| ഒക്ടോബർ | 26–29 | – | പാസ്റ്ററൽ സെന്റർ ദ്വാരക |
| നവംബർ | 9–12 | – | പാസ്റ്ററൽ സെന്റർ ദ്വാരക |

## പയ്യംമ്പള്ളി മേഖല

മേഖലാ ഡയറക്ടർ ബഹു. ചാക്കോച്ചൻ വാഴക്കാലായിലച്ചന്റെ നേതൃത്വത്തിൽ കാട്ടിക്കുളം ഇടവകയിൽവച്ച് അർദ്ധദിന സെമിനാർ നടന്നു. 11 ശാഖകളിൽ നിന്നുമായി 115 പേർ പങ്കെടുത്തു. ശ്രീമതി വത്സമ്മ ഓലപ്പുരയ്ക്കൽ ക്ലാസ്സെടുത്തു. തുടർന്ന് ഒക്ടോബറിൽ നടത്തുന്ന അഖണ്ഡ ജപമാലയുടെയും ശാഖാ സന്ദർശനത്തിന്റെയും തീയതികൾ ശാഖകൾക്ക് നൽകി. ഡിസംബറിൽ ഇടയൂർക്കുന്ന് ശാഖയിൽവച്ച് കരോൾഗാനമത്സരം ഉൾപ്പെടുത്തി മേഖലാ വാർഷികം നടത്തുവാൻ തീരുമാനിച്ചു. ഒക്ടോബറിൽ ഇടയൂർക്കുന്നു ശാഖയും നവംമ്പറിൽ ബാവലി ശാഖയും കരുണാഭവൻ ശുശ്രൂഷ ഏറ്റെടുത്തു. മേഖലാ ആനിമേറ്റേഴ്സും മേഖലാ ഭാരവാഹികളും ലഹരിക്കടിമപ്പെട്ടവരുടെ മാനസാന്തരത്തിനായി അഖണ്ഡ ഉപവാസത്തിലൂടെ പ്രാർത്ഥിക്കുവാൻ തീരുമാനിച്ചു. സെമിനാറിൽ കാട്ടിക്കുളം ഇടവക വികാരി റവ. ഫാ. ജോർജ്ജ് കിഴക്കുംപുറം സംബന്ധിച്ചു.

**പനമരം**

31-8-2014 ന് മാതൃസംഘത്തിന്റെ ഒന്നാം വാർഷികം ബഹു. രൂപതാ ഡയറക്ടർ മാത്യു പെരിയപ്പുറം അച്ചന്റെ അദ്ധ്യക്ഷതയിൽ ആഘോഷിച്ചു. ബഹു. വികാരി ബഹു. ജെയിംസ് ചക്കിട്ടക്കുടി അച്ചൻ സ്വാഗതം ആശംസിച്ചു. മക്കളുടെ വിശ്വാസ രൂപീകരണത്തിലും വളർച്ചയിലും അമ്മമാർക്കുള്ള ഗൗരവമേറിയ ഉത്തരവാദിത്വത്തെ ക്കുറിച്ച് രൂപതാ ഡയറക്ടർ സംസാരിച്ചു. 66 അമ്മമാർ ക്ലാസ്സിൽ സംബന്ധിച്ചു. പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. പ്രസിഡന്റ്-ആൻസി മുണ്ടയ്ക്കൽ, വൈസ്പ്രസിഡന്റ-സീന മൂത്തേക്കാട്ട്, സെക്രട്ടറി-ലിജി മഞ്ഞപ്പുഴത്തൊണ്ടിയിൽ, ജോ.സെക്രട്ടറി-വത്സ മുരിങ്ങമറ്റം, ട്രഷറർ-മീര കുഴികണ്ടത്തിൽ

**മച്ചിക്കൊല്ലി**

22-8-2014 ന് ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് വരവു ചെലവു കണക്കുകളും റിപ്പോർട്ടും അവതരിപ്പിച്ചു. ആഗസ്റ്റ് 15 ന് അമ്മമാരുടെ ദിനമായി ആഘോഷിക്കുകയും കാഴ്ച സമർപ്പണം നടത്തുകയും ചെയ്തു. ആഗസ്റ്റ് 27 ന് വി. മോനിക്കാ പുണ്യവതിയുടെ തിരുനാൾ ആഘോഷിച്ചു.

**ആറാട്ടുതറ**

6-9-2014 ശനിയാഴ്ച സംഘടനയുടെ നേതൃത്വത്തിൽ ഓണാഘോഷം നടത്തി.

**മുണ്ടേരി**

ഓഗസ്റ്റ് 2-ന് തലഞ്ഞി ഇടവകയിൽ വച്ച് നടത്തിയ മേഖലാ മീറ്റിംഗിലും ക്ലാസ്സിലും അംഗങ്ങൾ പങ്കെടുത്തു. 10-ാം തീയതി ശാഖയിൽ അമ്മമാരുടെ മീറ്റിംഗും ബൈബിൾ ക്വിസ്സും നടത്തി. 17-ാം തീയതി യൂണിറ്റിൽ മാതാപിതാക്കൾക്കായി അർദ്ധദിന സെമിനാർ നടത്തി.

**കരിമാനി**

2-ാം വെള്ളിയാഴ്ച മാതൃസംഘാംഗങ്ങൾ മദ്യപാനികൾക്കു വേണ്ടി മദ്ധ്യസ്ഥ പ്രാർത്ഥനയും ആരാധനയും നടത്തി. 10-8-2014 ന് രൂപതാ ഡയറക്ടർ ബഹു. ഫാ. മാത്യു പെരിയപ്പുറം അമ്മമാർക്കായി സെമിനാർ നയിക്കുകയും ദിവ്യബലിയർപ്പിക്കുകയും ചെയ്തു 53 അമ്മമാർ ക്ലാസിൽ പങ്കെടുത്തു. ലഹരിക്ക് അടിമപ്പെട്ട വ്യക്തികൾക്കു വേണ്ടി അമ്മമാർ ഒരു കൊന്ത ചൊല്ലി പ്രാർത്ഥിക്കുന്നു.

**പുതിയിടംകുന്ന്**

ക്രൈസ്തവ പാരമ്പര്യം കുടുംബങ്ങളിൽ എന്ന വിഷയത്തെ ആസ്പദമാക്കി ഇടവകയിൽ നടത്തിയ സെമിനാറിൽ 82 അമ്മമാർ പങ്കെടുത്തു. ലഹരി വിമുക്ത വർഷാചരണത്തോടനുബന്ധിച്ച് ആരാധനയും ജപമാലയും നടത്തി. 4-9-2014 ന് സമരിറ്റൻ ഭവൻ ശുശ്രൂഷയുടെ ഭാഗമായി പൊതുശുചീകരണം നടത്തി. തണൽ വൃദ്ധ സദനം സന്ദർശിക്കുന്നതിനും യൂണിറ്റുകളിൽനിന്നും വസ്ത്രങ്ങൾ ശേഖരിച്ച് നൽകുന്നതിനും തീരുമാനിച്ചു.

**ചുങ്കക്കുന്ന്**

ഓഗസ്റ്റ് മാസത്തിൽ ലഹരിവിമുക്ത വർഷത്തിന്റെ വിജയത്തിനും സെപ്തംബർ മാസത്തിൽ നടക്കുന്ന മേഖല മീറ്റിംഗിന്റെ വിജയത്തിനുവേണ്ടിയും രണ്ട് വെള്ളിയാഴ്ചകളിൽ അമ്മമാരുടെ നേതൃത്വത്തിൽ 3 മണി മുതൽ ആരാധന നടത്തി. 29-8-2014 ന് ഇടവകയിൽ 45 വാർഡുകളിലും വാർഡ് പ്രതിനിധികളും പാരീഷ് കൗൺസിൽ വനിതാ മെമ്പറും ചേർന്ന് ഭവനസന്ദർശനം നടത്തി. സെപ്തംബർ 2 മുതൽ നടത്തുന്ന മാതൃസംഘത്തിന്റെ മേഖല മീറ്റിംഗിലേക്കും അമ്മമാരുടെ ഈ കൂട്ടായ്മകളിൽ എടുക്കുന്ന ക്ലാസ്സിൽ പങ്കെടുക്കുവാനും എല്ലാവരെയും ക്ഷണിച്ചു. അതോടൊപ്പം ഓരോ വാർഡിലേയും കിടപ്പു രോഗികൾ, യുവജനങ്ങൾ, മിഷൻലീഗിന്റെ ഫണ്ട് ശേഖരണാർത്ഥം നക്ഷത്രം വാങ്ങുന്നവരുടെ ലിസ്റ്റും ക്രമീകരിച്ചു. ലോഗോസ് 2014 ന് ഒരുക്കമായി ഓഗസ്റ്റ് 17, 31 തീയതികളിൽ അമ്മമാർക്ക് പരീക്ഷ നടത്തി.

**കൽപ്ര**

മാതൃസംഘടനയുടെ നേതൃത്വത്തിൽ മെഴുകുതിരി നിർമ്മാണ പരിശീലനം ആരംഭിച്ചു. വീടുകളിൽ അടുക്കളത്തോട്ടം നിർമ്മിക്കാൻ വിത്തുകൾ വിതരണം ചെയ്തു. മാതൃസംഘത്തിന്റെ ഭാഗമായിട്ടുള്ള സ്വാശ്രയസംഘം, തയ്യൽ പരിശീലനം എന്നിവ ഭംഗിയായി നടന്നു വരുന്നു.

**കുറുമണി**

ലഹരി വിമുക്ത വർഷത്തിൽ അമ്മമാരുടെ പങ്കിനെക്കുറിച്ച് ചർച്ച ചെയ്തു. എല്ലാ തിങ്കളാഴ്ച ദിവസങ്ങളിലും വൈകുന്നേരം 7 മുതൽ 8 വരെ ഒരു മണിക്കൂർ ആരാധന നടത്തി വരുന്നു. ഇടവകയിലെ ഓരോ വാർഡിലെയും ഭവനങ്ങൾ സന്ദർശിച്ച് വൈകുന്നേരം വാർഡിലെ ഒരു

ഭവനത്തിൽ അമ്മമാരും മുതിർന്ന പെൺകുട്ടികളും ഒരുമിച്ചുകൂടി ജപമാല നടത്തി. ലഹരി വിമുക്ത വർഷത്തിലേക്കുവേണ്ടി അമ്മമാരുടെ പ്രാർത്ഥനാ വാഗ്ദാനങ്ങൾ ശേഖരിച്ചു. അടുത്ത മാർച്ചു മാസത്തിനു മുമ്പായി 2623 വി. കുർബാന, 7710 ജപമാല, 1010 ഉപവാസം, 6594 കരുണക്കൊന്ത 1459 കുരിശിന്റെവഴി എന്നിവ നടത്തി പ്രാർത്ഥിക്കാൻ എല്ലാ അമ്മമാരും കൂടി തീരുമാനിച്ചു. ഇടവകയിലെ ഒരു സാധു പെൺകുട്ടിയുടെ വിവാഹത്തിന് ധനസഹായം നൽകി. അംഗത്വം ഇല്ലാത്ത എല്ലാ അമ്മമാരുടെയും ലിസ്റ്റ് ശേഖരിച്ച് അവർക്ക് അംഗത്വം നൽകാൻ തീരുമാനിച്ചു. ഇടവകയിലെ എല്ലാ കുടുംബങ്ങളിലും പച്ചക്കറികൃഷി മത്സരം നടത്താനും 7 ഇനത്തിൽ കൂടുതലുള്ള പച്ചക്കറിത്തോട്ടങ്ങൾക്കും, വാർഡടിസ്ഥാനത്തിൽ ഏറ്റവും നല്ല തോട്ടത്തിന് സമ്മാനം നൽകാനും തീരുമാനിച്ച് എല്ലാ വാർഡിലെയും മീറ്റിംങ്ങുകളിൽ അതിനുള്ള നിർദ്ദേശങ്ങൾ നൽകി.

### പുതുശ്ശേരിക്കടവ്

2014 ജൂലൈ 19 -ാം തീയതി ചെന്നലോട് പള്ളിയിൽവച്ച് നടത്തിയ നേതൃത്വ പരിശീലനത്തിൽ ശാഖയിൽനിന്നും 4 പേർ പങ്കെടുത്തു. ആഗസ്റ്റ് 29 ന് ലഹരി വിമുക്ത വർഷത്തിൽ അമ്മമാരുടെ പങ്കിനെക്കുറിച്ച് സി. റോസിലറ്റ് സി.എം.സി. നയിച്ച സെമിനാറിൽ അമ്മമാർ പങ്കെടുത്തു. ഇടവക ആനിമേറ്റർ സി. ജാൻസി മരിയ സി.എം.സി. സെമിനാറിന് നേതൃത്വം നൽകി.

### കുറുമ്പാല

ഓഗസ്റ്റ് 15 ന് മാതൃസംഘാംഗങ്ങളുടെ നേതൃത്വത്തിൽ കാഴ്ച സമർപ്പണം എന്നിവ നടത്തി കാഴ്ച സമർപ്പണത്തിലൂടെ ലഭിച്ച സ്റ്റേഷനറി സാധനങ്ങൾ കാരയ്ക്കാമല ബാലഭവനിലെ കൊച്ചുമക്കൾക്ക് നൽകി. ഇടവകയിൽ രോഗീസന്ദർശനം നടത്തി സാമ്പത്തിക സഹായങ്ങൾ നൽകി.

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

### സോണൽ മീറ്റിംഗ്

"ദാവീദു ഭവനത്തിന്റെ താക്കോൽ അവന്റെ തോളിൽ ഞാൻ വച്ചു കൊടുക്കും. അവൻ തുറന്നാൽ ആരും അടയ്ക്കുകയോ അവൻ അടച്ചാൽ ആരും തുറക്കുകയോ ഇല്ല" (ഏശയ്യ 22:22)

സെപ്റ്റംബർ ആദ്യവെള്ളി സീയോൻ ശുശ്രൂഷകർ സോണൽ മീറ്റിംഗിനായി ഒരുമിച്ചുകൂടി. 10 മണിക്ക് കുരിശിന്റെ വഴി, ആരാധന എന്നിവയ്ക്കുശേഷം 12 ന് ബഹു. സോണി വാഴകാട്ട് അച്ചൻ വി.ബലിയർപ്പിച്ച് വചനസന്ദേശം നൽകി. നാമോരോരുത്തരും ഗുരുവിന്റെ മഹത്വത്തിന്റെ വലിപ്പം മനസ്സിലാക്കണം. ഗുരുവിന്റെ ഉള്ളിൽ ദൈവവമുള്ളതുകൊണ്ടാണ് ജ്ഞാനം പങ്കുവയ്ക്കുന്നത്. അധ്യാപകരെ ആദരിച്ച് സംസാരിച്ചു. ശുശ്രൂഷകന്റെ യോഗ്യതയെക്കുറിച്ചും അച്ചൻ സംസാരിച്ചു. കുരിശിന്റെ സഹനത്തിൽ പങ്കുപറ്റുന്നവർ ഉയർത്തപ്പെടും. എളിമയോടെ ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവകൃപയാലാണ് എന്ന വചനം ഓരോ ശുശ്രൂഷകനും ജീവിക്കണമെന്ന് ഉദ്ബോധിപ്പിച്ചു. "അഹങ്കാരം മാലാഖയെ പിശാചാക്കുന്നു. എളിമ മനുഷ്യനെ മാലാഖയാക്കും" എന്ന വി. അഗസ്റ്റിന്റെ വാക്കുകൾ അച്ചൻ അനുസ്മരിച്ചു. 1.30 ന് ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചന്റെ നേതൃത്വത്തിൽ ടീം മീറ്റിംഗ് നടത്തി. പുതിയ അഭിഷേകത്തിനായി, പുതിയ കൃപകൾ ജ്വലിക്കുന്നതിനായി ടീം ഒരുമിച്ചു പ്രാർത്ഥിച്ചു. വൈദികർ എല്ലാ ശുശ്രൂഷകരെയും ശിരസ്സിൽ കൈകൾവച്ച് അനുഗ്രഹിച്ച് പ്രാർത്ഥിച്ചു. പ്രഭാ. 31/10 നെ ആസ്പദമാക്കി ബഹു. അഗസ്റ്റിനച്ചൻ സംസാരിച്ചു. 3 മണിക്ക് മീറ്റിംഗ് അവസാനിച്ചു. ഒരുക്കശുശ്രൂഷകൾ നടത്തി.

### ജാഗരണ പ്രാർത്ഥന

"എന്റെ കണ്ണുകൾ സദാ കർത്താവിങ്കലേക്ക് തിരിഞ്ഞിരിക്കുന്നു. അവിടുന്ന് എന്റെ പാദങ്ങളെ വലയിൽ നിന്നു വിടുവിക്കും" (സങ്കീ. 25/15).

സീയോനിലെ ജാഗരണപ്രാർത്ഥന 6.30 ന് ജപമാലയോടുകൂടി ആരംഭിച്ചു. 7 മണിക്ക് ബഹു. അഗസ്റ്റിനച്ചൻ വി.ബലിയർപ്പിച്ച് വചന സന്ദേശം നൽകി. ഭക്ഷണശേഷം 12 മണിവരെ കുരിശിന്റെ വഴി, ആരാധന എന്നിവ ബഹു. അഗസ്റ്റിനച്ചനും സീയോൻ ടീമും ചേർന്ന് നടത്തി. 12 ന് വിശ്രമത്തിനായി പോയി.

**ആദ്യശനി–ഏകദിന കൺവെൻഷൻ**

"ഉണരുമ്പോൾ ഞാൻ അങ്ങയുടെകൂടെ ആയിരിക്കും" (സങ്കീ. 139/18)

പ്രഭാതത്തിൽ 6 മണിക്ക് ജപമാലപ്രദിക്ഷണം, വെഞ്ചരിപ്പ്, ഒരുക്കശുശ്രൂഷ എന്നിവ ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചന്റെ നേതൃത്വത്തിൽ നടന്നു. പ്രഭാതഭക്ഷണശേഷം ശുശ്രൂഷകർ ശുശ്രൂഷകൾ ആരംഭിച്ചു. 9 മണിക്ക് സപ്ര, ജപമാല എന്നിവ നടത്തി. തുടർന്ന് സ്തുതി ആരാധന ശ്രീ. ജോസ് മാളോലയുടെ നേതൃത്വത്തിൽ നടത്തി. സാക്ഷ്യ ശുശ്രൂഷയ്ക്കുശേഷം പനമരം OCD ആശ്രമത്തിലെ ബഹുമാനപ്പെട്ട തോമസ് കപ്പലുമാക്കൽ അച്ചൻ വചനശുശ്രൂഷ, വി.ബലി എന്നിവ നടത്തി. ഭക്ഷണശേഷം ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചന്റെ നേതൃത്വത്തിൽ ദിവ്യകാരുണ്യ ആരാധന, ദിവ്യകാരുണ്യ പ്രദിക്ഷണം എന്നിവ നടത്തി. 3 മണിക്ക് ശുശ്രൂഷകൾ അവസാനിച്ചു.

**രണ്ടാംശനി – ദമ്പതീകൂട്ടായ്മ**

"അവിടുന്ന് ആദത്തെ സൃഷ്ടിച്ചു. അവന് തുണയും താങ്ങുമായി ഹവ്വായെ ഭാര്യയായി നൽകി. അവരിൽ നിന്ന് മാനവവംശം ഉത്ഭവിച്ചു." (തോബി 8/6)

13–9–14 രണ്ടാംശനി ദമ്പതീകൂട്ടായ്മ 10 മണിക്ക് ജപമാലയോടുകൂടി ആരംഭിച്ചു. 10.30 ന് കുടുംബം എങ്ങനെ ദൈവാനുഗ്രഹപ്രദമാക്കാം എന്ന് ശ്രീ. സണ്ണി തന്റെ വചനശുശ്രൂഷയിലൂടെ പങ്കുവച്ചു. 12 മണിക്ക് ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചൻ വി.ബലിയർപ്പിച്ച് വചനം പങ്കുവച്ചു. ഭക്ഷണശേഷം ഗ്രൂപ്പുകളായിതിരിഞ്ഞ് പ്രാർത്ഥനാ ശുശ്രൂഷ നടത്തി. 2.30 ന് സി. ക്രിസ്റ്റിമരിയ SABS ആരാധന നയിച്ചു. 3.15 ഓടെ ശുശ്രൂഷകൾ അവസാനിച്ചു.

**രണ്ടാംശനി യുവജനകൂട്ടായ്മ**

"ദൈവം ഈ നാലു യുവാക്കൾക്ക് എല്ലാവിദ്യകളിലും, വിജ്ഞാനത്തിലും, അറിവും, സാമർത്ഥ്യവും നൽകി (ദാനി 1/17). സെപ്റ്റംബർ 8 മുതൽ 12 വരെ ജീസസ് യൂത്ത് ലീഡേഴ്സിനുവേണ്ടി ധ്യാനം നടത്തി. ധ്യാനടീം ട്രെയിനിംഗ് എന്നിവയിൽ ധാരാളം യുവജനങ്ങൾ പങ്കെടുത്തു. അതിനുശേഷം രണ്ടാംവെള്ളി ലീഡേഴ്സ് ജാഗരണ പ്രാർത്ഥന നടത്തി

ഒരുങ്ങി. ലീഡേഴ്സ് ട്രെയിനിംഗിന് കോഴിക്കോട് സോണിലെ ജീസസ് യൂത്ത് കോ-ഓർഡിനേറ്റർ നേതൃത്വം നൽകി. രണ്ടാം ശനിയാഴ്ച ശുശ്രൂഷകൾ 9 മണിക്ക് ആരംഭിച്ചു. വചനശുശ്രൂഷ, വി. കുർബാന എന്നിവ ബഹു. സോണി വാഴകാട്ട് അച്ചൻ നടത്തി. ഭക്ഷണശേഷം ആക്ഷൻ സോങ് ആരാധന എന്നിവ നടത്തി. 3.30 ന് ശുശ്രൂഷകൾ അവസാനിച്ചു.

**പൊതു കൗൺസിലിംഗ് ദിനം**

രണ്ടാംവെള്ളി 12-9-14 ന് സീയോനിലെ കൗൺസിലേഴ്സ് പ്രാർത്ഥിച്ചൊരുങ്ങി 13-ാം തീയതി കൗൺസിലിംഗ് ശുശ്രൂഷ നടത്തി. ധാരാളം ദൈവജനങ്ങൾ കടന്നുവന്നു.

**ജാഗരണ പ്രാർത്ഥന - മൂന്നാംവെള്ളി**

"ഞാൻ വന്ന് നിങ്ങളുടെ ഇടയിൽ വസിക്കും കർത്താവ് അരുളി ചെയ്യുന്നു" (സഖ. 2/10)

19-9-14 ന് ജാഗരണ പ്രാർത്ഥന വൈകുന്നേരം 7 മണിമുതൽ രാവിലെ 5 മണിവരെ സീയോൻ ചാപ്പലിൽ നടന്നു. ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചന്റെ നേതൃത്വത്തിലാണ് ശുശ്രൂഷകൾ നടന്നത്. അനേകം ദൈവമക്കൾ കടന്നുവന്നു.

**സീയോൻ ഒക്ടോബർ മാസത്തിൽ**

| | | |
|---|---|---|
| ഒക്ടോബർ 3 ആദ്യവെള്ളി | - | സോണൽമീറ്റിംഗ്, ജാഗരണ പ്രാർത്ഥന |
| ഒക്ടോബർ 4 ആദ്യശനി | - | ഏകദിന കൺവെൻഷൻ |
| ഒക്ടോബർ 11 രണ്ടാംശനി | - | ദമ്പതീകൂട്ടായ്മ, യുവജനകൂട്ടായ്മ, പൊതുകൗൺസിലിംഗ് ദിനം |
| ഒക്ടോബർ 17 മൂന്നാംവെള്ളി | - | ജാഗരണ പ്രാർത്ഥന |
| ഒക്ടോബർ 25 നാലാം ശനി | - | സൗഖ്യദിനം |
| ഒക്ടോബർ 1-5 | - | യുവജനധ്യാനം |
| ഒക്ടോബർ 19-23 | - | ആന്തരികസൗഖ്യധ്യാനം |

**ഫാ. അഗസ്റ്റിൻ താന്നിയിൽ**
ഡയറക്ടർ, സീയോൻ സി.ആർ.സി.

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

കർത്താവിൽ സ്നേഹമുള്ള വിൻസെൻഷ്യൻ സഹോദരീ സഹോദരങ്ങളേ,

"കർത്താവിൽ എന്നേക്കും ആശ്രയിക്കുവിൻ;
ദൈവമായ കർത്താവ് ശാശ്വതമായ അഭയശിലയാണ്."

ഒക്ടോബർമാസം പരിശുദ്ധിയുടേയും സഹനത്തിന്റേയും ജീവിത വഴികളിൽ, നമ്മെ പരസ്നേഹപ്രവർത്തനങ്ങളിൽ ഉണർവ്വോടും, പ്രത്യാശയോടുംകൂടി ശക്തമായി മുന്നേറുവാൻ സഹായിക്കുന്ന ഏറ്റവും മഹത്തരമായ പ്രാർത്ഥനയായ "ജപമാല" ഭക്തിയുടെ മാസമാണല്ലോ. പരിശുദ്ധ ദൈവമാതാവിന്റെ അനുഗ്രഹം അപേക്ഷിച്ചുകൊണ്ട് ജപമാലമാസം ഭക്തിപൂർവ്വം ആചരിക്കുവാനും നാം ബന്ധപ്പെടുന്നവരിൽ മരിയൻ ഭക്തി ഉണർത്തുവാനും പരിശ്രമിച്ചുകൊണ്ട്, ഇടവക ദേവാലയങ്ങളിലെ പത്ത് ദിവസത്തെ ജപമാല പ്രാർത്ഥനകളിൽ സംഘ്യാംഗങ്ങൾ എല്ലാവരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഭവനസന്ദർശനങ്ങൾ, രോഗീസന്ദർശനങ്ങൾ, സ്നേഹത്തിന്റേയും, പ്രത്യാശയുടേയും സന്തോഷത്തിന്റേയും പ്രകാശം പരത്തുന്നതാക്കുവാൻ നമ്മുടെ സംഘടനയുടെ സ്വർഗ്ഗീയമദ്ധ്യസ്ഥനായ വിശുദ്ധ വിൻസെന്റ് ഡി പോളിന്റേയും സംഘടനയുടെ സ്ഥാപകനായ വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാമിന്റേയും മാദ്ധ്യസ്ഥം നമുക്കപേക്ഷിക്കാം.

**AGM യോഗം**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ഇന്ത്യൻ നാഷണൽ കൗൺസിലിന്റെ വാർഷിക ജനറൽബോഡി മീറ്റിംഗ് 2014 സെപ്തംബർ 13, 14 തീയതികളിൽ ഗോവയിൽവെച്ച് നടന്നു. പ്രസ്തുത യോഗത്തിൽ മാനന്തവാടി സെൻട്രൽ കൗൺസിലിനെ പ്രതിനിധീകരിച്ച് സിസി പ്രസിഡണ്ട് ബ്രദർ തോമസ് മാങ്ങൻ പങ്കെടുത്തു.

**സിസി യോഗം**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ സ്വർഗീയ മദ്ധ്യസ്ഥനായ വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ തിരുനാൾ ദിനമായ സെപ്തംബർ 27-ാം തീയതി ഓസാനാം ഭവനിൽ വെച്ച് സിസി പ്രസി

ഡണ്ട് ബ്രദ. തോമസ് മാങ്ങന്റെ അധ്യക്ഷതയിൽ സിസി ആത്മീയോപദേഷ്ടാവ് ബഹു. റവ.ഫാ. വർഗീസ് മുളകുടിയാങ്കൽ അച്ചന്റെ സാന്നിദ്ധ്യത്തിൽ ചേരുകയുണ്ടായി. ഓസാനാംഭവനിൽ വെച്ച് ദിവ്യബലിക്കുശേഷം ചേർന്ന യോഗത്തിൽ സംഘടനയുടെ സ്ഥാപകനായ വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാമിന്റേയും സംഘടനയുടെ സ്വർഗ്ഗീയമദ്ധ്യസ്ഥനായ വിശുദ്ധ വിൻസെന്റ് ഡി പോളിന്റെയും തിരുനാൾ മംഗളങ്ങൾ എല്ലാ പ്രവർത്തകർക്കും കുടുംബാംഗങ്ങൾക്കും ആശംസിച്ചു.

**സിസി ഭാരവാഹികളുടെ കോൺഫറൻസ് സന്ദർശനം**

സിസി ഭാരവാഹികളുടെ കോൺഫറൻസ് സന്ദർശനം മുൻകൂട്ടി 2014 ജൂലൈ മാസത്തിൽ അറിയിച്ചിരുന്നപോലെ നടത്തിവരുന്നു. ഗൂഡല്ലൂർ ഏസി, പാടിച്ചിറ ഏസികളുടെ കോൺഫറൻസ് സന്ദർശനം പിന്നീട് അറിയിക്കുന്നതായിരിക്കും. സന്ദർശനം നടത്താൻ പറ്റാത്ത ഏസിയിലെ കോൺഫറൻസുകളുടെ സന്ദർശനം ഒക്ടോബർ മാസത്തിൽ നടത്തുന്നതായിരിക്കും.

**സ്കോളർഷിപ്പ് വിതരണം**

വിദ്യാജ്യോതി (സ്പെഷൽ) സ്കോളർഷിപ്പ് രണ്ടാം തവണ താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തു.

| | |
|---|---|
| a. അഞ്ജു എളമ്പിലക്കാട്ടിൽ | സെന്റ് ജോസഫ് തെനേരി |
| b. ജീവൻ തോമസ് | ഇൻഫന്റ് ജീസസ് കബനിഗിരി |
| c. ഗ്ലോറിയ ആന്റണി | ഇൻഫന്റ് ജീസസ് കബനിഗിരി |
| d. നൈസി യു. എൽ | സെന്റ് മേരീസ് കല്പറ്റ |
| e. അനിറ്റ സനിൽ | സെന്റ് തോമസ് ദീപ്തിഗിരി |
| f. ലിജിൻ സോജൻ | സെന്റ് അൽഫോൻസ് ദീപ്തിഗിരി |
| g. അജിത് പ്രകാശ് | സെന്റ് മരിയ ഗൊരേത്തി കല്ലോടി |
| h. ആൽബിൻ പൗലോസ് | സെന്റ് ജോസഫ് ബാലേശുഗിരി |
| i. ആൽബിൻ സജി | സെന്റ് ഫ്രാൻസീസ്അസീസി മീനങ്ങാടി |
| j. അഞ്ജലി ജെയിംസ് | സെന്റ് തെരേസ തരിയോട് |
| k. നിർമ്മൽ ജോസ് | സെന്റ് ജോർജ് കോട്ടത്തറ |
| l. സ്നേഹ ദേവസ്യ | സെന്റ് തോമസ് ചെന്ദലോട് |
| m. ഡിൽന വർക്കി | സെന്റ് അൽഫോൻസ കാവുംമന്ദം |
| n. അഞ്ജലി ക്രിസ്റ്റിജോസ് | സെന്റ് മേരീസ് യവനാർകുളം |
| o. അനിത ജോസഫ് | സെന്റ് മേരീസ് യവനാർകുളം |
| p. ടീന ജോർജ് | സെന്റ് മേരീസ് തോണിച്ചാൽ |
| q. നീനു ജെയിംസ് | ലിറ്റിൽഫ്ളവർ ചെറുകാട്ടൂർ |
| r. ദിവ്യ പീറ്റർ | സെന്റ് തെരേസ്സ കൊമ്മയാട് |
| s. സാന്ദ്ര വി.ബി. | സെന്റ് അൽഫോൻസ ദ്വാരക |

സ്കോളർഷിപ്പ് എത്രയും പെട്ടെന്ന് വിതരണം ചെയ്ത് കബ്ലീഷൻ റിപ്പോർട്ട് നൽകിയിട്ടില്ലാത്ത കോൺഫറൻസുകൾ ഏസി മുഖേന സിസിയിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ടിിന്നിംഗ് ഗ്രാന്റ്**

2014 സെപ്തംബർ മാസത്തിൽ ഇംഗ്ലണ്ട് ടിിന്നിംഗ് വിതരണം ചെയ്തു. ടിിന്നിംഗ് ഗ്രാന്റ് ലഭിച്ച കോൺഫറൻസുകൾ താങ്കളുടെ വിദേശ കോൺഫറൻസുമായി കത്തിടപാടുകൾ നടത്തണമെന്നും നമ്മുടെ കോൺഫറൻസുകളുടെ പ്രവർത്തനങ്ങളും ഇപ്പോഴത്തെ സ്ഥിതിഗതികൾ വിദേശ കോൺഫറൻസുകളെ അറിയിക്കണമെന്നും താല്പര്യപ്പെടുന്നു. കത്തുകളുടെ കോപ്പി ഏസി മുഖേന സിസിയിൽ എത്തിക്കേണ്ടതാണ്.

**പ്രൊജക്ട്**

താഴെപറയുന്ന കോൺഫറൻസുകൾക്ക് പ്രൊജക്ട് ഗ്രാന്റ് വിതരണം ചെയ്തു.

1. ഇൻഫന്റ് ജീസസ് കബനിഗിരി, ആടുവളർത്തൽ, പാടിച്ചിറ ഏസി
2. മേരിമാതാ ശശിമല, ആടുവളർത്തൽ, പാടിച്ചിറ ഏസി

ഏസി പ്രസിഡണ്ട് പ്രത്യേക താല്പര്യമെടുത്ത് സിസി ഭാരവാഹികളുടെയും ആത്മീയോപദേഷ്ടാവിന്റേയും സാന്നിദ്ധ്യത്തിൽ പ്രൊജക്ട് നടപ്പിലാക്കി കബ്ലീഷൻ റിപ്പോർട്ട് സിസിയിൽ എത്തിക്കേണ്ടതാണ്.

**സെമിനാർ**

സംഘടനയുടെ സ്ഥാപകനായ വാഴ്ത്തപ്പെട്ട ഫ്രഡറിക് ഓസാനാമിന്റെ തിരുനാൾദിനത്തിൽ 2014 സെപ്തംബർ 9-ാം തീയതി കൊട്ടിയൂർ ഏസി ഏകദിന സെമിനാർ നടത്തുകയുണ്ടായി. ബ്രദർ തോമസ് മണിച്ചിറയുടെ പ്രാരംഭ പ്രാർത്ഥനയോടെ ആരംഭിച്ച സെമിനാർ യോഗത്തിൽ ബ്രദർ ജോസ്കുട്ടി ചാത്തമല, ഏസി പ്രസിഡണ്ട് സ്വാഗതം ആശംസിച്ചു. ഏസി ആത്മീയോപദേഷ്ടാവ് ബഹു. റവ. ഫാ. ഡെന്നീസ് പൂവ്വത്തിങ്കൽ അദ്ധ്യക്ഷ പ്രസംഗം നടത്തി. ചുങ്കക്കുന്ന് ഫൊറോന വികാരി ബഹു. റവ.ഫാ. തോമസ് മണക്കുന്നേൽ സെമിനാർ ഉൽഘാടനം ചെയ്തു. ബ്രദർ ഷാജി ചന്ദനപറമ്പിൽ, റിസോഴ്സ് പേഴ്സൺ, മാനന്തവാടി സിസി, ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ, ജനറൽ സെക്രട്ടറി, മാനന്തവാടി സിസി എന്നിവർ ഹൃദയസ്പർശിയായ ക്ലാസുകളെടുത്തു. ബ്രദർ തോമസ് മാങ്ങൻ, പ്രസിഡണ്ട്, മാനന്തവാടി സിസി, ബ്രദർ ജിൽസ് എം മേക്കൽ, വൈസ് പ്രസിഡണ്ട് മാനന്തവാടി സിസി എന്നിവർ ആശംസകൾ അർപ്പിച്ചു. സെപ്തംബർ 28-ാം തീയതി

കല്പറ്റ ഏസിയുടെ കീഴിലുള്ള സെന്റ് ക്ലാരറ്റ് ചാരിറ്റി, വൈത്തിരി ഏകദിന സെമിനാർ നടത്തുകയുണ്ടായി.

2014 ഡിസംബർ മാസത്തിൽ വാഴവറ്റ ഏസിയുടെ കീഴിൽ ഏകദിന സെമിനാർ നടത്താൻ തീരുമാനിച്ചിരിക്കുന്നു. മറ്റ് ഏസികളും ഇതുപോലുള്ള സെമിനാറുകൾ നടത്തുവാൻ മുൻകൈ എടുത്ത് ക്രമീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

**ഡയറി 2015**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ 2015 വർഷത്തെ ഡയറിയിൽ കൊടുക്കുവാൻ കോൺഫറൻസ് പ്രസി ഡണ്ട്മാരുടേയും ആത്മീയോപദേഷ്ടാക്കളുടേയും പേരുകൾ ഫോൺ നമ്പർ സഹിതം 2014 ഒക്ടോബർ 15 ന് മുമ്പായി സിസിയിൽ എത്തി ക്കേണ്ടതാണ് എന്ന് ഒരിക്കൽകൂടി ഓർമ്മിപ്പിക്കുന്നു. ആവശ്യമായ ഡയ റികളുടെ എണ്ണവും അറിയിക്കേണ്ടതാണ്.

**ഓസാനാംഭവൻ സന്ദർശനം**

**മാനന്തവാടി ഏസി**

| | | |
|---|---|---|
| 17-10-2014 | മൗണ്ട് കാർമ്മൽ | തലപ്പുഴ |
| 19-10-2014 | സെന്റ് മേരീസ് | ആലാറ്റിൽ |
| 21-10-2014 | സെന്റ് സെബാസ്റ്റ്യൻ | കാട്ടിമൂല |

**നടവയൽ ഏസി**

| | | |
|---|---|---|
| 23-10-2014 | സെന്റ് മേരീസ് | വാളവയൽ |
| 25-10-2014 | സെന്റ് അൽഫോൻസ | നെയ്ക്കുപ്പ |
| 27-10-2014 | സെന്റ് സെബാസ്റ്റ്യൻ | കേണിച്ചിറ |
| 29-10-2014 | സെന്റ് മേരീസ് | നടവയൽ |
| 31-10-2014 | സെന്റ് മേരീസ് | കേണിച്ചിറ |
| 02-11-2014 | ഇൻഫന്റ് ജീസസ് | നടവയൽ |
| 04-11-2014 | സെന്റ് ജോസഫ് | നെയ്ക്കുപ്പ |
| 06-11-2014 | സെന്റ് മേരീസ് | കല്ലുവയൽ |
| 08-11-2014 | സെന്റ് ജൂഡ് | പനമരം |
| 10-11-2014 | സെന്റ് അൽഫോൻസ | കല്ലുവയൽ |

**പാടിച്ചിറ ഏസി**

| | | |
|---|---|---|
| 12-11-2014 | ഇൻഫന്റ് ജീസസ് | കബിനിഗിരി |
| 14-11-2014 | മേരിമാത | ശശിമല |

ഒരിക്കൽകൂടി എല്ലാ വിൻസെൻഷ്യൻ പ്രവർത്തകർക്കും കുടും ബാംഗങ്ങൾക്കും ആശംസകൾ നേർന്നുകൊണ്ട് പ്രാർത്ഥനയോടെ

**ബ്രദർ എം. സി. തോമസ് മാങ്ങൻ** - സി.സി. പ്രസിഡണ്ട്

# സാമൂഹ്യ സേവനരംഗം (WSSS)

## WSSS വാർഷിക പൊതുയോഗം

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ വാർഷിക പൊതുയോഗം 2014 ഓഗസ്റ്റ് 12-ാം തീയതി രാവിലെ 10 മണിമുതൽ WSSS ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു. മാനന്തവാടി രൂപതാ അധ്യക്ഷൻ മാർ ജോസ് പൊരുന്നേടം അധ്യക്ഷത വഹിച്ചു. മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ WSSS ന്റെ പ്രവർത്തനങ്ങളെ വിലയിരുത്തി സംസാരിച്ചു. WSSS ഡയറക്ടർ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ റിപ്പോർട്ട്, കണക്ക് എന്നിവ അവതരിപ്പിച്ചു. റവ.ഫാ. ജോർജ് മൈലാടൂർ, റവ. ഫാ. ഡോ. തോമസ് ജോസഫ് തേരകം, സി. ഇന്നസെന്റ്, ബാലൻ മാസ്റ്റർ പുതൂർ, സെബാസ്റ്റ്യൻ പാലംപറമ്പിൽ എന്നിവർ സംസാരിച്ചു. WSSS ജോയിന്റ് ഡയറക്ടർ റവ.ഫാ. ബിജോ കറുകപ്പള്ളിൽ നന്ദി പറഞ്ഞു.

## ബയോവിൻ ഉദ്ഘാടനം

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി 40-ാം വർഷത്തിൽ വയനാട്ടിലെ കർഷകർക്കായി ബയോവിൻ എന്ന സ്വപ്നപദ്ധതി സമർപ്പിക്കുന്നു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആരംഭം മുതൽ കർഷകർക്കും, കൃഷിക്കും വർദ്ധിച്ച പ്രാധാന്യം നൽകി കൊണ്ട് വിവിധങ്ങളായ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വന്നിരുന്നു. കഴിഞ്ഞ 10 വർഷത്തിലധികമായി ജൈവകൃഷി പ്രോത്സാഹനത്തിൽ രാജ്യത്തിനു തന്നെ മാതൃകയാകുവാൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് സധിച്ചു. ജൈവകർഷകരുടെ പ്രധാന ഉത്പ്പന്നങ്ങളായ കുരുമുളക്, കാപ്പി, പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ സംസ്ക്കരിക്കുന്നതിന് അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഒരു കാർഷിക സംസ്കരണ കേന്ദ്രം ഉത്ഘാടനത്തിനായി തയ്യാറായിരിക്കുന്നു. ബയോവിൻ അഗ്രോറിസേർച്ച് എന്ന പേരിൽ ആരംഭിക്കുന്ന പുതിയ കേന്ദ്രത്തിന്റെ ഉത്ഘാടനം മാനന്തവാടി രൂപതാദ്ധ്യ

ക്ഷൻ മാർ. ജോസ് പൊരുന്നേടത്തിന്റെ അധ്യക്ഷതയിൽ സംസ്ഥാന വ്യവസായ വകുപ്പ് മന്ത്രി ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി 2014 ഒക്ടോബർ 10-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് നിർവ്വഹിക്കുന്നതാണ്. ബഹു. കൃഷിവകുപ്പ് മന്ത്രി ശ്രീ. കെ.പി. മോഹനൻ, ബഹു. പട്ടികവർഗ്ഗ യുവജനക്ഷേമ വകുപ്പുമന്ത്രി കുമാരി പി.കെ. ജയലക്ഷ്മി, എം.പി. ശ്രീ. ഷാനവാസ്, നബാർഡ് ചീഫ് ജനറൽ മാനേജർ തുടങ്ങി പ്രമുഖ വ്യക്തികൾ ഉത്ഘാടന കർമ്മത്തിൽ പങ്കെടുക്കുന്നതാണ്.

## ജൈവ സാക്ഷ്യപത്ര ലഭ്യതാ പദ്ധതി

ജൈവ സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയുടെ ഭാഗമായി ജൂലൈ മാസത്തിൽ മാനന്തവാടി, പടിഞ്ഞാറത്തറ, സുൽത്താൻ ബത്തേരി എന്നിവിടങ്ങളിലായി 18 ICS (Internal Control System) തലത്തിൽ വില്ലേജ് ഫാം ക്ലബ് ലീഡേഴ്സിനായി ക്ലാസുകൾ സംഘടിപ്പിച്ചു. 390 ഫാം ക്ലബുകളുടെയും പ്രതിനിധികൾ പങ്കെടുത്തു. WOFFA പ്രൊഡ്യൂസർ ക്ലബ്, ഉത്പന്നങ്ങളുടെ സംസ്കാരണവും മൂല്യവർദ്ധനവും, കർഷക ഗ്രൂപ്പുകളുടെ ആവശ്യകത എന്നിവയെപ്പറ്റി WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴ ക്ലാസുകൾ നൽകി. കർഷക സംഘടനയായ WOFFA യിലേക്കുള്ള തിരഞ്ഞെടുപ്പും നടത്തുകയുണ്ടായി.

പുതിയതായി 121 കർഷകർ ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയിൽ ഈ മാസം അംഗങ്ങളായി. കർഷകരുടെ ഉത്പന്നങ്ങൾക്ക് ജപ്പാനിൽ വിപണി കണ്ടെത്തുന്നതിനായി JAS (ജപ്പാൻ അഗ്രികൾചർ സ്റ്റാൻഡേർഡ്) സർട്ടിഫിക്കേഷനാവശ്യമായി ഡോക്യുമെന്റുകൾ സമർപ്പിച്ചു. അതോടൊപ്പംതന്നെ യൂറോപ്യൻ (EU) സർട്ടിഫിക്കറ്റ് പുതുക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ആരംഭിച്ചു.

## സമഗ്ര ആദിവാസി മോണിറ്ററിംഗ് നടത്തി

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന സമഗ്ര ആദിവാസി വികസന പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് നബാർഡ് കേരള റീജണൽ ഓഫീസിലെ ഉഷാകുമാരി, ജിക്സി എന്നിവർ മോണിറ്ററിംഗ് വിസിറ്റ് നടത്തി. ടീം വിവിധ കോളനികൾ സന്ദർശിക്കുകയും വില്ലേജ് പ്ലാനിംഗ് കമ്മിറ്റി യോഗത്തിൽ പങ്കെടുക്കുകയും ചെയ്തു. ടീം പദ്ധതി നടത്തിപ്പിൽ സംതൃപ്തി രേഖപ്പെടുത്തി.

## വില്ലേജ് പ്ലാനിംഗ് കമ്മിറ്റിയോഗം

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിൽ

നടപ്പിലാക്കി വരുന്ന സമഗ്ര ആദിവാസി വികസന പദ്ധതിയിലെ വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ആസൂത്രണം ചെയ്യുന്നതിനുമായി വില്ലേജ് പ്ലാനിംഗ് കമ്മിറ്റിയോഗം 2014 ഓഗസ്റ്റ് 22-ാം തീയതി ബോയ്സ് ടൗണിൽ വെച്ച് നടന്നു. ജോയിന്റ് ഡയറക്ടർ റവ.ഫാ. ബിജോ കറുകപ്പള്ളിൽ, ജനറൽ കോ-ഓഡിനേറ്റർ ജോസ് പി.എ. എന്നിവർ നേതൃത്വം നൽകി.

**ജനകീയ സംഘാടനം**

**SWS സെക്രട്ടറിമാരുടെ മീറ്റിംഗ്**

2014 ആഗസ്റ്റ് 13-ാം തീയതി WSSS ഓഫീസ് ഓഡിറ്റോറിയത്തിൽ വെച്ച് സോഷ്യൽ വെൽഫെയർ സൊസൈറ്റി സെക്രട്ടറിമാരുടെ മീറ്റിംഗ് നടത്തി. പ്രസ്തുത മീറ്റിംഗ് ജോയിന്റ് ഡയറക്ടർ ഫാ. ബിജോ കറുകപ്പിള്ളി ഉദ്ഘാടനം ചെയ്തു. സാമൂഹ്യവികസന രംഗങ്ങളിൽ സ്വാശ്രയ സംഘങ്ങളുടെ പ്രസക്തി എന്ന വിഷയത്തിൽ ഫാ. ഷൈജു ക്ലാസ് നൽകി. 40 അംഗങ്ങൾ മീറ്റിംഗിൽ പങ്കെടുത്തു.

**വികാസ് പീഡിയ**

വികാസ് പീഡിയ മലയാളം പോർട്ടൽ സെപ്റ്റംബർ 10-ാം തീയതി രൂപീകൃതമായി. വികാസ്പീഡിയ ഒരു ബഹുഭാഷ വിജ്ഞാന ശേഖരമാണ്. ഒരു പ്രദേശത്തിന്റെ സമഗ്രസാമൂഹിക വികസനം നേടിയെടുക്കാനുള്ള ആവശ്യഘടകങ്ങളെയാണ് ഇത് ലക്ഷ്യം വെയ്ക്കുന്നത്. വിവരസാങ്കേതികവിദ്യയും, മാധ്യമങ്ങളും ഉപയോഗിച്ച് സർക്കാരുമായും സർക്കാർ ഇതര സംഘടനകളുമായും സ്വകാര്യമേഖലകളുമായും അറിവ് പങ്കുവയ്ക്കാനുള്ള ഇടമാണ് വികാസ് പീഡിയ പോർട്ടൽ.

ആഗസ്റ്റ് മാസത്തെ വികാസ്പീഡിയ മലയാളം വാർത്താപത്രിക പുറത്തിറങ്ങി. www.vikaspedia.in എന്ന വെബ്സൈറ്റിൽ കൂടുതൽ വിവരങ്ങൾ ലഭിക്കും.

വികാസ്പീഡിയ മലയാളം പോർട്ടലിന്റെ ഉദ്ഘാടനം ഒക്ടോബർ 10-ാം തീയതി മാനന്തവാടിയിൽ ഫാക്ടറി ഉദ്ഘാടനത്തോടനുബന്ധിച്ച് നടക്കും. മലയാളപോർട്ടലിലേയ്ക്കുള്ള നിങ്ങളുടെ പേപ്പറുകൾ സ്വീകരിച്ചുതുടങ്ങി. കൃഷി, വിദ്യാഭ്യാസം, ആരോഗ്യം, ഊർജ്ജം, സാമൂഹികക്ഷേമം, ഇ-ഗവേണൻസ് എന്നീ വിഷയങ്ങളാണ് ഇപ്പോൾ വികാസ് പീഡിയ ചർച്ച ചെയ്യുന്നത്. വികാസ്പീഡിയ മലയാളം Facebook Account ഉം ഇപ്പോൾ Activated ആയി.

**സേവ് എ ഫാമിലി പ്രോഗ്രാം**

സേവ് എ ഫാമിലി പ്ലാൻ പ്രോഗ്രാമിലൂടെ 2014 ഓഗസ്റ്റ് മാസത്തിൽ നിരവധി പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചു. ആഗസ്റ്റ് മാസം

5–ാം തീയതി സേവ് എ ഫാമിലി പ്ലാൻ കൽപ്പറ്റ റീജിയണിലെ കുടുംബങ്ങൾക്കുവേണ്ടി കുടുംബകൃഷിയെ അടിസ്ഥാനമാക്കി ക്ലാസുകൾ സംഘടിപ്പിച്ചു. പ്രസ്തുത മീറ്റിംങ്ങിൽ അന്നമ്മ സെബാസ്റ്റ്യൻ (Field Officer, Organic) ക്ലാസ് നൽകി. ഡയറക്ടർ ഫാ. ജോൺ ചൂരപ്പുഴയിൽ ഉദ്ഘാടനം നിർവ്വഹിച്ചു. പുൽപ്പള്ളി, കൽപ്പറ്റ, മാനന്തവാടി റീജിയണിലെ വിവിധ സ്ഥലങ്ങളിൽ നിന്നും 20 പുതിയ കുടുംബങ്ങളെ കണ്ടുപിടിച്ച് സേവ് എ ഫാമിലി പ്രോഗ്രാമിലേക്ക് ഉൾപ്പെടുത്തുവാനുള്ള അപേക്ഷ എറണാകുളത്തേക്ക് നൽകി. പ്ലാനിംഗ് അനുസരിച്ച് 15 കുടുംബങ്ങൾക്ക് വരുമാനവർദ്ധക പരിപാടി തുടങ്ങുന്നതിനായി തുക വിതരണം ചെയ്തു. ഓരോ റീജിയണിലെ ആനിമേറ്റേഴ്സ് പ്ലാനിംഗ് അനുസരിച്ച് ദത്തുകുടുംബങ്ങൾ സന്ദർശിക്കുകയും വരുമാന വർദ്ധക പരിപാടികൾ കണ്ടു വിലയിരുത്തുകയും ചെയ്തു.

**തെങ്ങിന്റെ ചങ്ങാതികൂട്ടം (Friends of Coconut Tree)**

FCT യുടെ കഴിഞ്ഞ മാസത്തെ ട്രെയിനിങ്ങുകൾ വിജയകരമായി പൂർത്തിയാക്കി. സെപ്തംബർ മാസത്തിലെ ട്രെയിനിങ്ങുകൾ 22 മുതൽ 27 വരെയും 29 മുതൽ 4 വരെയും നടക്കും. താല്പര്യമുള്ളവർ WSSS ഓഫീസുമായി ബന്ധപ്പെടുക.

**വോഫ**

വോഫ മീറ്റിംഗ് 2014 ഓഗസ്റ്റ് മാസം 9–ാം തീയതി ബാംഗ്ലൂരിൽ വെച്ച് നടന്നു. "All India Fair Trade Producer's" വാർഷിക പൊതുയോഗത്തിൽ വോഫ കോഡിനേറ്റർ ശ്രീ. വിനീഷ് വണ്ടന്നൂർ പങ്കെടുത്തു.

വോഫയുടെ ബൈലോ ഭേദഗതി ചെയ്യുന്നതിനായി ജനറൽ അസംബ്ലി മെമ്പർമാരെ വിളിച്ചു ചേർക്കുകയും ആയതിനാവശ്യമായ ക്രമീകരണം നടത്തുകയും ചെയ്തു. വോഫയിലൂടെ സംഭരിച്ച ഫെയർട്രേഡ് ഉത്പന്നങ്ങളുടെ വിശദാംശങ്ങൾ Flocert ജർമ്മനിയിലേക്ക് അയച്ചു.

**മാർക്കറ്റിംഗ് വിഭാഗം**

കർഷകരിൽ നിന്നും ജൈവ ഫെയർട്രേഡ് ഉത്പന്നങ്ങൾ സംഭരിക്കുകയും വിപണനം ചെയ്യുകയും ചെയ്യുന്ന വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ മാർക്കറ്റിംഗ് വിഭാഗം, 2014 ആഗസ്റ്റ് മാസത്തിൽ കാപ്പി, കുരുമുളക്, ഏലം, ഗ്രാമ്പു, കറുകപ്പട്ട, മഞ്ഞൾ എന്നീ ഉത്പന്നങ്ങൾ സംഭരിക്കുകയും 1,75,40,811 രൂപയുടെ വിപണനം നടത്തുകയും ചെയ്തു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ** – WSSS ഡയറക്ടർ

# കേരള ലേബർ മൂവ്മെന്റ് (KLM)

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചുവരുന്ന സർക്കാരിതര സാമൂഹിക സന്നദ്ധ സംഘടനയാണ് കേരള ലേബർ മൂവ്മെന്റ്. കേരള ലേബർ മൂവ്മെന്റ് മാനന്തവാടി ഘടകത്തിന്റെ പ്രവർത്തനങ്ങളെല്ലാം വളരെ ഭംഗിയായി പോകുന്നു.

**നന്ദിയോടെ**

KLM നുവേണ്ട പ്രവർത്തനദിശകൾ നൽകിയ കോ-ഓർഡിനേറ്റർ ശ്രീ. ലിബിൻ വി.എസ്. തൽസ്ഥാനത്തുനിന്നും വിരമിച്ചു. നാളിതുവരെ ലിബിൻ നൽകിയ എല്ലാ സംഭാവനകൾക്കും നന്ദി പറയുന്നു. പുതിയ പ്രവർത്തനതലത്തിൽ എല്ലാവിധ ഭാവുകങ്ങളും നേരുന്നു. KLM ന്റെ പുതിയ കോ-ഓർഡിനേറ്റർ സ്ഥാനത്തേക്കുവന്ന ശ്രീ. റ്റോബി സെബാസ്റ്റ്യന് എല്ലാവിധ പ്രവർത്തനവിജയങ്ങളും ആശംസിക്കുന്നു.

**സുരക്ഷ ക്ലിനിക്ക്**

10-8-14 നു ശ്രീമതി ആലീസ് സിസിൽ കുറുമ്പാലകോട്ടയും 19-8-14 ന് ശ്രീ. റ്റോബി സെബാസ്റ്റ്യൻ ചെറൂരും സുരക്ഷ ക്ലിനിക്കുകൾ നടത്തി. 17 പുതിയ അംഗങ്ങൾ കൂടി സുരക്ഷയിൽ അംഗത്വം എടുത്തു.

ഓഗസ്റ്റ് മാസം കണ്ണൂർ ജില്ലാ നിർമ്മാണ തൊഴിലാളി ക്ഷേമ നിധി ഓഫീസിൽ 9 പുതിയ അംഗങ്ങളെ ചേർത്തു.

**തൊഴിൽ പ്രേഷിതത്വ പരിശീലനം**

രൂപതാ വൈദീകർക്ക് വേണ്ടി ആഗസ്റ്റ് 26, 27, 28 തീയതികളിൽ ചങ്ങനാശേരിയിൽ വെച്ച് നടത്തിയ തൊഴിൽ പ്രേഷിതത്വ പരിശീലന ക്യാമ്പിൽ ഫാ. ടോമി പുത്തൻപുരയിൽ, ഫാ. ബിജു തുരുത്തേൽ, ഫാ.റോബിൻ പടിഞ്ഞാറയിൽ, ഫാ. സെബിൻ ഐക്കരത്താഴത്ത്, ഫാ.ബിജോ കറുകപ്പള്ളി എന്നിവർ പങ്കെടുത്തു.

**പ്രത്യേക അറിയിപ്പ്**

കേരള ലേബർ മൂവ്മെന്റിന്റെ ശാക്തീകരണം മുന്നിൽ കണ്ടുകൊണ്ട് അസംഘടിത മേഖലയിലെ കൂടുതൽ തൊഴിലാളികളെ സുരക്ഷ പോളിസിയിലും ക്ഷേമനിധി പദ്ധതിയിലും അംഗങ്ങളാക്കുവാനായി പ്രാദേശിക തലത്തിൽ ബോധവത്ക്കരണ സെമിനാറുകൾ സംഘടിപ്പിക്കുന്നുണ്ട്. ഇതിൽ പരമാവധി തൊഴിലാളികളെ പങ്കെടുപ്പിക്കുവാൻ ഇടവക വികാരിയച്ചൻമാരും സന്യസ്തരും സംഘടനാ നേതൃനിരയും പ്രത്യേകം ശ്രദ്ധ ചെലുത്തുമല്ലോ. കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടുക.

ഫോൺ: 04935-240314, 944726435, 9562766224

**ഫാ. ബിജോ കറുകപ്പള്ളി** - ഡയറക്ടർ, KLM

## *റേഡിയോ മാറ്റൊലി* 90.4 mhz

**'നോ ടുബാക്കോ' കാമ്പയിൻ**

മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന 'നോ ടുബാക്കോ' പദ്ധതിയുടെ ഭാഗമായി പ്രാഥമിക ആലോചനാ യോഗം റേഡിയോ മാറ്റൊലിയിൽ വെച്ച് ആഗസ്റ്റ് 19-ാം തീയതി നടന്നു. സ്റ്റേഷൻ ഡയറക്ടർ, മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ എന്നിവർ യോഗത്തിൽ സംബന്ധിച്ചു. നോ ടുബാക്കോ കാമ്പയിന്റെ മാധ്യമ പങ്കാളിയാണ് റേഡിയോ മാറ്റൊലി.

**ഓണാഘോഷം 2014**

റേഡിയോ മാറ്റൊലിയുടെ ഓണാഘോഷം സെപ്തംബർ 6-ാം തീയതി ദ്വാരക സേക്രട്ട് ഹാർട്ട് ഹയർസെക്കണ്ടറി സ്കൂളിൽ വെച്ച് നടന്നു. മാനേജ്മെന്റ് കമ്മിറ്റി ചെയർമാൻ മോൺ മാത്യു മാടപ്പള്ളിക്കുന്നേൽ, എടവക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എച്ച്. ബി. പ്രദീപ് മാസ്റ്റർ, വാർഡ് മെമ്പർ മമ്മൂട്ടി എന്നിവർ ഓണാശംസകൾ നേർന്നു. മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങൾ, എക്സ്പേർട്ട് വോളണ്ടിയേഴ്സ്, സ്റ്റുഡന്റ് വോളണ്ടിയേഴ്സ്, സ്റ്റാഫംഗങ്ങൾ എന്നിവർ ഓണാഘോഷത്തിൽ പങ്കെടുത്തു.

**ആദരാഞ്ജലികൾ**

മാനേജ്മെന്റ് കമ്മിറ്റി അംഗവും എക്സ്പേർട്ട് വോളണ്ടിയറുമായ ശ്രീ. പി.കെ.കെ. നായരുടെ നിര്യാണത്തിൽ സ്റ്റേഷൻ ഡയറക്ടർ അനുശോചനം രേഖപ്പെടുത്തുകയും സ്റ്റാഫംഗങ്ങൾ മൗനപ്രാർത്ഥന നടത്തുകയും ചെയ്തു.

**പാനൽ ചർച്ചകൾ**

'സേവ് കേരള'യും ലാബ് പരിശോധനയും എന്ന വിഷയത്തെ അടിസ്ഥാനമാക്കി പാനൽ ചർച്ച നടത്തി. പുല്പള്ളി പഴശ്ശിരാജാ കോളേജിലെ അദ്ധ്യാപകൻ ശ്രീ. പി. സി. മാത്യു മോഡറേറ്ററായിരുന്നു. ഇന്ത്യൻ ദന്തൽ അസ്സോസിയേഷൻ പ്രസിഡന്റ് ഡോ. ഫ്രൻസ് ജോസ്,

കേരള പ്രൈവറ്റ് മെഡിക്കൽ ടെക്നീഷ്യൻസ് അസ്സോസിയേഷൻ പ്രസിഡന്റ് ശ്രീമതി ലൂസി സുരേന്ദ്രൻ, വയനാട് മെഡിക്കൽ ലബോറട്ടറി ഉടമ ശ്രീ. ജോസഫ് വി.ജെ. എന്നിവർ പങ്കെടുത്തു.

സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധിയും ട്രഷറി നിയന്ത്രണവും എന്ന വിഷയത്തെ അടിസ്ഥാനമാക്കി പാനൽ ചർച്ച നടത്തി. മംഗലശ്ശേരി മാധവൻ മാസ്റ്റർ മോഡറേറ്ററായിരുന്നു. കബനിഗിരി ഹൈസ്കൂൾ റിട്ട. ഹെഡ്മാസ്റ്റർ ശ്രീ. വി. എസ്. ചാക്കോ, കല്ലോടി ഹയർ സെക്കണ്ടറി സ്കൂൾ റിട്ട. പ്രിൻസിപ്പാൾ ശ്രീ. കെ. എ. ആന്റണി, ദ്വാരക എ.യു. പി. സ്കൂൾ അദ്ധ്യാപകനായ ശ്രീ. വർക്കി നിരപ്പേൽ എന്നിവർ പങ്കെടുത്തു.

**ഫാ. ജോസ് കാവുങ്കൽ**
അസി. ഡയറക്ടർ

## MARY MATHA ARTS & SCIENCE COLLEGE

**Tidings since 1 September 2014**

The College community celebrated Onam with traditional gaiety on 4 and 5 September 2014.Various competitions such as arm wrestling, passing the ball and tug of war were held with the active participation of the staff and students. Department-wise competitions in floral decoration and 'onappattu' were also held. On 5 September, as part of the Teachers Day celebration, the students honoured the teachers in a gathering. Rev. Fr. Manager, Principal and student representatives spoke on the occasion. Payasam was served to everyone and the College closed for Onam holidays.

College Table Tennis (TT) teams, both men and women, won the Kannur University Inter Collegiate Championship, 2014-15. Four of the team members, Mr. Denil Tom Paul, Mr. Albin Baby, Ms. Jasmin Sunny and Ms Dency Dev, were selected to the University TT team. In Chess Championship held at St Joseph's College Pilathara, the college team secured the fifth position in the University.

Ms Preetha J Priyadarsini, noted writer, inaugurated the activities of the National Service Scheme for the year 2014-15 and released the Manuscript Magazine, Spandanam, prepared by the NSS volunteers on 30 August 2014, in a meeting presided over by the Principal. The volunteers organised a nature study trip to the Chembra Peak on 20 September 2014. Mr Thomas Kallarackal offered a speech- training programme to the first and second year (UG), NSS volunteers on 30 September 2014.

In addition to the proposal for a Multipurpose Gymnasium, mentioned in the last Bulletin, the College submitted a proposal for Rs. 1.5 crores to the University Grants Commission for the development of UG and PG programmes. In the proposal, a sum of Rs 75 lakhs has been requested for the construction of a new Library Block.

**Dr. Saban Kurumthottam V**
Principal

# CEADOM വിദ്യാഭ്യാസ മേഖല

**അഭിനന്ദനങ്ങൾ, പ്രാർത്ഥനകൾ**

തലശ്ശേരി അതിരൂപതയുടെ നിയുക്ത ആർച്ച് ബിഷപ്പ് മാർ. ജോർജ്ജ് ഞരളക്കാട്ട് പിതാവിന് CEADOM Family യുടെ പേരിൽ പ്രത്യേക പ്രാർത്ഥനകളും, എല്ലാവിധ ആശംസകളും നേരുന്നു.

കല്ലോടി സെന്റ് ജോസഫ്.യു.പി.സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ.ജോർജ്ജ് എൻ.വി. യ്ക്ക് സംസ്ഥാനത്ത് ഏറ്റവും നല്ല അദ്ധ്യാപകനുളള സംസ്ഥാന സർക്കാറിന്റെ അവാർഡ് ലഭിച്ചു. സാറിന്റെ ആത്മാർതമായ എല്ലാ പ്രവർത്തനങ്ങൾക്കും, സേവനങ്ങൾക്കും നന്ദിയും CEADOM Family യുടെ പേരിൽ പ്രാർത്ഥനാശംസകളും അഭിനന്ദനങ്ങളും നേരുന്നു.

**പ്രത്യേക ശ്രദ്ധയ്ക്ക്**

പൂൾ ലിസ്റ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് 2014 ആഗസ്റ്റ് മാസത്തിലെ രൂപതാ ബുള്ളറ്റിനിൽ 93-ാം മത്തെ പേജിൽ "മാനന്തവാടി രൂപതാംഗങ്ങളായ അപേക്ഷകർ വിശ്വാസ പരിശീലനത്തിൽ 12-ാം ക്ലാസ്സ് പാസ്സായവരായിരിക്കണം. എന്നാൽ 1999-2000 അധ്യയന വർഷത്തിലോ അതിനു മുമ്പോ വിശ്വാസ പരിശീലനത്തിൽ 10-ാം ക്ലാസ്സ് ഡിപ്ലോമ പാസ്സായവരാണെങ്കിൽ വികാരിയച്ചന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ 12-ാം ക്ലാസ്സ് പാസ്സാകാത്തവരും പരിഗണിക്കപ്പെടുന്നതാണ്." എന്ന നിബന്ധനയ്ക്ക് ചില പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ട് രൂപതാ എഡ്യൂക്കേഷണൽ ബോർഡ് ഒരു മാറ്റം വരുത്തുകയാണ് .

മാനന്തവാടി രൂപതാംഗങ്ങളായ അപേക്ഷകർ വിശ്വാസപരിശീലനത്തിൽ 12-ാം ക്ലാസ്സ് പാസ്സായവരായിരിക്കണം എന്ന നിബന്ധന നിലനിൽക്കുന്നു. എന്നാൽ 2004-2005 അധ്യയന വർഷത്തിലോ അതിനു മുമ്പോ വിശ്വാസ പരിശീലനത്തിൽ 10-ാം ക്ലാസ്സ് ഡിപ്ലോമ പാസ്സായവരാണെങ്കിൽ വികാരിയച്ചന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇങ്ങനെ അപേക്ഷ സമർപ്പി

ക്കുന്നവർ, തിരഞ്ഞെടുപ്പിന്റെ മറ്റ് ഘട്ടങ്ങൾ പൂർത്തിയാക്കി പൂൾ ലിസ്റ്റിൽ സ്ഥാനം ലഭിച്ചാലും, നിയമനത്തിന് മുമ്പ് രൂപതാ മതബോധന കേന്ദ്രം നടത്തുന്ന പ്രത്യേക +2 (plus two) തത്തുല്യ പരീക്ഷ വിജയിച്ച് സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ നിയമനത്തിന് പരിഗണിക്കപ്പെടുകയുള്ളൂ.

## ഹയർസെക്കന്ററി സ്കൂളുകൾ അദ്ധ്യാപക ഇന്റർവ്യൂ

മാനന്തവാടി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ എജൻസിയുടെ കീഴിൽ പ്രവർത്തിക്കുന്ന മണിമൂളി ക്രൈസ്റ്റ് കിംഗ് ഹൈസ്ക്കൂൾ, കണിയാരം ഫാ.ജി.കെ.എം.എച്ച്.എസ്, എന്നീ സ്കൂളുകൾ GO (MS) No. 143/2014/G.Edn.dtd 31/07/2014 ഓർഡർ പ്രകാരം ഹയർ സെക്കന്ററിയായി ഉയർത്തുകയും നടവയൽ സെന്റ് തോമസ് ഹയർ സെക്കന്ററിയിൽ പുതിയ ഒരു ബാച്ച് കൂടി അനുവദിച്ച് കിട്ടിയതിനോടനുബന്ധിച്ച് വിവിധ വിഷയത്തിൽ ഗസ്റ്റ് അദ്ധ്യാപക തസ്തികയിലേയ്ക്ക് അപേക്ഷ നൽകിയിരുന്നവരുടെ സർട്ടിഫിക്കേറ്റ് വേരിഫിക്കേഷനും, കൂടിക്കാഴ്ചയും 2014 ആഗസ്റ്റ് 30 നു 09. 30 am മുതൽ 05. 30 pm വരെ, മാനന്തവാടി ദ്വാരകയിലുള്ള കോർപ്പറേറ്റ് ഓഫീസിൽ വച്ച് നടത്തപ്പെട്ടു. ഇതിനായി സഹകരിച്ച രൂപത എഡ്യൂക്കേഷണൽ ബോർഡ് അംഗങ്ങൾക്കും, പ്രസ്തുത ഇടവകകളിലെ വികാരിയച്ചൻമാർക്കും, ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൾമാർക്കും, അദ്ധ്യാപകർക്കും, ഇന്റർവ്യൂവിൽ പങ്കെടുത്ത എല്ലാ അപേക്ഷാർത്ഥികൾക്കും CEADOM Family യുടെ പേരിൽ നന്ദിയർപ്പിക്കുന്നു.

## ആദരാഞ്ജലികൾ

നമ്മുടെ പയ്യംമ്പള്ളി സെന്റ് കാതറൈൻസ് ഹയർസെക്കന്ററി സ്ക്കൂൾ Plus One വിദ്യാർത്ഥി ജോബിൻ ജോർജ്ജ് തറപ്പേൽ (പയ്യംമ്പള്ളി) ഒരു അപകടത്തിൽ നമ്മിൽ നിന്നും വേർപിരിഞ്ഞ ദുഃഖവാർത്ത നാമെല്ലാവരും അറിഞ്ഞതാണ്. ജോബിൻ ജോർജ്ജിന്റെ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ നമുക്കും പങ്കുചേരാം ജോബിൻ ജോർജ്ജിന്റെ പാവന സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും, ആത്മമാവിന് നിത്യശാന്തി ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യാം.

## സ്കൂളുകളുടെ പ്രവർത്തന റിപ്പോർട്ട്

1. സെന്റ് മേരീസ് യു.പി.സ്കൂൾ, തരിയോട്:- ലഹരി വിരുദ്ധ വർഷാചരണത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾ കാവുംമന്ദം ടൗണിൽ

ലഹരിവിരുദ്ധ റാലി നടത്തി. വാർഡ് മെമ്പർ എം.എ.ജോസഫ് ഉദ്ഘാടനം ചെയ്തു. ലഹരി വിരുദ്ധ വർഷാചരണത്തിന്റെ ഭാഗമായി നടത്തിയ പ്ലക്കാർഡ്, പോസ്റ്റർ രചനാ മത്സരങ്ങളിൽ വിജയികളായവർക്ക് ഹെഡ്മാസ്റ്റർ ശ്രീ. ബെന്നി ആന്റണി സമ്മാനദാനം നിർവ്വഹിച്ചു.

2.ഫാ.ജി.കെ.എം.എച്ച്.എസ് കണിയാരം:- ദേശീയ കായിക ദിനവും, ധ്യാൻ ചന്ദ് അനുസ്മരണവും വിവിധ പരിപാടികളോടെ ആഘോഷിച്ചു. 29-08-2014 വെള്ളിയാഴ്ച 12.00 pm ന് മാനന്തവാടി ടൗണിലൂടെ നടത്തിയ കൂട്ടയോട്ടത്തിന് ട്രാഫിക്ക് എസ്.ഐ. പരമേശ്വരൻ ഫ്ളാഗ് ഓഫ് കർമ്മം നിർവ്വഹിച്ചു. തുടർന്ന് ധ്യാൻ ചന്ദ് അനുസ്മരണ ഗാനാലാപവും, ചിത്രപ്രദർശനവും, പ്രഭാഷണവും നടത്തുകയും, സ്കൂൾ മാനേജർ റവ. ഫാ. ജോർജ്ജ് മൈലാടൂർ, ഹെഡ്മിസ്ട്രസ്, തുടങ്ങിയവർ പ്രസംഗിച്ചു.

കോർപ്പറേറ്റ് മാനേജർ
**ഫാ. ജോൺ പൊൻപാറയ്ക്കൽ**

# അറിയിപ്പുകൾ



**KUWAIT MALAYALEE CATHOLIC ASSOCIATION SILVER JUBILEE TRUST**

**വിദ്യാഭ്യാസ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു**

കെ.എം.സി.എ. സിൽവർ ജൂബിലി ട്രസ്റ്റിന്റെ 16-ാം വർഷത്തിലേക്കു കടന്നിരിക്കുന്ന ഈ വർഷത്തെ ഞങ്ങളുടെ സ്കോളർഷിപ്പ് പദ്ധതിയിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നതായി അറിയിക്കുന്നതിന് സന്തോഷമുണ്ട്. ഈ 16-ാം വർഷവും, പഠനത്തിൽ മികവുള്ളവരും, സാമ്പത്തികമായി മുന്നോക്കമല്ലാത്തവരുമായ കത്തോലിക്കരായ 250 വിദ്യാർത്ഥികൾക്ക് 5000 രൂപാ വീതം സ്കോളർഷിപ്പ് നൽകുന്നതാണ്. അപേക്ഷകർ ഏറ്റവും കുറഞ്ഞത് താഴെപ്പറയുംപ്രകാരം വിജയം നേടിയവരായിരിക്കണം.

SSLC - 8 A+, CBSE - Grade Point 9.5, ICSE-Percentage 90

അപേക്ഷകർ നിർദ്ദിഷ്ട ഫോറത്തിൽ (ഫോട്ടോകോപ്പി മതിയാകും) എല്ലാ വിവരങ്ങളും രേഖപ്പെടുത്തി, മാർക്ക് ലിസ്റ്റിന്റെ കോപ്പി, സാമ്പത്തിക സ്ഥിതിയെക്കുറിച്ച് വികാരിയച്ചന്റെ സാക്ഷ്യപത്രം എന്നിവയോടുകൂടി താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ സാധാരണ പോസ്റ്റിൽ നവംബർ 20 നു മുൻപായി അയയ്ക്കേണ്ടതാണ്. അയയ്ക്കേണ്ട വിലാസം:

K.T. Thomas Karippaparambil, D.T. Road, Kanjirapally - 686507

NB:- Acknowledgment ആവശ്യമുള്ളവർ Self Addressed Post Card കൂടി അപേക്ഷക്കൊപ്പം അയക്കണം.,

അപേക്ഷാഫോമുകൾക്ക് thomkarippa@gmail.com എന്ന ഇമെയിലിൽ ആവശ്യപ്പെടുകയോ നേരിട്ട് ഭാരവാഹികളാർക്കെങ്കിലും Self addressed/stamped കവർ അയക്കുകയോ ചെയ്താൽ ലഭിക്കുന്നതായിരിക്കും.

സ്നേഹപൂർവ്വം, K.T. Thomas (president)
Karippaparambil, D.T. Road, Kanjirapally - 686507
Ph: 04828-203724, Mob: 9847151658, Email: thomkarippa@gmail.com

# Pastoral Centre Programme




**October 2014**

| | | |
|---|---|---|
| 1-31 | - | Postulants Course |
| 2 | - | Bible Class |
| 3 | - | Lahari Vimuktha Varsham |
| | | Kallody Mehala Convention |
| 5 | - | Catechism Kallody Meghala Teachers Convention |
| 10-12 | - | DYM - Training |
| 10-13 | - | MPC |
| 14 | - | CMA Executive |
| 19-23 | - | Zion CRC Retreat |
| 21 | - | Marian Singles |
| 26-29 | - | MPC |

**Fr. Mathew Periappuram**
Director, Pastoral Centre

# Bishop's Programme



***October 2014***

| | | |
|---|---|---|
| *1* | *Wed 9 Thu ........* | *Out of Station* |
| *10* | *Fri ...................* | *Inaguration and Blessing of Biowin Factory* |
| *11* | *Sat ...................* | *Nadavayal: Jubilee of CMC Sisters* |
| *12* | *Sun ...................* | *Pastoral Visit: Paralikunnu* |
| *13* | *Mon ................* | *Kartikulam: Divine Providence Seminary* |
| | | *Bishop's House:Deacons & Parents Meet* |
| *14* | *Tue ...................* | *Out of Station* |
| *15* | *Wed ...................* | *Visitors' Day* |
| *16* | *Thu 18 Sat .......* | *Bangalore: CBCI Labour Commission Meeting* |
| *19* | *Sun ...................* | *Bangalore: Blessing of Church at Lingarajapuram* |
| *20* | *Mon .................* | *Engaged* |
| *21* | *Tue ....................* | *Bathery: Blessing of the School Building* |
| | *...................* | *Postulants' Class* |
| *22* | *Wed ...................* | *Mahé* |
| *23* | *Thu 24 Fri ........* | *Out of Station* |

| | |
|---|---|
| *25 Sat ....................* | *Engaged* |
| *26 Sun ...................* | *Erimanthur: Blessing of Chapel* |
| *28 Tue Afternoon ...* | *Amarakunni : Blessing of the Foundation Stone of the new church* |
| *29 Wed ..................* | *Visitors' Day* |
| *30 Thu ...................* | *Tellichery: Installation Ceremony of Mar George Njaralakkatt* |

***November 2014***

| | |
|---|---|
| *1 Sat ...................* | *Thrikkaipetta* |
| *2 Sun ...................* | *Minor Seminary: Benefactors' Day* |
| *3 Mon 6 Thu .......* | *Out of Station* |
| *10 Mon .................* | *Visitors' Day* |
| *14 Fri .................* | *Out of Station* |
| *15 Sat 16 Sun .......* | *Ambayathode: Pastoral Visit* |
| *17 Mon ................* | *Minor Seminary: Home Day* |
| *18 Tue 20 Thu .......* | *Palai* |
| *21 Fri ....................* | *Out of Station* |
| *22 Sat ..................* | *Kammana:Anniversary of AA Meeting* |
| *23 Sun ..................* | *Holy Mass: Edayoorkunnu* |
| *24 Mon ..................* | *Out of Station* |
| *Evening.......* | *Cheriamkolly-Seminary Mela* |
| *25 Tue ..................* | *Machikolly: Blessing of Church* |
| *27 Thu Morning...* | *Palemad: Ordination of Deacon Jojo Manimala OFM Cap.* |
| *Evening...* | *Manimooly: Jubilee of the School* |
| *28 Fri .....................* | *Out of Station* |